# മാനന്തവാടി രൂപത ബുള്ളറ്റിൻ

RNI Reg. No. KERMAL/2010/32222
Registered KL/TLY/01/22-24

Vol. 14 / Issue 09
September 2023

"For their sake I consecrate myself , that they also may be consecrated in truth" (John 17:19)



# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**“ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും” (യാക്കോബ് 4:8)**

**Printed, Published and Edited by
Fr. Thankachan alias Joseph Paruvummel, Published from Bishop’s House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady
Printed at St. Joseph’s Offset Press, Mananthavady 670645**

വാല്യം 14    സെപ്റ്റംബർ 2023    ലക്കം 9

ഒറ്റപ്രതി 10 രൂപ    വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


| | |
|---|---|
| പൗരോഹിത്യ ആദ്ധ്യാത്മികത............................................... | 6 |
| രൂപതാ കച്ചേരി വാർത്തകൾ................................................... | 13 |
| മതബോധനരംഗം ........................................................ | 24 |
| ചെറുപുഷ്പ മിഷൻലീഗ്......................................................... | 27 |
| Department of Youth Ministry ......................................... | 33 |
| കെ.സി.വൈ.എം.............................................................. | 36 |
| കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി.................................... | 43 |
| കുടുംബപ്രേഷിതത്വം................................................................. | 48 |
| സീയോൻ വാർത്ത........................................................................ | 57 |
| വിൻസെന്റ് ഡി പോൾ സൊസൈറ്റി.................................... | 58 |
| സാമൂഹ്യ സേവനരംഗം (WSSS)........................................... | 60 |
| സെന്റ് ജോസഫ് മിഷൻ ഹോസ്പിറ്റൽ ............................. | 63 |
| ജീവസ് & കെ.എൽ.എം ………….......................................... | 64 |
| നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി................................ | 67 |
| ബയോവിൻ അഗ്രോ റിസർച്ച്................................................... | 71 |
| റേഡിയോ മാറ്റൊലി ................................................................. | 73 |
| കത്തോലിക്കാ കോൺഗ്രസ്.................................................... | 75 |
| Mary Matha Arts & Science College............................... | 79 |
| കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി ................................... | 82 |
| ബിഷപ്സ് പ്രോഗ്രാം .............................................................. | 90 |

## ബഹു. മാത്യു പ്ലാത്തോട്ടത്തിൽ അച്ചന് ആദരാഞ്ജലികൾ



ബഹുമാനപ്പെട്ട മാത്യു പ്ലാത്തോട്ടത്തിലച്ചൻ 2023 ജൂലൈ 31ന് നിര്യാതനായി. 1967 ൽ തലശ്ശേരി അതിരൂപതക്ക് വേണ്ടി തിരുപ്പട്ടം സ്വീകരിച്ച ബഹുമാനപ്പെട്ട മാത്യു പ്ലാത്തോട്ടത്തിലച്ചൻ മാനന്തവാടി രൂപത സ്ഥാപിതമായപ്പോൾ രൂപതയുടെ ഭാഗമാവുകയും രൂപതയുടെ സോഷ്യൽ സർവ്വീസ് സെന്ററിന്റെ ഡയറക്ടർ, കല്ലുവയൽ, നിലമ്പൂർ, വാഴവറ്റ, മരകാവ് ഇടവകകളിൽ വികാരിയായി ശുശ്രൂഷ ചെയ്യുകയും ചെയ്തു. തുടർന്ന് 1992ൽ അമേരിക്കയിലെ ഫീനിക്സ് രൂപതയിൽ ചേർന്ന് ശുശ്രൂഷാ ജീവിതം നയിച്ചു. ശുശ്രൂഷാജീവിതത്തിൽ നിന്ന് വിരമിച്ച അച്ചൻ ഏതാനും വർഷങ്ങൾ മാനന്തവാടി രൂപതയുടെ പ്രീസ്റ്റ് ഹോമിൽ താമസിച്ച ശേഷം തന്റെ മാതൃരൂപതയായ താമരശ്ശേരിയിലെ പ്രീസ്റ്റ് ഹോമിൽ വിശ്രമജീവിതം നയിക്കുകയായിരുന്നു.

പ്ലാത്തോട്ടത്തിൽ ബഹുമാനപ്പെട്ട മാത്യു അച്ചന്റെ പാവന സ്മരണയ്ക്കുമുമ്പിൽ മാനന്തവാടി രൂപതാ കുടുംബം നിറമിഴികളോടെ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

## പൗരോഹിത്യ ആദ്ധ്യാത്മികത: വചനവിചിന്തനങ്ങൾ
## സുവിശേഷം: യഥാർത്ഥജ്ഞാനം
## (തിരുവചനഭാഗം: 1 കോറിന്തോസ് 2,1–16)

**മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ**

മിശിഹായുടെ സുവിശേഷമാണ് യഥാർത്ഥ ജ്ഞാനമെന്ന് ഈ അദ്ധ്യായത്തിൽ പൗലോസ്ശ്ലീഹാ വ്യക്തമാക്കുന്നു. ഈ തിരുവചനഭാഗം താഴെക്കാണുംവിധം വിഭജിക്കാം:

1. ക്രൂശിതനെക്കുറിച്ചുള്ള സന്ദേശം (2,1–2)
2. ആത്മാവിന്റെയും ശക്തിയുടെയും വെളിപ്പെടുത്തൽ (2,3–5)
3. സുവിശേഷം മാനുഷികവിജ്ഞാനമല്ല (2,6–9)
4. സുവിശേഷപ്രബോധകൻ: ദൈവാത്മാവ് (2,10–13)
5. ആത്മാവു നല്കുന്ന വിവേചനം (2,14–16)

ഈ വചനഭാഗം അജപാലകർക്കു നല്കുന്ന സന്ദേശങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കാം.

### 1. ക്രൂശിതനെക്കുറിച്ചുള്ള സന്ദേശം

''സഹോദരരേ, ഞാൻ നിങ്ങളുടെ അടുക്കൽ വന്നപ്പോൾ ദൈവത്തെപ്പറ്റി സാക്ഷ്യപ്പെടുത്തിയത് വാഗ്വിലാസത്താലോ വിജ്ഞാനത്താലോ അല്ല. നിങ്ങളുടെയിടയിലായിരുന്നപ്പോൾ ഈശോ മിശിഹായെക്കുറിച്ചല്ലാതെ, അതും ക്രൂശിതനായവനെക്കുറിച്ചല്ലാതെ, മറ്റൊന്നിനെക്കുറിച്ചും അറിയേണ്ടതില്ലെന്നു ഞാൻ തീരുമാനിച്ചു'' (2,1–2).

പൗലോസ് കോറിന്തോസിലായിരുന്നപ്പോൾ സാക്ഷ്യം നല്കിയത് ക്രൂശിതനായ ഈശോമിശിഹായെക്കുറിച്ചുമാത്രമാണ്. 'ക്രൂശിതനായ' എന്ന വർത്തമാനകാല പ്രയോഗമാണ് ഇവിടെ കാണുന്നത്. അതു പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണ്. ഈശോ ഇപ്പോഴും ക്രൂശിക്കപ്പെട്ടവനാണ്. ക്രൂശിക്കപ്പെട്ടവന്റെ മുറിവുകൾ അവന്റെ മഹത്ത്വത്തിന്റെ പതാകയാണ്. കുരിശുമരണം മനുഷ്യരക്ഷയ്ക്കായുള്ള ദൈവത്തിന്റെപദ്ധതിയായിരുന്നു (ശ്ലീഹ 2, 23). മനുഷ്യന്റെ പാപവും ദൈവനിഷേധവും ഈശോയുടെ

കുരിശിലെ ബലിയർപ്പണം ആവശ്യമാക്കിത്തീർത്തു (റോമാ 5,14). മനുഷ്യവർഗ്ഗത്തിന്റെ പാപപരിഹാരാർത്ഥമുള്ള മിശിഹായുടെ മരണത്തെക്കുറിച്ചുള്ള സന്ദേശമാണ് പൗലോസ്ശ്ലീഹായുടെ ദൈവശാസ്ത്രത്തിന്റെ കേന്ദ്രം.

സഹിക്കുകയും ശപിക്കപ്പെട്ടവനെപ്പോലെ വധിക്കപ്പെടുകയും ചെയ്യപ്പെടുന്ന 'ദൈവത്തിന്റെ അഭിഷിക്തൻ' യഹൂദർക്ക് ഉൾക്കൊള്ളാൻ കഴിയുന്ന ഒന്നായിരുന്നില്ല. മിശിഹാ ഏവർക്കുംവേണ്ടി ക്രൂശിക്കപ്പെട്ടു എന്നത് ദൈവത്തിന്റെ രഹസ്യമാണ്. മനുഷ്യബുദ്ധിക്ക് അജ്ഞാതവും അഗ്രാഹ്യവുമായ സത്യമാണ്. കൊളോസോസുകാർക്കെഴുതിയ ലേഖനത്തിൽ ശ്ലീഹാ ഇതു വ്യക്തമായി പറയുന്നുണ്ട്: ''യുഗങ്ങളുടെയും തലമുറകളുടെയും ആരംഭംമുതൽ മറച്ചുവയ്ക്കപ്പെട്ടിരുന്ന ഈ രഹസ്യവും ഇപ്പോൾ അവിടന്നു തന്റെ വിശുദ്ധർക്കു വെളിപ്പെടുത്തിയിരിക്കുന്നു. ഈ രഹസ്യത്തിന്റെ മഹത്ത്വം വിജാതീയരുടെയിടയിൽ എത്ര ശ്രേഷ്ഠമാണെന്നു വിശുദ്ധർക്കു വ്യക്തമാക്കിക്കൊടുക്കുവാൻ അവിടന്നു തീരുമാനിച്ചു. ഈ രഹസ്യമാകട്ടെ മഹത്ത്വത്തെക്കുറിച്ചുള്ള പ്രത്യാശയായ മിശിഹാ നിങ്ങളിലുണ്ട് എന്നതുതന്നെ'' (കൊളോ 1,26-27). ഉത്ഥിതനായ മിശിഹാ തോമാശ്ലീഹായെ ക്ഷണിക്കുന്നത് തന്റെ കൈകൾ കാണാനും കൈനീട്ടി തന്റെ പാർശ്വത്തിൽ വയ്ക്കാനുമാണ് (യോഹ 20,27). അതുകൊണ്ട് ക്രൂശിതനെക്കുറിച്ചുള്ള സന്ദേശം സുവിശേഷപ്രഘോഷണത്തിന്റെ അടിസ്ഥാനസ്വഭാവമാണ്. ഈ വസ്തുത അജപാലകരും അജഗണങ്ങളും ഒരിക്കലും വിസ്മരിക്കരുത്.

### 2. ആത്മാവിന്റെയും ശക്തിയുടെയും വെളിപ്പെടുത്തൽ

''നിങ്ങളുടെ മുമ്പിൽ ഞാൻ ദുർബലനും ഭയചകിതനുമായിരുന്നു. എന്റെ വചനവും പ്രസംഗവും വിജ്ഞാനംകൊണ്ട് വശീകരിക്കുന്നതായിരുന്നില്ല. പ്രത്യുത, ആത്മാവിന്റെയും ശക്തിയുടെയും വെളിപ്പെടുത്തലായിരുന്നു. നിങ്ങളുടെ വിശ്വാസത്തിന്റെ അടിസ്ഥാനം മാനുഷികവിജ്ഞാനമാകാതെ, ദൈവശക്തിയാകാനായിരുന്നു അത്'' (2,3-5).

കോറിന്തോസുകാരോടു സുവിശേഷം പ്രഘോഷിച്ചപ്പോൾ താൻ ദുർബലനും ഭയചകിതനുമായിരുന്നു എന്ന് പൗലോസ് ശ്ലീഹാ

ഓർമ്മിക്കുന്നു. മാത്രവുമല്ല, തന്റെ പ്രസംഗവും വചനവും വാഗ്‌വിലാസത്തോടെയുള്ളതുമായിരുന്നില്ല എന്നും പറയുന്നു. ശ്ലീഹാ ദുർബലനാകാൻ കാരണമെന്തെന്ന് നമുക്കു വ്യക്തമല്ല. ഫിലിപ്പിയായിലും തെസലോനിക്കായിലും ബെറോയായിലും സംഭവിച്ച ശാരീരിക പീഡനങ്ങൾ ഇതിനു കാരണമാകാം (ശ്ലീഹ 16-18). പൗലോസ്ശ്ലീഹായുടെശാരീരിക വൈകല്യവും അതിനു കാരണമായിരുന്നിരിക്കാം (2 കോറി 12,7-8). ഇവയ്ക്കെല്ലാം ഉപരിയായി കേൾവിക്കാരുടെ വിശ്വാസരാഹിത്യവും മറ്റുള്ളവരുടെ നിരുത്സാഹപ്പെടുത്തലും അദ്ദേഹത്തെ ദുർബലനും ഭയചകിതനുമാക്കിയിരിക്കാം (ശ്ലീഹ 18,9-10). എന്നാൽ ഈ കുറവുകളൊന്നുമല്ല പൗലോസ് ശ്ലീഹായുടെ പ്രസംഗത്തിന് വിജയമോ പരാജയമോ നല്കിയത്; സുവിശേഷത്തിന്റെ പ്രസക്തിയും അരൂപിയുടെ ശക്തിയുമാണ്.

സുവിശേഷപ്രഘോഷകന്റെ ജീവിതവും വിശ്വാസികളുടെ സമൂഹത്തിന്റെ വിശ്വാസാടിസ്ഥാനവും ഇവിടെ ഒന്നാകുന്നു. കോറിന്തോസിലായിരുന്നപ്പോൾ ക്രൂശിതനെക്കുറിച്ചല്ലാതെ മറ്റൊന്നിനെക്കുറിച്ചും അറിയേണ്ടതില്ല എന്നു പൗലോസ്ശ്ലീഹാ തീരുമാനിക്കുന്നു. ലൗകികവിജ്ഞാനം ആർജ്ജിക്കാൻ ശ്ലീഹായ്ക്കു സാധ്യതകളുണ്ടായിരുന്നു എന്നതു തീർച്ചയാണ്. എന്നാൽ അവയെക്കാളെല്ലാമുപരി ക്രൂശിതനെക്കുറിച്ചുള്ള അറിവിൽ ആഴപ്പെടുക വഴി കുരിശിന്റെ ഭോഷത്തം എന്ന അത്യുദാത്തമായ വിജ്ഞാനം തന്റെ സഹോദരങ്ങൾക്കു പങ്കുവയ്ക്കാൻ കഴിയും എന്ന ബോധ്യം അദ്ദേഹത്തിനുണ്ടായിരുന്നു. അതോടൊപ്പം മാനുഷികമായ പരിമിതികളും ദൗർബല്യങ്ങളും പൗലോസ് ശ്ലീഹായ്ക്കുണ്ടായിരുന്നു. എന്നാൽ അവയൊന്നും കുരിശിന്റെ ഭോഷത്തം പങ്കുവയ്ക്കുന്നതിന്റെ ശക്തി കുറയ്ക്കുകയല്ല, വർദ്ധിപ്പിക്കുകയാണു ചെയ്തത്. അജപാലകരുടെ അജപാലനശുശ്രൂഷയുടെ പ്രവർത്തനക്ഷമത അടങ്ങിയിരിക്കുന്നത് സുവിശേഷത്തിന്റെ പ്രസക്തിയിലും അരൂപിയുടെ ശക്തിയിലുമാണ്.

### 3. സുവിശേഷം മാനുഷികവിജ്ഞാനമല്ല

''എന്നാൽ, പക്വമതികളോടു ഞങ്ങൾ വിജ്ഞാനം പ്രസംഗിക്കുന്നു. പക്ഷേ, ലൗകികവിജ്ഞാനമല്ല; ഈ ലോകത്തിൻെറ നാശോന്മുഖരായ അധികാരികളുടെ വിജ്ഞാനവുമല്ല. രഹസ്യവും

നിഗൂഢവുമായ ദൈവികജ്ഞാനമാണു ഞങ്ങൾ പ്രസംഗിക്കുന്നത്. അതു നമ്മുടെ മഹത്ത്വത്തിനായി യുഗങ്ങൾക്കുമുമ്പുതന്നെ ദൈവം നിശ്ചയിച്ചിട്ടുള്ളതുമാണ്. ഈ ലോകത്തിന്റെ അധികാരികളിൽ ആർക്കും അതു ഗ്രഹിക്കാൻ സാധിച്ചില്ല; സാധിച്ചിരുന്നെങ്കിൽ മഹത്ത്വത്തിൻെറ കർത്താവിനെ അവർ കുരിശിൽ തറയ്ക്കുമായിരുന്നില്ല. എഴുതപ്പെട്ടിരിക്കുന്നതുപോലെ, ദൈവം തന്നെ സ്നേഹിക്കുന്നവർക്കായി സജ്ജീകരിച്ചിരിക്കുന്നവ കണ്ണുകൾ കാണുകയോ ചെവികൾ കേൾക്കുകയോ മനുഷ്യമനസ്സു ഗ്രഹിക്കുകയോ ചെയ്തിട്ടില്ല'' (2,6-9).

ലൗകികവിജ്ഞാനവും സുവിശേഷവും പരസ്പര വിരുദ്ധമാണെന്നു സ്ഥാപിച്ച പൗലോസ്ശ്ലീഹാ, തുടർന്ന് സുവിശേഷമാണ് യഥാർത്ഥ ജ്ഞാനം എന്നു വ്യക്തമാക്കുന്നു. ലോകത്തിലെ ജ്ഞാനികളും ശക്തരും സുവിശേഷസന്ദേശത്തെയും സന്ദേശവാഹകരെയും അപമാനിച്ചു. എന്നാൽ യഥാർത്ഥമായ ജ്ഞാനം ക്രൂശിതന്റേതാണ്. മിശിഹായുടെ കുരിശുമരണത്തിലൂടെ ദൈവത്തിന്റെ രക്ഷാകരപദ്ധതി യാഥാർത്ഥ്യമാക്കിത്തീർത്തു എന്നതാണ് എല്ലാറ്റിലും മൂല്യവത്തായ അറിവ്. കുരിശിന്റെ സന്ദേശം സ്വീകരിച്ചവർ ലക്ഷ്യത്തിലെത്തിയിരിക്കുന്നു. നേരെമറിച്ച് ഈ ലോകത്തിന്റെ അറിവിലും വിശ്വാസത്തിലും ഇനിയും കഴിയുന്നവർ ലക്ഷ്യത്തിൽ എത്തുന്നില്ല. ദൈവം നല്കുന്നവ, അവ ലോകദൃഷ്ടിയിൽ ഭോഷത്തമെന്നു തോന്നിയാലും, സ്വീകരിക്കുകയാണ് യഥാർത്ഥ പക്വത. അതുമാത്രമേ ജീവിതത്തിനു ലക്ഷ്യം നല്കുകയുള്ളൂ.

സുവിശേഷപ്രഘോഷകൻ പ്രസംഗിക്കുന്ന ദൈവത്തിന്റെ വിജ്ഞാനം രഹസ്യവും നിഗൂഢവുമാണ്. മിശിഹായിലൂടെ വെളിവാക്കപ്പെട്ട സുവിശേഷമാണത്. ലോകത്തിന്റെ വിജ്ഞാനത്തിനു ഗ്രഹിക്കാൻ കഴിയാത്ത യാഥാർത്ഥ്യമെന്നതിനാലാണ് രഹസ്യമെന്ന് അതിനെ വിശേഷിപ്പിക്കുന്നത്. ദൈവം ഇതു നമുക്കു വെളിപ്പെടുത്തിയിരിക്കുന്നു. തന്റെ ആത്മാവുമുഖേനയാണ് ദൈവം ഇതു വെളിവാക്കുന്നത്. യുഗങ്ങൾക്കുമുമ്പേതന്നെ ദൈവം നിശ്ചയിച്ച കാര്യമാണിത്. യുഗാരംഭത്തിനുമുമ്പേ ദൈവം നിശ്ചയിച്ച പദ്ധതിയാണ് നമ്മുടെ മഹത്ത്വത്തിനായുള്ള സുവിശേഷം. ഈ സുവിശേഷം സ്വീകരിച്ചവരെന്ന നിലയിൽ അതു ജീവിക്കുവാനും

പ്രഘോഷിക്കുവാനും എല്ലാ ക്രൈസ്തവരും കടപ്പെട്ടിരിക്കുന്നു. അതേപ്പറ്റി വിശ്വാസികളെ ബോധവൽക്കരിക്കുവാൻ അജപാലകരും കടപ്പെട്ടിരിക്കുന്നു.

**4. സുവിശേഷപ്രബോധകൻ: ദൈവാത്മാവ്**

"എന്നാൽ, നമുക്കു ദൈവം അതെല്ലാം ആത്മാവുമുഖേന വെളിപ്പെടുത്തിത്തന്നിരിക്കുന്നു. എന്തെന്നാൽ, ആത്മാവ് എല്ലാ ക്കാര്യങ്ങളും, ദൈവത്തിൻെറ നിഗൂഢരഹസ്യങ്ങൾപോലും, അന്വേഷിച്ചു കണ്ടെത്തുന്നു. മനുഷ്യന്റെ അന്തർഗതങ്ങൾ അവൻെറ ആത്മാവല്ലാതെ മറ്റാരാണറിയുക? അതുപോലെതന്നെ, ദൈവത്തിന്റെ ചിന്തകൾ ഗ്രഹിക്കുക ദൈവാത്മാവിനല്ലാതെ മറ്റാർക്കും സാധ്യമല്ല. നാം സ്വീകരിച്ചിരിക്കുന്നത് ലോകത്തിന്റെ ആത്മാവിനെയല്ല; പ്രത്യുത, ദൈവം നമുക്കായി വർഷിക്കുന്ന ദാനങ്ങൾ മനസ്സിലാക്കാൻവേണ്ടി ദൈവത്തിന്റെ ആത്മാവിനെ യാണ്.തന്നിമിത്തം, ഞങ്ങൾ ഭൗതികവിജ്ഞാനത്തിൻെറ വാക്കുക ളിൽ പ്രസംഗിക്കുകയല്ല, ആത്മാവു ഞങ്ങളെ പഠിപ്പിച്ചതനു സരിച്ച് ആത്മാവിൻെറ ദാനങ്ങൾ പ്രാപിച്ചവർക്കുവേണ്ടി ആത്മീയ സത്യങ്ങൾ വ്യാഖ്യാനിക്കുകയാണു ചെയ്യുന്നത്" (2,10-13).

ദൈവികപദ്ധതികൾ വെളിപ്പെടുത്തപ്പെട്ടിരിക്കുന്നത് ലൗകിക ജ്ഞാനികൾക്കല്ല, നിസ്സാരരായ ക്രിസ്തീയവിശ്വാസികൾക്കാണ്. ഇവ വെളിപ്പെടുത്തപ്പെട്ടവയാണെന്നതിനാൽ സ്വീകരിച്ചവർക്ക് അഭിമാനത്തിനു വകയില്ല. ദൈവത്തിന്റെ ആഴമായ രഹസ്യങ്ങൾ ദൈവാത്മാവിനുമാത്രമേ ഗ്രഹിക്കാനും വെളിപ്പെടുത്താനും കഴിയുകയുള്ളൂ. ദൈവത്തിന്റെ രഹസ്യങ്ങൾ എപ്രകാരമാണ് ദൈവാത്മാവു വെളിപ്പെടുത്തുന്നത് എന്നു വ്യക്തമാക്കാൻ മനു ഷ്യനും അവന്റെ ആത്മാവും തമ്മിലുള്ള ബന്ധത്തിന്റെ ഉദാഹ രണം ഉപയോഗിച്ചിരിക്കുന്നു. ഒരാളുടെ ചിന്തകളും മനസ്സിലുള്ള വയും അയാൾക്കുമാത്രമേ അറിയാവൂ. അതുപോലെ ദൈവിക പദ്ധതികൾ അറിയാനും വെളിപ്പെടുത്താനും ദൈവാത്മാവിനു മാത്രമേ സാധിക്കുകയുള്ളൂ.

ക്രൈസ്തവരുടെ വിശ്വാസവും വിശ്വാസാടിസ്ഥാനത്തിലുള്ള ബോധ്യങ്ങളും ദൈവാത്മാവിന്റെ പ്രവർത്തനഫലമാണ്. അതു കൊണ്ട് പരിശുദ്ധാത്മാവിനോടു തുറവിയുള്ളവർക്കേ വിശ്വാ

സത്തിലും വിശ്വാസാധിഷ്ഠിതമായ ബോധ്യങ്ങളിലും വളരാൻ സാധിക്കുകയുള്ളൂ. അതുപോലെതന്നെ തങ്ങളുടെ വിശ്വാസവും ബോധ്യങ്ങളും മറ്റുള്ളവരുമായി പങ്കുവയ്ക്കുമ്പോൾ അതു കേൾക്കുവാനും സ്വീകരിക്കുവാനും അവരെ പ്രാപ്തരാക്കുന്നതും പരിശുദ്ധാത്മാവുതന്നെയാണ്. അതുകൊണ്ട് വിശ്വാസികളുടെ സമൂഹം പ്രഘോഷണശേഷിയുള്ള സമൂഹമാകണമെങ്കിൽ അവർ ദൈവാരൂപിയോടുള്ള തുറവിയിലും വിധേയത്വത്തിലും ജീവിക്കുന്നവരായിരിക്കണം. അപ്രകാരം ജീവിക്കുവാൻ അജപാലകർക്കും അജഗണങ്ങൾക്കും സാധിച്ചെങ്കിൽമാത്രമേ ക്രൈസ്തവസമൂഹം സുവിശേഷപ്രഘോഷണശേഷിയുള്ള സമൂഹമാവുകയുള്ളൂ.

**5. ആത്മാവു നല്കുന്ന വിവേചനം**

''ലൗകിക മനുഷ്യനു ദൈവാത്മാവിൻെറ ദാനങ്ങൾ ഭോഷത്തമാകയാൽ അവൻ അതു സ്വീകരിക്കുന്നില്ല. ഈ ദാനങ്ങൾ ആത്മീയമായി വിവേചിക്കപ്പെടേണ്ടവയാകയാൽ അവ ഗ്രഹിക്കാനും അവനു സാധിക്കുന്നില്ല. ആത്മീയമനുഷ്യൻ എല്ലാ കാര്യങ്ങളും വിവേചിച്ചറിയുന്നു. അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല. കർത്താവിനെ പഠിപ്പിക്കാൻ തക്കവിധം അവിടുത്തെ മനസ്സ് അറിഞ്ഞവൻ ആരുണ്ട്? ഞങ്ങളാകട്ടെ മിശിഹായുടെ മനസ്സ് അറിയുന്നു'' (2,14-16).

വിവേചനത്തിന്റെ ആവശ്യകതയാണ് ഈ വാക്യങ്ങളിൽ വ്യക്തമാക്കുന്നത്. ലൗകികമനുഷ്യരും ആത്മീയമനുഷ്യരും ദൈവികജ്ഞാനം ഗ്രഹിക്കുന്ന കാര്യത്തിൽ ഭിന്നരാണ്. ലൗകികമനുഷ്യനെന്നാൽ, ദൈവാത്മാവിനാൽ നയിക്കപ്പെടാതെ, പ്രകൃതിയുടെ വാസനങ്ങൾക്കനുസരിച്ചു ജീവിക്കുന്നയാളെന്നാണർത്ഥം. ദൈവാത്മാവിനാൽ നയിക്കപ്പെടാത്തവർക്ക് ആത്മാവിന്റെ കാര്യങ്ങൾ സ്വീകരിക്കാൻ കഴിയുകയില്ല. അവർ അവ തിരസ്ക്കരിക്കുന്നു. അവരെ സംബന്ധിച്ച് ആത്മാവിന്റെ കാര്യങ്ങൾ ഭോഷത്തമാണ്. ഈലോകത്തിന്റെ കാഴ്ചപ്പാടിൽമാത്രം കാണുന്നവർക്ക്, ആത്മീയകാര്യങ്ങളെ ആയിരിക്കുന്നതുപോലെ വിലയിരുത്താൻ കഴിയുകയില്ല. ആത്മീയരായി ജീവിക്കുന്നവർക്കുമാത്രമേ ആത്മീയകാര്യങ്ങൾ ഗ്രഹിക്കുവാനും സ്വീകരിക്കുവാനും സാധിക്കുകയുള്ളൂ.

ദൈവികകാര്യങ്ങൾ വിവേചിച്ചറിയാൻ കഴിയുന്ന, ദൈവാത്മാവിനാൽ നയിക്കപ്പെടുന്ന 'ഞങ്ങൾ' മിശിഹായുടെ മനസ്സറിയുന്നു എന്ന് പൗലോസ്ശ്ലീഹാ പറയുന്നുണ്ട്. 'ഞങ്ങൾ' എന്നതിൽ എല്ലാ വിശ്വാസപ്രബോധകരെയും ശ്ലീഹാ ഉൾപ്പെടുത്തുന്നു. പൗലോസും പത്രോസും അപ്പോളോയുമെല്ലാം അപ്രകാരം ഏകമനസ്സോടും ഏകാത്മാവോടുംകൂടിയാണ് സുവിശേഷശുശ്രൂഷ ചെയ്യുന്നത്. ദൈവാരൂപിയാൽ നയിക്കപ്പെടുന്ന മനുഷ്യർ തങ്ങളെത്തന്നെ ഉയർത്തിക്കാട്ടി കക്ഷിമത്സരങ്ങൾ സൃഷ്ടിക്കില്ല.അത്തരം ചിന്തകൾ ലോകത്തിന്റെ കാഴ്ചപ്പാടുള്ളവരുടേതാണ്. അതു ക്രൂശിതന്റെ സുവിശേഷസന്ദേശത്തിനു വിരുദ്ധവുമാണ്. സുവിശേഷത്തിൽ വിശ്വസിക്കുന്നവരും സുവിശേഷപ്രഘോഷകരുമായ സഭാസമൂഹം ദൈവാത്മാവിനോടു തുറവിയുള്ളവരും ദൈവാത്മാവിലുള്ള ഐക്യത്തിൽ ജീവിക്കുന്നവരുമായിരിക്കണം.

**ജീവിതസൂചിക**

1. ക്രൂശിതനെക്കുറിച്ചുള്ള സന്ദേശം എന്റെ ജീവിതത്തിന്റെയും പ്രഘോഷണത്തിന്റെയും അടിസ്ഥാനമാണോ?

2. സുവിശേഷത്തിന്റെ ചൈതന്യത്തിലും അരൂപിയുടെ ശക്തിയിലും അജപാലനശുശ്രൂഷ നിർവഹിക്കുവാൻ ഞാൻ പരിശ്രമിക്കുന്നുണ്ടോ?

3. സുവിശേഷം ജീവിക്കുവാനും പ്രഘോഷിക്കുവാനും ഞാൻ എപ്രകാരം പരിശ്രമിക്കുന്നു?

4. ദൈവാരൂപിയോടുള്ള തുറവിയിലും വിധേയത്വത്തിലും ജീവിക്കാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?

5. ഏകാത്മാവോടും ഏകമനസ്സോടുംകൂടെ സുവിശേഷശുശ്രൂഷ ചെയ്യുവാൻ ഞാൻ ജനങ്ങളെ പഠിപ്പിക്കുന്നുണ്ടോ?

# രൂപതാകച്ചേരി വാർത്തകൾ

**സ്നേഹസ്മരണ**

ബഹു. സെബാസ്റ്റ്യൻ പാലക്കീൽ അച്ചന്റെയും, ബഹു. ജോസഫ് മഴുവഞ്ചേരി അച്ചന്റെയും ചരമവാർഷികം സെപ്റ്റംബർ 2-ാം തീയതിയും, ബഹു. മാത്യു അത്തിക്കൽ അച്ചന്റെ 1-ാം ചരമ വാർഷികം സെപ്റ്റംബർ 17-ാം തീയതിയും, ബഹു. ജോർജ് കഴിക്കച്ചാലിൽ അച്ചന്റെയും, ബഹു. മാത്യു ഇല്ലിക്കൽ അച്ചന്റെയും ചരമ വാർഷികം സെപ്റ്റംബർ 19-ാം തീയതിയും, ബഹു. സെബാസ്റ്റ്യൻ പാറയിൽ അച്ചന്റെ ചരമവാർഷികം സെപ്റ്റംബർ 28-ാം തീയതിയുമാണ്. ഈ വൈദികരെ നമ്മുടെ ബലികളിലും പ്രാർത്ഥനകളിലും പ്രത്യേകം അനുസ്മരിക്കാം.

**കൂരിയ അവധി**

ബഹുമാനപ്പെട്ട വൈദികരുടെ വാർഷിക ധ്യാനം പ്രമാണിച്ച് സെപ്റ്റംബർ 10 മുതൽ 15 വരെയും 17 മുതൽ 22 വരെയും രൂപതാ കൂരിയ അവധിയായിരിക്കും.

**പാസ്റ്ററൽ കൗൺസിൽ (Pastoral Council)**

നമ്മുടെ രൂപതയുടെ പാസ്റ്ററൽ കൗൺസിലിന്റെ ഒരു സമ്മേളനം 2023 ഒക്ടോബർ 14 ശനിയാഴ്ച്ച രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് 1.00 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേരുന്നതാണ്. ഏതെങ്കിലും കാരണവശാൽ ക്ഷണക്കത്ത് ലഭിക്കാതെ വന്നാൽ ഇതു അറിയിപ്പായി സ്വീകരിച്ച് സമ്മേളനത്തിൽ സംബന്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**മതബോധനദിനം**

സെപ്റ്റംബർ 17-ാം തീയതി നമ്മുടെ രൂപതയിൽ മതബോധന ദിനമായി ആഘോഷിക്കുകയാണല്ലോ. വിശ്വാസത്തിന്റെ കൈമാറ്റമെന്ന വലിയ ദൗത്യത്തിൽ പങ്കുചേരുന്ന ഏവരേയും ഓർക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം. അന്നേദിവസം വളരെ പ്രത്യേകമായി വിശ്വാസപരിശീലന രംഗത്ത് നമ്മുടെ ഇടവകകളിൽ ത്യാഗ ബുദ്ധിയോടെയും ആത്മാർത്ഥതയോടെയും സേവനം ചെയ്യുന്ന അധ്യാപകരെ

രൂപത മുഴുവന്റെയും കൃതജ്ഞതയും അനുമോദനങ്ങളും അറിയിക്കുകയും പ്രത്യേകം ആദരിക്കുകയും ചെയ്യുമല്ലോ. മാതാപിതാക്കളും അധ്യാപകരും ഇടവകജനം മുഴുവനും ബഹു. വികാരിയച്ചനോട് ചേർന്ന് നമ്മുടെ കുട്ടികളുടെ വിശ്വാസ പരിശീ ലനത്തിൽ അതീവ ശ്രദ്ധ ചെലുത്തണമെന്ന കാര്യം മതബോധന ദിനം നമ്മെ ഓർമ്മപ്പെടുത്തുന്നു.

രൂപതയുടെ മതബോധന പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്ന ബഹുമാനപ്പെട്ട തോമസ് കച്ചിറയിൽ അച്ചനേയും അച്ചനോടൊപ്പം പ്രവർത്തിക്കുന്ന രൂപതാ ടീം അംഗങ്ങളേയും ഇത്തരുണത്തിൽ നന്ദിയോടെ ഓർക്കുകയും അവർക്ക് എല്ലാവിധ ഭാവുകങ്ങളും വിജയങ്ങളും ആശംസിക്കുകയും ചെയ്യുന്നു.

**ബഹു. വൈദികരുടെ വാർഷിക ധ്യാനം**

നേരത്തെ അറിയിച്ചിരുന്നതുപോലെ ഈ വർഷത്തെ നമ്മുടെ ബഹുമാനപ്പെട്ട വൈദികരുടെ വാർഷിക ധ്യാനം സെപ്റ്റംബർ 10 ഞായറാഴ്ച വൈകുന്നേരം മുതൽ സെപ്റ്റംബർ 15 വെള്ളിയാഴ്ച വരെയും, സെപ്റ്റംബർ 17 ഞായറാഴ്ച മുതൽ സെപ്റ്റംബർ 22 വെള്ളിയാഴ്ചവരെയുമാണ്. ധ്യാനം നയിക്കുന്നത് ഡൊമിനിക്കൻ സഭാംഗമായ പ്രശസ്ത ധ്യാനഗുരുവും ബൈബിൾ പണ്ഡിതനുമായ ബഹു. ജോർജ് കുമ്പളുമൂട്ടിൽ അച്ചനാണ്. ഏതാനും ചില കാര്യങ്ങൾ കൂടി ഓർമ്മിപ്പിക്കട്ടെ:

1. ധ്യാനവിവരം മുൻകൂട്ടി ഇടവകകളിൽ അറിയിക്കേണ്ടതാണ്. ഇതുവഴി ജനങ്ങൾക്ക് അവരുടെ ആവശ്യങ്ങൾ ക്രമീകരിക്കാനും വൈദികർക്കുവേണ്ടി പ്രാർത്ഥിക്കാനും സാധിക്കും.

2. ഒന്നാം ദിവസം വൈകിട്ട് 7.15 ന് നടക്കുന്ന ജപമാല പ്രാർത്ഥന, റംശാനമസ്ക്കാരം എന്നിവയോടെയാണ് ധ്യാനം ആരംഭിക്കുന്നത്. അവസാനിക്കുന്നത് അവസാന ദിവസം ഉച്ചഭക്ഷണത്തോടെയാണ്.

3. ധ്യാനത്തിനു വരുമ്പോൾ കുർബാന കണക്കുബുക്ക് കൊണ്ടുവരേണ്ടതാണ്. തക്കതായ കാരണത്താൽ ധ്യാനത്തിൽ സംബന്ധിക്കാൻ സാധിക്കാത്തവർ 2022 സെപ്റ്റംബർ മുതൽ 2023 ഓഗസ്റ്റ് 31 വരെയുള്ള ബൈനേഷന്റെ കണക്കുകൾ കത്തു മുഖേനയോ, വാട്സ് ആപ്പ് വഴിയോ സെപ്റ്റംബർ അവസാനത്തോടെയെങ്കിലും ബിഷപ്സ് ഹൗസിൽ അറിയിക്കേണ്ടതാണ്.

4. PPF ന്റെ വരിസംഖ്യ ധ്യാനത്തിന് വരുമ്പോൾ കൊണ്ടുവരണമെന്ന് ഓർമ്മിപ്പിക്കുന്നു.

5. വളരെ ഗൗരവതരമായ കാരണങ്ങളാൽ ധ്യാനത്തിൽ സംബ സ്ഥിക്കാൻ സാധിക്കാത്തവർ അക്കാര്യം മുൻകൂട്ടി അറിയിക്കുകയും ഡിസംബർ 31 നു മുമ്പായി എവിടെയെങ്കിലും ധ്യാനത്തിൽ സംബ സ്ഥിച്ച് വിവരം അറിയിക്കുകയും കുർബാന കണക്കു പുസ്തകം ബഹു. മാനപ്പെട്ട ജനറാളച്ചന്റെ പക്കൽ പരിശോധനയ്ക്ക് എത്തിക്കുകയും ചെയ്യേണ്ടതാണ്.

| Sl.No | Annual Retreat for Priests<br>1st Batch 2023<br>Rev. Frs House Name & Name |
|---|---|
| 1 | Ambalathara Francis |
| 2 | Ambalathinkal Sebastian |
| 3 | Arumayil George |
| 4 | Chakkittakudy Jose |
| 5 | Chavaranal Thomas |
| 6 | Chembakkara James |
| 7 | Chempalayil Augustine |
| 8 | Chettiyassery Joseph |
| 9 | Chirayilparambil Thomas |
| 10 | Chittarackal Varghese |
| 11 | Choorapuzha John |
| 12 | Edakudiyil Mathew |
| 13 | Edachilath Joseph |
| 14 | Elamkunnapuzha Joseph |
| 15 | Elavanappara Sebastian |
| 16 | Elavunkal Johny |
| 17 | Elayidath Mani |
| 18 | Elamkunnel Sebastain |
| 19 | Iykkarakkanayil Thomas |
| 20 | Kachirayil Thomas |

| | |
|---|---|
| 21 | Kakkonal Thomas |
| 22 | Kalambukattu Joseph |
| 23 | Kalapurayil Vincent |
| 24 | Kalappurackal Abraham |
| 25 | Kaliyaniyil Kuriakose |
| 26 | Kalliyattu Devasia |
| 27 | Kallupura Johny |
| 28 | Kappiarumalayil Jose |
| 29 | Karukappally Joseph |
| 30 | Karuthedath Mathew |
| 31 | Kassamkuttiyil Sebastian |
| 32 | Kattamkottil Thomas |
| 33 | Kattath Thomas |
| 34 | Kavalakkadan Varghese |
| 35 | Keezheth Sebastian |
| 36 | Kizhakkanputhupally Varghese( Pratheesh) |
| 37 | Kizhakkumpuram George |
| 38 | Kocharackal Jose |
| 39 | Kochuparackal Mathew |
| 40 | Koipuram Sebastian |
| 41 | Koottala Paul |
| 42 | Korandiyarkunnel Paul |
| 43 | Korattiparambil Vincent |
| 44 | Kottackal Stephen |
| 45 | Kottayil Joseph |
| 46 | Kudakkachira Joseph |
| 47 | Kulathinal James |
| 48 | Kumbalakuzhy Mathew |
| 49 | Kunnath Kuriakose |
| 50 | Kunnathett James |
| 51 | Kuthukallunkal Francis |

| | |
|---|---|
| 52 | Kuttikattukunnel Thomas |
| 53 | Madathil Seabstian |
| 54 | Mampallil George |
| 55 | Mattam Gervasis |
| 56 | Meppurath Chacko |
| 57 | Moothedath Mathew |
| 58 | Mukkattukavunkal Thomas |
| 59 | Mundackamattam Jose |
| 60 | Mundolickal Paul |
| 61 | Mulakodiyankal Sebastian |
| 62 | Muthukathaniyil Varghese |
| 63 | Muthukattil Shantidas |
| 64 | Muttappallil Joseph |
| 65 | Nakkuzhikkattu Mathew |
| 66 | Nedumkallel Joseph |
| 67 | Nellikunnel Francis |
| 68 | Oravaranthara Vincent |
| 69 | Ousepparampil Joseph |
| 70 | Padinjarayil Mathew |
| 71 | Painumkal George |
| 72 | Palakatt Augustine |
| 73 | Palath Joseph |
| 74 | Pallichankudiyil Mathai |
| 75 | Pannackal Mathew |
| 76 | Parackal Varghese |
| 77 | Paruvummel Joseph |
| 78 | Perumattikkunnel Mathew |
| 79 | Pinakkat Joseph |
| 80 | Poikayil Joseph |
| 81 | Ponthottiyil Thomas |

| | |
|---|---|
| 82 | Poyikayil Kurian |
| 83 | Pulinthanam Jose |
| 84 | Punakkatt Chandy |
| 85 | Punchayil Lucka |
| 86 | Purakkal George |
| 87 | Puthanpurayil Joseph ( Sineesh) |
| 88 | Puthen Sebastian |
| 89 | Puthenpurackal Mathew |
| 90 | Puthukkattil Mathew |
| 91 | Puthukulangara Thomas |
| 92 | Thamarasseril Vincent |
| 93 | Thattuparambil Varghese |
| 94 | Thekkepera Mathew |
| 95 | Thekkethil Abraham |
| 96 | Therakam George |
| 97 | Therakam Thomas Joseph |
| 98 | Thondiparambil Sebastian ( Biju) |
| 99 | Thykunnumpuram Thomas |
| 100 | Unnippally Sebastian |
| 101 | Urumbil Joseph |
| 102 | Vadakkel Emmanuel |
| 103 | Vadassery Thomas |
| 104 | Vadayaparambil Emmanuel (Sony) |
| 105 | Valayathil Joseph |

| Sl.No | Annual Retreat for Priests<br>2nd Batch 2023<br>Rev. Frs House Name & Name |
|---|---|
| 1. | Alackathadathil James |
| 2. | Aikkarathazhath Joseph |
| 3. | Alukka George |
| 4. | Alumkal Joseph |
| 5. | Chackalackal Joseph |
| 6. | Chakiyath Xavier |
| 7. | Chakkittakudily James |
| 8. | Chelackapallil Thomas |
| 9. | Chittoor Joseph |
| 10. | Chozhenparambil John |
| 11. | Edayakondattu Paul |
| 12. | Kakkattikalayil Sebastian |
| 13. | Kalappura Jose |
| 14. | Kalappurackal Mathew |
| 15. | Kanippillil Varghese |
| 16. | Kappiarumalayil John |
| 17. | Karamayil Issac |
| 18. | Karippukattil Francis |
| 19. | Kattamkottil Joseph ( Saji) |
| 20. | Karuthedath Mathew |
| 21. | Kavunkal Joseph |
| 22. | Kizhakkanputhupally John ( Santhosh) |
| 23. | Kocheril Mathew |
| 24. | Kochuparackal Kurian |
| 25. | Kollamkunnel Varghese |
| 26. | Kollarthottam Mathew |
| 27. | Kottaram Jose |

| | |
|---|---|
| 28. | Kulirany Jose |
| 29 | Kunnath Joseph ( Akhil) |
| 30. | Kuttimakkal James |
| 31. | Kuzhikandathil Joseph |
| 32. | Madapallikunnel Antony (Siby) |
| 33. | Madapallikunnel Mathew |
| 34. | Madathil Abraham( Sunny) |
| 35. | Malayil Mathew |
| 36. | Mampallil Anto |
| 37. | Manakunnel Thomas |
| 38. | Mankottil James |
| 39. | Mannoor Thomas |
| 40. | Maplassery Babu |
| 41. | Mavara Stanislaus |
| 42. | Mecheril Joseph |
| 43. | Moloparambil Jose |
| 44. | Moolayil Thomas |
| 45. | Moonnanal Justin |
| 46. | Moothedath Thomas |
| 47. | Mulakodiyankal Varghese |
| 48. | Mulavelikunnel Jacob |
| 49 | Munjanattu Mathew |
| 50. | Muthirakkalayil Joseph |
| 51. | Myladoor George |
| 52. | Nechikatu Joseph |
| 53. | Nilackappillil Augustine |
| 54. | Njallampuzha Thomas |

| | |
|---|---|
| 55. | Olickal Thomas |
| 56. | Padinjarayil George |
| 57. | Painumkal Kuriakose |
| 58. | Pakkanikuzhiyil Sebastian |
| 59. | Palakkattu Antony |
| 60. | Palathadathil George |
| 61. | Pallattukunnel Augustine |
| 62. | Parunthanolil Thomas |
| 63. | Peechattu Joseph |
| 64. | Perumattikunnel John |
| 65. | Periappuram Mathew |
| 66. | Plassanal Thomas |
| 67. | Ponparackal John |
| 68. | Poothakuzhi Jais |
| 69. | Poovathinkal Dennis |
| 70. | Pudussery Martin |
| 71. | Pulikunnel Devasia |
| 72. | Pullamkunnel Joy |
| 73. | Pulpayil Joseph |
| 74 | Pulikuzhiyil Abraham |
| 75. | Punnackapadavil Sebastian |
| 76. | Puthenparambil James |
| 77. | Puthenpurayil Manuel( Siju) |
| 78. | Puthukulathil John |
| 79. | Thanniyil Augustine |
| 80. | Thayil Jose |
| 81. | Thekkanady Joseph |
| 82. | Thekkilakkattil Jose |
| 83. | Thenpallil Sebastian |
| 84. | Thevarkunnel Don Bosco |

| | |
|---|---|
| 85. | Thondiparambil Peter |
| 86. | Thuruthel Kuriakose |
| 87. | Thuruthel Thomas |
| 88. | Uppuveettil John |
| 89. | Vadayaparambil Jose |
| 90. | Valakodiyil Dominic |
| 91. | Valloppilly Joseph |
| 92. | Vathelil Abraham |
| 93. | Vattukulathil Mathew |
| 94. | Vattukunnel Issac |
| 95. | Vazhachalil Thomas |
| 96. | Vazhakatt Joseph |
| 97. | Vazhakkala Chacko |
| 98. | Vazhayil Kurian |
| 99 | Vettickal John |

Please note that the names of the religious fathers are not given in the list, since a very few are participating in the retreat organized by the diocese. Hence, those who wish to attend the retreat, please contact Rev. Fr. Jojo Kudakkachira the Director of Pastoral Centre. His Mobile No. 8589826522.

**നന്ദി, യാത്രാമംഗളങ്ങൾ**

മാനന്തവാടി രൂപതയുടെ അഭിവന്ദ്യ പിതാക്കന്മാരുടെ സെക്രട്ടറിയായി ഒരുവർഷത്തിലേറെയായി സ്തുത്യർഹമായ സേവനം ചെയ്ത ശേഷം ഉപരി പഠനത്തിനായി റോമിലേക്ക് പോകുന്ന ബഹു. റിബിൻ പേഴക്കാട്ടിൽ അച്ചന് രൂപതയുടെ പേരിൽ നന്ദി അറിയിക്കുന്നു. അച്ചന് യാത്രാമംഗളങ്ങൾ നേരുന്നതോടൊപ്പം പഠനത്തിൽ എല്ലാ വിധ വിജയവും, ദൈവാനുഗ്രഹവും നേരുന്നു.

**സ്വാഗതം**

അഭിവന്ദ്യ പിതാക്കന്മാരുടെ പുതിയ സെക്രട്ടറിയായി നിയമിതനായിരിക്കുന്ന ബഹു. ആൽബിൻ വളയത്തിൽ അച്ചന് ബിഷപ്സ് ഹൗസിലേക്ക് ഹൃദ്യമായ സ്വാഗതം. ആശംസകൾ നേരുന്നതോടൊപ്പം പുതിയ ഉത്തരവാദിത്വം യഥോചിതം നിർവ്വഹിക്കാൻ വേണ്ട എല്ലാ ദൈവാനുഗ്രഹവും നേരുന്നു.

**ഫാ. ആൽബിൻ വളയത്തിൽ - 8281918739 (Mob.)**

**മോൺ. പോൾ മുണ്ടോളിക്കൽ**
വികാരി ജനറാൾ

**മതബോധന ഞായർ: സെപ്റ്റംബർ 17**

2023 സെപ്റ്റംബർ 17 ന് നമ്മൾ മതബോധന ഞായർ ആഘോഷിക്കുകയാണല്ലോ. മതബോധന ഞായറിന്റെ മംഗളങ്ങളും ആശംസകളും ഏവർക്കും നേരുന്നു.

ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ പങ്കുചേർന്ന് സഭാമക്കൾക്ക് ജന്മം നൽകുന്നത് മാതാപിതാക്കളാകയാൽ വിശ്വാസ കാര്യങ്ങളിൽ അവരെ പരിശീലിപ്പിക്കേണ്ടത് മാതാപിതാക്കൾ തന്നെയാണ്. മാതാപിതാക്കൾ നൽകുന്ന വിശ്വാസപരിശീലനം കുഞ്ഞുങ്ങളുടെ ബാല്യം മുതൽ കൂടുതൽ തീക്ഷണമായി നൽകണമെന്നതാണ് ദൈവനിശ്ചയം. ഇതുതന്നെയാണ് സഭയുടെ ചിന്തയുമെന്ന് മതബോധനഗ്രന്ഥം പറയുന്നുണ്ട് (CCC 2226). ''ഈശോ മിശിഹായിലുള്ള വിശ്വാസത്തിലൂടെ രക്ഷ പ്രാപിക്കുന്നതിന് നിന്നെ ജ്ഞാനിയാക്കുന്ന വിശുദ്ധ ലിഖിതങ്ങൾ ബാല്യം മുതൽ നീ പഠിച്ചിട്ടുള്ളതാണല്ലോ'' എന്നാണ് വിശുദ്ധ പൗലോസ് ശ്ലീഹാ തിമോത്തെയോസിനോട് പറയുന്നത് (2തിമോ 3:15). ഒരു യുവാവിന് തന്റെ മാർഗ്ഗം നിർമ്മലമായി കാത്തുസൂക്ഷിക്കുവാൻ കഴിയണമെങ്കിൽ വചനം തീക്ഷ്ണതയോടെ അനുസരിക്കണമെന്ന് സങ്കീർത്തകൻ പറയുന്നുണ്ട് (സങ്കീ 119:11).

'മതാധ്യാപനം ഒരു വിളിയാണ്, കാരുണ്യ പ്രവർത്തനമാണ്' എന്ന് ഫ്രാൻസിസ് മാർപാപ്പ ഓർമ്മിപ്പിക്കുന്നുണ്ട്. കുടുംബത്തിൽ നിന്ന് ലഭിച്ച വിശ്വാസത്തിലും സന്മാർഗ്ഗത്തിലും ആഴപ്പെടുത്തുവാൻ വിശ്വാസ പരിശീലനം കാരണമാകുന്നു. ബുദ്ധിയിലൂടെ ലഭിച്ചത് സ്വഭാവത്തിലൂടെ പ്രകടിപ്പിക്കുമ്പോഴാണ് മതബോധനം ലക്ഷ്യപ്രാപ്തിയിൽ എത്തുന്നത്. ഈശോയെ പഠിക്കുക, പഠിച്ചത് ജീവിക്കുക, ജീവിക്കുന്നത് പകർന്നു നൽകുക. ഇത് സക്കേവൂസിനെ പോലെ നമ്മെയും ഈശോയുടെ രക്ഷയിലേക്ക് നയിക്കും. മതബോധനം ഒരു ദൈവവിളിയായി സ്വീകരിച്ച് ക്രിസ്തുവിനെ നൽകുന്ന മാതാപിതാക്കൾ, ഇടവകകളിലെ അധ്യാപകർ, രൂപതാ ടീം അംഗങ്ങൾ എന്നിവർക്കും, വിശ്വാസ പരിശീലനപ്രവർത്തനങ്ങൾക്ക് നേതൃത്വവും, പ്രോത്സാഹനവും നൽകുന്ന വൈദി

കർക്കും, സമർപ്പിതർക്കും മതബോധന ഞായർ ദിനത്തിൽ രൂപതാ കേന്ദ്രത്തിന്റെ നന്ദി അറിയിക്കുന്നു. വിശ്വാസ പരിശീലന പ്രവർത്തനങ്ങളിൽ നമുക്കെല്ലാവർക്കും ഒരുമിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

**സെമസ്റ്റർ പരീക്ഷ**

ഈ വർഷത്തെ ആദ്യസെമസ്റ്റർ പരീക്ഷ 05/11/2023 ഞായറാഴ്ചയായിരിക്കും. സിലബസനുസരിച്ചുള്ള പാഠഭാഗങ്ങൾ പൂർത്തിയാക്കി കുട്ടികളെ പരീക്ഷക്കുവേണ്ടി ഒരുക്കുമല്ലോ. വിശദവിവരങ്ങൾ പിന്നീട് അിറയിക്കുന്നതാണ്.

**DCT (HDC)**

2019, 2020 ബാച്ചുകളുടെ പ്രൊജക്റ്റ് സമർപ്പിക്കേണ്ടത് 2023 സെപ്റ്റംബർ 10-ാം തിയ്യതിയാണ്. തുടർന്നുവരുന്ന ദിവസങ്ങളിൽ അവരുടെ written, Viva പരീക്ഷകൾ നടക്കുന്നതായിരിക്കും. പരീക്ഷാ തിയ്യതികൾ പങ്കെടുക്കുന്നവരെ അറിയിക്കുന്നതാണ്.

**മേഖല മതാധ്യാപക കൺവെൻഷൻ.**

ആഗസ്റ്റ് 6-ന് ഞായറാഴ്ച മണിമൂളി, മാനന്തവാടി ഫൊറോനകളിൽ മതാധ്യാപക കൺവെൻഷനുകൾ നടത്തപ്പെട്ടു.

മണിമൂളി ഇടവകയിൽവച്ച് രൂപതാ ഡയറക്ടർ ബഹു. തോമസ് കച്ചിറയിൽ അച്ചന്റെ കാർമികത്വത്തിൽ വി. കുർബാ യോടെ കൺവെൻഷൻ ആരംഭിച്ചു. തുടർന്ന് മണിമൂളിമേഖല സെക്രട്ടറി ശ്രീ. വിജോകാച്ചാംകോടത്ത് സാർഎല്ലാവരെയും സ്വാഗതം ചെയ്ത് സംസാരിച്ചു. നിലമ്പൂർ മണിമൂളി സിഞ്ചലൂസും, മണിമൂളി മേഖല ഡയറക്ടറുമായ ബഹു. തോമസ് മണക്കുന്നേൽ അച്ചൻ അധ്യക്ഷ പ്രസംഗത്തിലൂടെ അധ്യാപകർക്ക് പ്രചോദനവും പ്രോത്സാഹനവും നൽകി. രൂപതാ മതബോധനകേന്ദ്രം ഡയറക്ടർ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. പാലാങ്കര ഹെഡ്മാസ്റ്റർ ശ്രീ. അബ്രഹാം സാർ ഉദ്ഘാടന സമ്മേളനത്തിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി അർപ്പിച്ചു. പാലാ സെന്റ് തോമസ് കോളേജ് ഓഫ് ടീച്ചർ എഡ്യുക്കേഷൻ വിഭാഗത്തിലെ, ജനറൽ എഡ്യൂക്കേഷൻ അസി. പ്രൊഫസർ ഡോ. അലക്സ് ജോർജ് കൺവെൻഷന് നേതൃത്വം നൽകി. സമാപന സമ്മേളനത്തിൽ വിശ്വാസ പരിശീലന രംഗത്ത് 50, 35 വർഷങ്ങൾ പൂർത്തിയാക്കിയവരെയും, രൂപതാ ഡയറക്ടറെയും ആദരിച്ചു. കൂടാതെ കൺവെൻഷനിൽ പങ്കെടുത്ത എല്ലാ അധ്യാപകർക്കും പ്രോത്സാഹന സമ്മാനവും നൽകി. സമാപന സമ്മേളനത്തിൽ പങ്കെടുത്ത എല്ലാവർക്കും ബഹു

മാനപ്പെട്ട ഷാജി സാർ നന്ദി അർപ്പിച്ചു. കൺവെൻഷന്റെ വിജയത്തിനായി എല്ലാ പ്രവർത്തനങ്ങളെയും ഏകോപിപ്പിച്ച ബഹുമാനപ്പെട്ട മേഖല ഡയറക്ടർ അച്ചനെയും, കൊച്ചച്ചൻ അരുൺ പൊയ്കയിലിനെയും, ഡീക്കനെയും, മേഖല സെക്രട്ടറിയെയും, ഫൊറോനയിലെ എല്ലാ പ്രധാനാധ്യാപകരെയും, മണിമൂളി ഇടവകയിലെ കൈക്കാരന്മാരെയും, അധ്യാപകരെയും, ഭക്ഷണം തയ്യാറാക്കിയ മാതൃവേദിഅംഗങ്ങളെയും, പങ്കെടുത്ത എല്ലാ അധ്യാപകരെയും രൂപതാ മതബോധന കേന്ദ്രത്തിന്റെ നന്ദി അറിയിക്കുന്നു.

മാനന്തവാടി മേഖലാ മതാദ്ധ്യാപക കൺവെൻഷൻ പ്രശാന്തഗിരി ഇടവകയിൽ വച്ച് രാവിലെ 9 മണിക്ക് മേഖലാ ഡയറക്ടർ ബഹു. ബിജു പുന്നയ്ക്കപടവിൽ അച്ചന്റെയും മേഖല സെക്രട്ടറി ശ്രീ. ജോസ് മാതേക്കൽ സാറിന്റെയും സാന്നിദ്ധ്യത്തിൽ കുന്നോത്ത് മേജർ സെമിനാരി ബൈബിൾ പണ്ഡിതനും പ്രൊഫസറുമായ ബഹു. ആന്റണി തറേക്കടവിൽ അച്ചൻ തിരി തെളിച്ച് ഉദ്ഘാടനം ചെയ്ത് വി. കുർബാന അർപ്പിച്ചു. 18 ഇടവകകളിൽ നിന്നുമായി 245 അദ്ധ്യാപകർ പങ്കെടുത്തു. മേഖലാ ഡയറക്ടർ എല്ലാവരെയും സ്വാഗതം ചെയ്തു. വിശ്വാസ ജീവിതത്തിൽ മതാദ്ധ്യാപകരും കുട്ടികളും നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് ബഹു. ആന്റണിയച്ചൻ ക്ലാസുകൾ നയിച്ചു. 3.30 ന് സമാപന സമ്മേളനത്തിൽ കത്തീഡ്രൽ വികാരി ബഹു. സോണി വാഴകാട്ടച്ചൻ 25, 35, 50 വർഷം പൂർത്തിയാക്കിയ 14 അദ്ധ്യാപകരെ ആദരിച്ചു. ഫാ. ജിമ്മി മൂലയിൽ, ഫാ. ലിൻസൺ CST എന്നിവർ സന്നിഹിതരായിരുന്നു. മേഖലാ സെക്രട്ടറി ശ്രീ. ജോസ് മാതേക്കൽ എല്ലാവർക്കും നന്ദി പറഞ്ഞു. മേഖല മതാദ്ധ്യാപക സംഗമത്തിന്റെ വിജയത്തിനായ് പ്രവർത്തിച്ച മേഖലാ ഡയറക്ടറിനും, ടീമിനും, പ്രശാന്തഗിരി ഇടവക കൈക്കാരൻമാർക്കും PTA അംഗങ്ങൾക്കും, പങ്കെടുത്ത അദ്ധ്യാപകർക്കും പ്രത്യേകം നന്ദി.

**ഫാ. തോമസ് കച്ചിറയിൽ**
ഡയറക്ടർ, മതബോധനകേന്ദ്രം

# ചെറുപുഷ്പ മിഷൻലീഗ്

**വൈദികർക്ക് ഷട്ടിൽ ബാഡ്മിന്റൺ ടൂർണമെന്റ്**

വിയാനി ദിനത്തോടനുബന്ധിച്ചും മാർ എമ്മാനുവേൽ പിതാവിന്റെ സ്മരണാർത്ഥവും, പിതാവിന്റെ ജന്മദിനമായ ആഗസ്റ്റ് 5 ചെറുപുഷ്പ മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ വൈദികർക്ക് ഷട്ടിൽ ബാഡ്മിന്റൺ ടൂർണമെന്റ് നടത്തപ്പെട്ടു. ബഹുമാനപ്പെട്ട അനൂപ് കാളിയാനിയിൽ അച്ചനും ജിമ്മി മൂലയിൽ അച്ചനും ഒന്നാം സ്ഥാനവും ഫാ. അഖിൽ ഉപ്പുവീട്ടിലും ഫാ. അഖിൽ കുന്നത്തും രണ്ടാം സ്ഥാനവും കരസ്ഥമാക്കി. മേരി മാതാ കോളേജ് പ്രിൻസിപ്പാൾ മരിയ മാർട്ടിൻ സാർ ടൂർണമെന്റിന്റെ ഉദ്ഘാടനം നിർവഹിച്ചു. രൂപത പ്രൊക്കുറേറ്റർ ബഹു. ജോസ് കൊച്ചറക്കൽ അച്ചൻ സമ്മാനദാനം നിർവഹിച്ചു. ബഹുമാനപ്പെട്ട ഫാ. സിബിച്ചൻ ചേലക്കാപ്പിള്ളി, ഫാ. അജയ് തേക്കിലക്കാട്ടിൽ, ബിനീഷ് തുമ്പിയാംകുഴി, ജോൺസൺ ചിറായിൽ, സാബു ഊളവള്ളിക്കൽ, സച്ചിൻ എന്നിവർ നേതൃത്വം നൽകി. ഇതിന്റെ വിജയത്തിന് പിന്നിൽ സഹകരിച്ച എല്ലാവരെയും ഏറെ സ്നേഹത്തോടെ, നന്ദിയോടെ ഓർക്കുന്നു. വിജയികൾക്കും പങ്കെടുത്ത ടീമുകൾക്കും അഭിനന്ദനങ്ങളും നന്ദിയും.

**ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത സമിതി**

കുഞ്ഞേട്ടൻ അനുസ്മരണം ചെറുപുഷ്പ മിഷൻലീഗ് എന്ന അല്മായ സംഘടനയുടെ സ്ഥാപക നേതാവ് പല്ലാട്ടുകുന്നേൽ കുഞ്ഞേട്ടന്റെ 13-ാം ചരമവാർഷിക ദിനത്തിൽ ആഗസ്റ്റ് 12-ന് ചെമ്മലമറ്റം ഇടവക ദൈവാലയത്തിൽ വി. ബലിയും, അന്ത്യവിശ്രമം കൊള്ളുന്ന കല്ലറയിങ്കൽ ഒപ്പീസും നടക്കുകയുണ്ടായി. മാനന്തവാടി രൂപതയിൽ നിന്നും രൂപത പ്രസിഡന്റിന്റെ നേതൃത്വത്തിൽ അനുസ്മരണ സമ്മേളനത്തിലും, സംസ്ഥാന കൗൺസിലിലും 13 പേർ പങ്കെടുത്തു.

**കുഞ്ഞേട്ടൻ അനുസ്മരണം:** ആഗസ്റ്റ് 13-ന് ഞായറാഴ്ച എല്ലാ ശാഖകളിലും കുഞ്ഞേട്ടൻ അനുസ്മരണം നടത്തുകയുണ്ടായി.

**അല്മായ നേതൃദിനം-** കുഞ്ഞേട്ടന്റെ ചരമദിനം അല്മായ നേതൃ ദിനമായി രൂപത, മേഖല, ശാഖാ അല്മായ നേതൃത്വത്തെ ആദരിക്കു കയുണ്ടായി.

**സൗഹൃദ സന്ദർശനം**

23/7/2023: ബത്തേരി, ചീങ്ങവല്ലം, അമ്പലവയൽ, കരണി, വടക്കനാട്, ചിത്രഗിരി, തോമാട്ടുച്ചാൽ, മീനങ്ങാടി. 30/7/2023: ചുള്ളിയാന, കൊമ്മയാട്, മംഗലശ്ശേരി, മൊതക്കര, തോണിച്ചാൽ, വിളുമ്പുകണ്ടം, കാരയ്ക്കാമല. 6/8/2023: നെല്ലി യോടി, ഒറ്റപ്ലാവ്, ശാന്തിഗിരി, കൊട്ടിയൂർ, ചുങ്കക്കുന്ന്, പാൽ ചുരം, അമ്പയത്തോട്, വെള്ളൂന്നി, കേളകം, അടയ്ക്കാ ത്തോട്, മഞ്ഞൂറ, ചുള്ളിയോട്, 13/8/2023: നിരവിൽപ്പുഴ, വാളാട്, 20/8/2023: ആടികൊല്ലി, ഇരുളം, പാടിച്ചിറ, പട്ടാണികൂപ്പ്, പുൽപ്പള്ളി, സീതാമൗണ്ട്, ശിശുമല, വാളേരി, ജൂഡ്സ് മൗണ്ട്, കരിമ്പിൽ എന്നി ശാഖകളിൽ സന്ദർശനം നടത്തി.

**ശാഖാ വാർത്തകൾ**

**ചാരിറ്റി:** ഡോക്ടേഴ്സ് ദിനത്തിൽ ഇടവകയിലെ സി.എം.എൽ അംഗങ്ങളായ ഡോക്ടർമാരെ ആദരിച്ചു. നവമാലികയുടെ അടി സ്ഥാനത്തിൽ ഇടവകയിലെ ഓരോ ഭവനങ്ങൾക്ക് വേണ്ടിയും എല്ലാ ദിവസവും പ്രാർത്ഥനാ മലരുകളിലൂടെ മധ്യസ്ഥ പ്രാർത്ഥന നടത്തി വരുന്നു.

**കൊട്ടിയൂർ:** ഗ്രാൻഡ് പാരൻസ് ഡേ ദിനത്തിൽ പ്രായം കൂടിയ ദമ്പതിമാരെ ശാഖയുടെ നേതൃത്വത്തിൽ പന്ത്രണ്ടാം ക്ലാസിലെ വിദ്യാർത്ഥികൾ ആദരിച്ചു. സാഹിത്യമത്സര ശില്പശാല സംഘടി പ്പിച്ചു. വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ ദിനത്തിൽ കോളയാട് വി. അൽഫോൻസ ദേവാലയ തീർത്ഥാടനം നടത്തി. അന്നേദിനം ജോ.ഡയറക്ടറെ ആദരിച്ചു. ഇടവക വൈദികരുടെ മധ്യസ്ഥൻ വി.ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ വൈദികർക്ക് ആശംസകൾ നേർന്നു.

**പുതിയിടംകുന്ന്:** ഭവന നിർമ്മാണ സഹായം നൽകി. വിദ്യാഭ്യാസ സഹായം കൊടുത്തു. റോസ മിസ്റ്റിക്ക മാതാവിന്റെ ജീവചരിത്രം ഗ്രൂപ്പുകളിലേയ്ക്ക് അയച്ചു കൊടുത്തു. പള്ളിയും പരിസരവും വൃത്തിയാക്കി. മരണനിധി ഫണ്ട് നൽകി. ഭവനസന്ദർശനം നടത്തി. പഞ്ചാബ് മിഷനെ സഹായിക്കാൻ ഫണ്ട് ശേഖരിച്ചു. ഗ്രാൻഡ്

പാരൻസ് ഡേ ആചരിച്ചു. ജോ. ഡയറക്ടേഴ്സ് ഡേ ആചരിച്ചു. ലോഗോസ് പരീക്ഷയ്ക്ക് പരിശീലന നല്ക്കുന്നു. രോഗീസന്ദർശനം നടത്തി.

**തോമാട്ടുച്ചാൽ:** വി.അൽഫോൻസാമ്മയുടെ തിരുന്നാളിനോടനുബന്ധിച്ച് അസാധരണാമ്മേളണം നടത്തി. അൾത്താര സംഘത്തിന് പരിശീലനം നൽകി. ജപമാലസൈന്യം രൂപീകരിച്ചു. ചിത്രരചനാ മത്സരം നടത്തി. മണിപ്പൂർ ജനതയ്ക്കുവേണ്ടി ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട്, ഇവരുടെ നേതൃത്വത്തിൽ പന്തം കൊളുത്തി പദ യാത്ര നടത്തി. ജോ. ഡയറക്ടറെ ആദരിച്ചു.

**കയ്യൂന്നി:** നാഷണൽ ഡോക്ടേഴ്സ് ദിനത്തിൽ ആശംസ അറിയിച്ചു. ദുക്റാന തിരുനാൾ ദിനത്തിൽ അസാധാരണ സമ്മേളനവും പൊതു ദിവ്യകാരുണ്യ സ്വീകരണവും നടത്തുകയും ചെയ്തു. വിശുദ്ധ കൊച്ചുത്രേസ്യയുടെ മാതാപിതാക്കളുടെ തിരുനാൾ ദിനത്തിൽ വൃദ്ധ ദമ്പതികളെ ആദരിച്ചു. ഇടവകയിലെ മുത്തശ്ശി മുത്തശ്ശന്മാരെ പൊന്നാട അണിയിച്ചു. ''ഉണരുക പ്രശോഭിക്കുക'' എന്ന സെമിനാർ പെൺകുട്ടികൾക്കായി നടത്തി.

**പനംചിറ:** ദുക്റാന തിരുനാൾദിനത്തിൽ അംഗത്വ സീകരണം, പൊതുദിവ്യകാരുണ്യ സ്വീകരണം എന്നിവ നടത്തി. വിവിധ പരിപാടികളോടെ സെന്റ്തോമസ് ഡേ ആഘോഷിച്ചു. ലൂയിമാർട്ടിൻ സെലിൻഗ്വരിൻ ദമ്പതികളുടെ ദിനത്തിൽ അപ്പച്ചന്മാരേയും അമ്മച്ചിമാരേയും ആദരിച്ചു. നീലഗിരി മേഖല പെൺകുട്ടികൾക്കായി നടത്തിയ സെമിനാറിൽ പങ്കെടുത്തു. ഗൂഡല്ലൂർ ശാഖാകൗൺസിൽ അൽഫോൻസാമ്മയുടെ ജീവിത സൂക്തങ്ങൾ ശാഖയിലെ ഓരോ കുട്ടികളും അൻഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് 1 മിനിറ്റ് വീഡിയോ ഇടവക വാട്ട്സാപ്പ് ഗ്രൂപ്പിൽ ഇട്ടു കൊടുത്തു.

**തൃശ്ശിലേരി:** സാഹിത്യമൽസരത്തോടനുബന്ധിച്ച് ശാഖയിൽ സാഹിത്യശില്പശാല നടത്തി. വി. കുർബാനയെക്കുറിച്ച് സി. ഷാലി റോസ് ക്ലാസ്സെടുത്തു. വയോജന ദിനം ആഘോഷിച്ചു. വി. അൽഫോൻസാമ്മയുടെ തിരുന്നാളിനോടനുബന്ധിച്ച് കുട്ടികൾക്ക് ക്വിസ് മൽസരവും കൊളാഷ് മൽസരവും നടത്തി.

**കണിയാമ്പറ്റ:** മണിപ്പൂർ ഐക്യദാർഢ്യ റാലി നടത്തി. ബൈബിൾ ക്വിസ് നടത്തി. സാഹിത്യ ശില്പശാല നടത്തി. വി. അൽഫോ

സാമ്മയുടെ തിരുനതിരുനാൾ ദിനത്തിൽ പൊതുദിവ്യകാരുണ്യ സ്വീകരണവും അസാധാരണ സമ്മേളനവും നടത്തി. വി. അൽഫോൻസാമ്മയുടെ പ്രസംഗം വീഡിയോ ക്ലിപ് ചെയ്തു. രോഗീസന്ദർശനം, ഭവന സന്ദർശനം എന്നിവ നടത്തി. മുത്തശ്ശീ മുത്തശ്ശന്മാരെ ആദരിച്ചു. പഠനോപകരണ വിതരണം നടത്തി.

**റിപ്പൺ:** ദുക്റാന തിരുന്നാൾദിനത്തിൽ പൊതു ദിവ്യകാരുണ്യ സ്വീകരണം നടത്തി. മിഷൻ റാലി നടത്തി സ്നേഹവിരുന്ന് നൽകി. മണിപ്പൂർ സഹോദരങ്ങൾക്കായി പ്രാർത്ഥന കൂട്ടായ്മ നടത്തി, പഞ്ചാബ് മിഷൻ ഫണ്ട് കൊടുത്തു, മണിപ്പൂർ ധനസഹായം ചെയ്തു. വിശുദ്ധ അന്നയുടെ തിരുനാൾ ദിനം അമ്മമാരെ ആദരിക്കുകയും സെമിനാർ സംഘടിപ്പിക്കുകയും ചെയ്തു. അൽഫോൻസ ക്വിസ് മത്സരം നടത്തുകയും ഒന്നാംസ്ഥാനക്കാർക്ക് ട്രോഫി നൽകുകയും ചെയ്തു. രോഗീസന്ദർശനവും ഭവന സന്ദർശനവും നടത്തി.

**ചെറുകാട്ടൂർ:** വി. ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് വൈദികർക്ക് ആശംസ അറിയിച്ച് ആദരിച്ചു. സാഹിത്യശില്പശാല: മേഖല സാഹിത്യ മത്സരത്തിന്റെ മുന്നോടിയായി ശാഖയിൽ ശില്പശാല നടത്തി. യോഗാസന സ്പോർട്സ് ചാമ്പ്യൻഷിപ്പിൽ വിജയിച്ച അനാമിക, വൈക നടുത്തറപ്പിൽ എന്നിവരെ ആദരിച്ച് സമ്മാനങ്ങൾ നല്കി. ഗ്ലോ- സെമിനാർ - cml അംഗങ്ങൾക്കായി 'ഗ്ലോ' എന്ന പേരിൽ സെമിനാർ നടത്തി. നടവയൽ മേഖല നടത്തിയ പ്രച്ഛന്ന വേഷമത്സരത്തിൽ 13 കുട്ടികൾ പങ്കെടുത്തു. സെമിനാർ മുതിർന്ന ക്ലാസിലെ cml അംഗങ്ങളുടെ മാതാപിതാക്കൾക്കായി സെമിനാർ നടത്തി.

കുഞ്ഞേട്ടൻ അനുസ്മരണം: ശാഖയിലെ രൂപത, മേഖല, ശാഖാ അല്മായ നേതൃത്വങ്ങളെ ആദരിച്ചുകൊണ്ട് കുഞ്ഞേട്ടൻ അനുസ്മരണം നടത്തി.

കലാപരിപാടികൾ: മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളും, ഭാരതസ്വാതന്ത്ര്യത്തിന്റെ 77-ാം ദിനവും സംയുക്തമായി വിവിധ കലാപരിപാടികളോടെ ആഘോഷിച്ചു.

**പാലാങ്കര:** അൽഫോൻസാമ്മയുടെ തിരുന്നാളിനോടനുബന്ധിച്ച്, അൽഫോൻസാ ക്വിസിൽ മിഷനറിമാർ പങ്കെടുത്തു. വിയാനി ദിനത്തിൽ വൈദീകരെ ആദരിക്കുകയും ആശംസകൾ നേരുകയും

ചെയ്തു. മണിപ്പൂരിലെ അക്രമങ്ങൾക്കെതിരേ നടന്ന മേഖലാ പ്രതിഷേധ റാലിയിൽ ശാഖയിൽ നിന്നും അംഗങ്ങൾ പങ്കെടുത്തു. ദേവാലയ നവീകരണത്തിന് ധനസഹായം, അൾത്താര ശുശ്രൂഷികളെ ആദരിക്കൽ, ആഗസ്റ്റ് 13 ജനനി മഹോത്സവ് ഗ്രൂപ്പ് കലാപരിപാടികൾ, KCYM നടത്തിയ രക്തദാന ക്യാമ്പ്, ഭാഗഭാഗിത്വം ഇങ്ങനെ വിവിധ പ്രവർത്തനങ്ങൾ നടത്തി.

**കണിയാരം:** വി. അൽഫോൻസാമ്മയുടെ തിരുനാൾ ദിനത്തിൽ അൽഫോൻസ നാമധാരികളെ ആദരിച്ചു. വി. അൽഫോൻസ ക്വിസ് കോമ്പറ്റീഷൻ നടത്തി, വിജയികൾക്ക് സമ്മാനം നൽകി. വി. ജോൺ മരിയ വിയാനിയുടെ തിരുനാളിൽ വൈദികർക്ക് ആശംസകൾ നേർന്നു. വിയാനി ഭവൻ സന്ദർശിക്കുകയും അവിടെയുള്ള വൈദികർക്ക് ആശംസകൾ നേരുകയും ചെയ്തു.

**മേഖലാ വാർത്തകൾ**

**ചുങ്കക്കുന്ന്**

മണിപ്പൂർ വംശഹത്യക്കെതിരെ മേഖലയുടെ നേതൃത്വത്തിൽ പ്രതിഷേധ ജ്വാല സംഘടിപ്പിച്ചു. മേഖലാ സാഹിത്യമത്സരം സംഘടിപ്പിച്ചു. വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിനോട് അനുബന്ധിച്ച് മധുമൊഴികൾ എന്ന പ്രോഗ്രാം സംഘടിപ്പിച്ചു. അന്നേദിനം ശാഖ ജോ. ഡയറക്ടേഴ്സിനെ ആദരിച്ചു. ഇടവക വൈദികരുടെ മധ്യസ്ഥൻ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ ഇടവക വൈദികർക്ക് ആശംസകൾ നേർന്നു.

**ബത്തേരി**

ജൂലൈ 23 ന് മേഖല സാഹിത്യ മത്സരത്തിന് മുന്നോടിയായി മത്സരത്തിൽ പങ്കെടുക്കുന്ന മത്സരാർത്ഥികൾക്ക് പരിശീലനങ്ങൾ നൽകി. വി. അൽഫോൻസാമ്മയുടെ തിരുനാൾ ജോ. ഡയറക്ടേഴ്സ് ദിനമായി ആചാരിക്കുമ്പോൾ ശാഖ തലങ്ങളിൽ മിഷൻ ലീഗിന്റെ പ്രവർത്തങ്ങൾക്ക് നേതൃത്വം നൽകുന്ന സിസ്റ്റേഴ്സിന്റെ സംഗമം നടത്തി. മേഖലയുടെ ആദരവ് നൽകി. അമ്മമനസ്സ് - മിഷൻലീഗിന് ശാഖ തലങ്ങളിൽ നേതൃത്വം നൽകുന്ന ജോ. ഡയറക്ടേഴ്സിന് ആശംസകൾ അറിയിച്ചുള്ള വീഡിയോസ് മേഖലയുടെ സാമൂഹിക മാധ്യമങ്ങളിലൂടെ പങ്കുവെച്ചു. മേഖല സാഹിത്യ മത്സരം ജൂലൈ 30 ഞായറാഴ്ച രണ്ടു കേന്ദ്രങ്ങളിലായി മേഖല സാഹിത്യ മത്സരം നടത്തി. ഇരുന്നൂറോളം മത്സരാർത്ഥികൾ പങ്കെ

ടുത്തു. അല്മായ നേതൃദിനം ആഗസ്റ്റ് 11 മിഷൻലീഗിന്റെ സ്ഥാപക നേതാവ് പി.സി അബ്രഹാം പല്ലാട്ടുകുന്നേൽ (കുഞ്ഞേട്ടൻ) ന്റെ ഓർമ്മദിനം അല്മായ നേതൃദിനമായി ആചാരിക്കുമ്പോൾ മിഷൻ ലീഗിന് ശാഖ, മേഖല, രൂപത തലങ്ങളിൽ നേതൃത്വം നൽകുന്ന അല്മായർക്ക് ആശംസകൾ അറിയിച്ചു. ആഗസ്റ്റ് 15 പരിശുദ്ധ മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളും രാജ്യത്തിന്റെ സ്വാതന്ത്ര്യ ദിനാഘോഷവും മിഷൻലീഗ് സ്ഥാപക നേതാവ് കുഞ്ഞേട്ടൻ അനുസ്മരണം മൂലങ്കാവ് ശാഖയിൽ വെച്ച് നടത്തപ്പെട്ടു. മേഖല ഡയറക്ടർ ഫാ. അനീഷ് കാട്ടാംകോട്ടിൽ അധ്യക്ഷത വഹിച്ചു. സി.എം. എൽ മേഖല പ്രസിഡന്റ് സാജൻ പേരാംങ്കോട്ടിൽ സന്ദേശം നൽകി.

ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപത അതിന്റെ പ്രവർത്തനങ്ങളുമായി മുമ്പോട്ടു പോകുമ്പോൾ ശാഖ, മേഖല സാഹിത്യ മത്സരം അതിന്റെ പൂർണ്ണതയിൽ എത്തി നില്ക്കുമ്പോൾ വരും ദിനങ്ങളും, ആഴ്ചകളും ഏറെ പ്രധാനപ്പെട്ടതാണല്ലോ. മത്സരങ്ങളിലൂടെ നാഥൻ നല്കിയ കഴിവുകൾക്ക് നന്ദി പറഞ്ഞുകൊണ്ട് കളർ ഫുൾ മത്സരങ്ങൾക്കായി ശാഖകൾ ഉണർന്നു കഴിഞ്ഞു. വിശ്രമമില്ലാത്ത ഒരുക്കവും, പ്രാർത്ഥനയും. എല്ലാവിധ ആശംസകളും നേർന്നു കൊണ്ട്,

സ്നേഹപൂർവ്വം,<br>
തങ്കച്ചൻ മാപ്പിളക്കുന്നേൽ<br>
സി. എം. എൽ രൂപതാ സെക്രട്ടറി

## Department of Youth Ministry

**അനുഗ്രഹീത വാർദ്ധക്യം**

ജൂലൈ 26 വിശുദ്ധ അന്നാമ്മയുടെയും ജോവാക്കിമിന്റെയും തിരുനാൾ ദിനത്തിൽ പ്രായമായവരെ ആദരിക്കുന്നതിനും ബഹുമാനിക്കുന്നതിനുമായി ലൈഫ് ട്രെയിനിംങ് വിദ്യാർത്ഥികൾക്കുവേണ്ടി മത്സരങ്ങൾ സംഘടിപ്പിക്കപ്പെട്ടു. വാർദ്ധക്യം അനുഗ്രഹീതമാകുവാൻ കുട്ടികൾ വഹിക്കേണ്ട പങ്കിനെ സൂചിപ്പിച്ചുകൊണ്ടു നടത്തിയ പ്രസംഗ മത്സരത്തിൽ ബെഞ്ചമിൻ റോയി ഒന്നാം സ്ഥാനവും, ഡെൽന സെബാസ്റ്റ്യൻ രണ്ടാം സമ്മാനവും, ആഗ്നസ് റോസ് ബിജു മൂന്നാം സ്ഥാനവും കരസ്ഥമാക്കി. കൂടാതെ വൃദ്ധ മാതാപിതാക്കളോടൊപ്പമുള്ള ഫോട്ടോ ഫ്രെയിം മത്സരത്തിൽ സീയോൻ പിയോ ജയ്സൺ ഒന്നാം സ്ഥാനവും, എയ്ബൽ ജോസഫ് ജോർജ് രണ്ടാം സ്ഥാനവും, ആഗ്നസ് റോസ് ബിജു, എയ്ന തെരേസ ജോർജ് എന്നിവർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. പങ്കെടുത്തവർക്കും വിജയിച്ചവർക്കും അഭിനന്ദനങ്ങൾ.

**സഹനത്തിന്റെ പുണ്യപുത്രി**

2023 ജൂലൈ മാസം 28-ാം തീയതി വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ ദിനത്തിൽ വിശുദ്ധയുടെ മാതൃക സ്വന്തമാക്കുവാൻ സ്റ്റാറ്റസ് വീഡിയോസ് മത്സരം ലൈഫ് ട്രെയിനിംങ് വിദ്യാർത്ഥികൾക്കുവേണ്ടി സംഘടിപ്പിച്ചു. ഈ മത്സരത്തിൽ ആൽഫിയ ജെയിംസിനു ഒന്നാം സ്ഥാനവും, എയ്ന തെരേസാ ജോർജ്ജിന് രണ്ടാം സ്ഥാനവും, ആൽഫിയ ബിജോയിക്ക് മൂന്നാം സ്ഥാനവും ലഭിച്ചു. വിദ്യാർത്ഥികൾക്ക് അഭിനന്ദനങ്ങൾ.

**സ്വർഗ്ഗാരോപിത**

പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളിനോടനുബന്ധിച്ച് നൊവേനയുടെ ഒൻപത് ദിനങ്ങളിൽ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ സ്റ്റാറ്റസ് വീഡിയോസ് തയ്യാറാക്കി. 'സ്വർഗ്ഗാരോപിത' എന്ന പേരിൽ ഇറക്കിയ ഈ സ്റ്റാറ്റസ് വീഡിയോസ് വഴി യുവജനങ്ങളിലും കുഞ്ഞുങ്ങളിലും അമ്മയോടുള്ള സ്നേഹം വർധിപ്പിക്കുന്നതിന് ഇടയായി.

**നാഥയോടൊപ്പം**

മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിന് ഒരുക്കമായി

'സ്വർഗ്ഗാരോപിത നാഥയോടൊപ്പം' എന്ന പേരിൽ ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ യൂട്യൂബ് ചാനലിൽ ലൈഫ് ട്രെയിനിങ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ തിരുനാൾ സന്ദേശങ്ങൾ നൽകി. നിയ മരിയ അഭിലാഷ്, അഡോൺ ജോർജ് ഷിനോജ്, ബെഞ്ചമിൻ റോയ്, ആഗ്നസ് റോസ് ബിജു എന്നീ വിദ്യാർത്ഥികളാണ് പ്രസ്തുത സന്ദേശങ്ങൾ നൽകിയത്. ഇതിന് നേതൃത്വം എടുത്തത് മീഡിയ കോർഡിനേറ്റർ സി. ഡെൽഫി മരിയ സി.എം.സി ആണ്. സിസ്റ്ററിനും ലൈഫ് വിദ്യാർത്ഥികൾക്കും അഭിനന്ദനങ്ങൾ.

## Manipur Bleeds

ഇന്ത്യൻ ജനതയെ ദുഃഖത്തിലാഴ്ത്തുന്ന മണിപ്പൂർ കലാപം മൂലം ദുരിതമനുഭവിക്കുന്ന മണിപ്പൂർ ജനതയ്ക്കും പ്രത്യേകിച്ച് സ്ത്രീകൾക്കും കുട്ടികൾക്കും ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ടും ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ യൂട്യൂബ് ചാനലിൽ ലൈഫ് ട്രെയിനിങ് വിദ്യാർത്ഥികൾ തങ്ങളുടെ അഭിപ്രായങ്ങൾ പങ്കുവെച്ചുകൊണ്ട് സന്ദേശങ്ങൾ നൽകി. പരസ്പരം സഹോദരി സഹോദരന്മാരായി കഴിയേണ്ട ഇന്ത്യൻ ജനതയുടെ ഇടയിലുള്ള അനൈക്യത്തിനും കലാപത്തിനുമെതിരെ പ്രതികരിച്ചുകൊണ്ട് ലൈഫ് 2019 ബാച്ചിലെ ടെസ്വിൻ ജോഷി, ലൈഫ് 2016 ബാച്ചിലെ ഐറിൻ മേരി സജി എന്നിവരാണ് സന്ദേശങ്ങൾ നൽകിയത്. ഇംഗ്ലീഷിലും മലയാളത്തിലും നൽകിയ ഈ പ്രതികരണങ്ങൾ ഏറെ മാറ്റുരക്കപ്പെട്ടു. പ്രതികരിച്ച ലൈഫ് വിദ്യാർത്ഥികൾക്കും ഇതിനു നേതൃത്വം നൽകിയ മീഡിയ കോർഡിനേറ്റർ സി. ഡെൽഫി മരിയ്ക്കും അഭിനന്ദനങ്ങൾ.

**വിയാനി ദിനം**

ആഗസ്റ്റ് നാലാം തീയതി വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി ടീം അംഗങ്ങൾ മാനന്തവാടി രൂപതയിലെ പ്രായമായ വൈദികരെ നേരിൽ കണ്ട് മധുരം നൽകി അവരോടുള്ള സ്നേഹവും ആദരവും ബഹുമാനവും പ്രകടമാക്കി. ദൈവജനത്തിനുവേണ്ടി നിസ്വാർത്ഥമായി ചെയ്ത മഹത്തായ സേവനങ്ങളെ അനുസ്മരിച്ചുകൊണ്ട് ബഹുമാനപ്പെട്ട വൈദികർക്ക് നന്ദി അർപ്പിച്ചു.

**ലൈഫ് ട്രെയിനിങ്**

2023 ആഗസ്റ്റ് പതിനഞ്ചാം തീയതി ചൊവ്വാഴ്ച ലൈഫ് ട്രെയിനിംങിലെ 2016 ബാച്ച് അംഗങ്ങൾ ഒത്തുചേർന്നു. തങ്ങളുടെ ഉപരിപഠനത്തിനും ജോലിക്കുമിടയിൽ അനുഭവങ്ങൾ പങ്കുവെച്ചും ഒന്നിച്ച് പ്രാർത്ഥിച്ചും, ഭവനങ്ങൾ സന്ദർശിച്ചും രോഗികളായ

മാതാപിതാക്കളെ ആശുപത്രിയിൽ ചെന്ന് സന്ദർശിച്ചും കൂട്ടായ്മ അർത്ഥപൂർണ്ണമാക്കി. യൂത്ത് മിനിസ്ട്രി ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ ഓൺലൈനായി വിദ്യാർത്ഥികൾക്ക് വേണ്ട ആത്മീയ, ബൗദ്ധിക മാർഗ്ഗദർശനം നൽകി. ലൈഫ് ട്രെയിനിങ് കോഡിനേറ്റർ സി. ആൻസി തോമസ് സി.എം.സി യുടെ നേതൃത്വത്തിൽ നടന്ന ഈ ഒത്തുചേരൽ വിദ്യാർത്ഥികൾക്ക് പുത്തൻ ഉണർവ് നൽകി.

**അഭിവന്ദ്യ പിതാവിനോടൊപ്പം**

ലൈഫ് ട്രെയിനിംങിലെ സീനിയർ ബാച്ച് വിദ്യാർത്ഥികൾ 2023 ആഗസ്റ്റ് പതിനഞ്ചാം തീയതി വൈകുന്നേരം അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവിനോടൊപ്പം അവരുടെ പഠന മേഖലകളും, ജീവിതാനുഭവങ്ങളും പങ്കുവെച്ച് ചെലവഴിച്ചു. വചനത്തിൽ ഊന്നിയ ജീവിതം നയിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും, വചന വായന യെക്കുറിച്ചും പിതാവ് വളരെ ആഴത്തിൽ വിദ്യാർത്ഥികളോട് സംസാ രിച്ചു. നല്ലൊരു തിരിച്ചറിവിന് ഈ കൂടിക്കാഴ്ച വിദ്യാർത്ഥികൾക്ക് ഏറെ സഹായകമായി. ഡിഗ്രി കോഴ്സുകൾക്ക് പോകുന്ന വിദ്യാർത്ഥി കൾ അഭിവന്ദ്യ പിതാവിൽ നിന്ന് അനുഗ്രഹം വാങ്ങി പുതിയ കാൽവയ്പോടെ പഠനരംഗത്തേക്ക് പോകാൻ തയ്യാറായി. രൂപത യുടെ പ്രൊക്യുറേറ്റർ ഫാ. ജോസ് കൊച്ചറയ്ക്കൽ, രൂപത ചാൻസിലർ റവ. ഫാ. അനൂപ് കാളിയാനിയിൽ എന്നിവരുമായി സംസാരിക്കു വാനും വിദ്യാർത്ഥികൾക്ക് സാധിച്ചു. അഭിവന്ദ്യ ജോസ് പിതാവിനും വൈദികർക്കും യൂത്ത് മിനിസ്ട്രിയുടെ നന്ദി.

**സി. ആൻസി തോമസ് സി. എം. സി**

സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

# കെ. സി. വൈ. എം.

**അർദ്ധ വാർഷിക സെനറ്റ്:**

K.C.Y.M മാനന്തവാടി രൂപതയുടെ 29-ാമത് അർദ്ധവാർഷിക സെനറ്റ് സമ്മേളനം 2023 ജൂലൈ 8 ന് കൽപ്പറ്റ മേഖലയുടെ ആതിഥേയത്വത്തിൽ സെന്റ് വിൻസെന്റ് ഡി പോൾ ദൈവാലയത്തിൽ വെച്ച് നടത്തപ്പെട്ടു. സെനറ്റ് സമ്മേളനം മാനന്തവാടി രൂപതാ സഹായ മെത്രാനും, കെ.സി.വൈ.എം മാനന്തവാടി രൂപത സഹരക്ഷാധികാരിയുമായ അഭിവന്ദ്യ മാർ അലക്സ് താരാമംഗലം പിതാവ് തിരിതെളിച്ച് ഉദ്ഘാടനം ചെയ്തു. കെ.സി.വൈ.എം മാനന്തവാടി രൂപത പ്രസിഡന്റ് ശ്രീ ജസ്റ്റിൻ ലൂക്കോസ് നീലംപറമ്പിൽ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. രൂപത ഡയറക്ടർ ഫാ. സാന്റോ അമ്പലത്തറ ആമുഖ പ്രഭാഷണം നടത്തി. കൽപ്പറ്റ ഫോറോന വികാരി ഫാ. ജോഷി പെരിയപ്പുറം ആശംസകൾ അർപ്പിച്ചു. മേഖല അർദ്ധ വാർഷിക റിപ്പോർട്ട് അവതരണം, സംഘടന ചർച്ച എന്നിവ നടത്തപ്പെട്ട സമ്മേളനത്തിൽ രൂപത വൈസ് പ്രസിഡന്റ് കുമാരി മെലിൻ ആന്റണി പുളിക്കയിൽ, രൂപത ജനറൽ സെക്രട്ടറി ശ്രീ അഭിനന്ദ് ജോർജ് കൊച്ചുമലയിൽ, സെക്രട്ടറി ശ്രീ. റ്റിജിൻ ജോസഫ് വെള്ളപ്ലാക്കിൽ, ട്രഷറർ ശ്രീ. ബിബിൻ പിലാപ്പിള്ളിയിൽ, രൂപത ആനിമേറ്റർ സി. ബെൻസി ജോസ് എസ്. എച്ച്, കെ.സി. വൈ.എം മാനന്തവാടി രൂപത സിൻഡിക്കേറ്റ്, സംസ്ഥാന സിൻഡിക്കേറ്റ് സെനറ്റ് അംഗങ്ങൾ, കൽപ്പറ്റ മേഖല പ്രസിഡന്റ് ശ്രീ. ഷാരോൺ നീലംകാവിൽ, കൽപ്പറ്റ മേഖല ഡയറക്ടർ ഫാ. ഡെന്നിസ് പൂവത്തിങ്കൽ, കൽപ്പറ്റ മേഖല ആനിമേറ്റർ സിസ്റ്റർ എൽസി ജോൺ എസ്.എച്ച്, കൽപ്പറ്റ മേഖല ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി. വിവിധ മേഖലകളിൽ നിന്നും മേഖല ഭാരവാഹികൾ, മേഖല ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ് എന്നിവരടക്കം നൂറോളം പേർ പങ്കെടുത്തു.

**സാഹിത്യ മത്സരം:** K.C.Y.M രൂപതാതല സാഹിത്യ മത്സരം ഓൺലൈനായി ജൂലൈ 29, 30 തീയതികളിൽ നടത്തി.

**യുവജനദിനാഘോഷം:** ജൂലൈ 9 യുവജന ദിനത്തിൽ, രൂപതാതല യുവജനദിനാഘോഷം നിലമ്പൂർ മേഖലയിൽ നടത്തപ്പെട്ടു.

ടി.കെ കോളനി യൂണിറ്റ് ഉദ്ഘാടനം ചെയ്തു. വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.

**പ്രവർത്തന മാസാചരണം:** K.C.Y.M ആഗസ്റ്റ് പ്രവർത്തന മാസാചരണത്തിന് മേഖലയൂണിറ്റ് തലങ്ങളിൽ ആരംഭം കുറിച്ചു. ക്രൈസ്തവ യുവതയുടെ വിശ്വാസജീവിതം എന്ന ഉപവിഷയത്തെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾക്കാണ് തുടക്കം കുറിച്ചത്.

**പ്രതിഷേധ സംഗമം:** K.C.Y.M ആഹ്വാനപ്രകാരം ഓഗസ്റ്റ് 15 സ്വാതന്ത്ര്യ ദിനത്തിൽ യുവതികളുടെ നേതൃത്വത്തിൽ യൂണിറ്റ് തലങ്ങളിൽ സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ നടക്കുന്ന മനുഷ്യാവകാശ ലംഘനങ്ങൾക്കും പീഡനങ്ങൾക്കും എതിരെ പ്രതിഷേധ സംഗമം നടത്തപ്പെട്ടു.

**ലെറ്റർ ക്യാമ്പയിൻ:** മണിപ്പൂർ സംഘർഷം തുടരുന്ന സാഹചര്യത്തിൽ സമാധാനം പുനസ്ഥാപിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് K.C.Y.M സംസ്ഥാന സമിതിയുടെ ആഹ്വാനപ്രകാരം ലെറ്റർ ക്യാമ്പയിൻ നടത്തപ്പെട്ടു.

**Red Ribbon Anti Drug Compaingn:** ലഹരിവിരുദ്ധ സന്ദേശം നൽകുന്ന വീഡിയോ ജൂലൈ 15 മുതൽ 25 വരെ സാമൂഹിക മാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ചു.

**ആശംസകൾ:** ഇടവക വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ മാനന്തവാടി രൂപതയിലെ പ്രിയ വൈദികർക്ക് തിരുനാൾ ആശംസകൾ നേർന്നു.

**യൂണിറ്റ് വാർത്തകൾ**

**മണിമൂളി:** വി. തോമസ് മൂർ ദിനത്തിൽ യുവജനങ്ങൾ വി. ബലിയിൽ പങ്കെടുത്തു, മണിപ്പൂരിനുവേണ്ടി പ്രാർത്ഥിച്ചു, Red Ribbon Anti Drug Compaign ന്റെ ഭാഗമായി യൂണിറ്റിൽ ഒപ്പ് ശേഖരണവും, C.K.H.S സ്കൂളിലെ വിദ്യർത്ഥികളും K.C.Y.M അംഗങ്ങളും സംയുക്തമായി പാലാട്, മണിമൂളി, നെല്ലിക്കുത്ത് പ്രദേശങ്ങളിൽ ഫ്ളാഷ് മോബും, തെരുവ് നാടകവും അവതരിപ്പിച്ചു. Christ king school Â anti-drug പ്ലാക്കാർഡ് മത്സരം നടത്തി. ഇടവകയിൽ രോഗികളായി കിടക്കുന്നവരെ സന്ദർശിച്ചു ഭക്ഷണ സാധനങ്ങൾ എത്തിച്ചു കൊടുത്ത് അവർക്ക് വേണ്ടി പ്രത്യേകമായി പ്രാർത്ഥിച്ചു. യുവജനങ്ങളുടെ നേതൃത്വത്തിൽ സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പ് നടത്തി.

**ബത്തേരി:** Blood donate ചെയ്യാൻ താല്പര്യമുള്ളവരെ കണ്ടെത്തി

വിവരങ്ങൾ ശേഖരിച്ച് ഒരു Directory യും' Donate blood save life' എന്നൊരു W'ts App group ഉം, നിർമ്മിച്ചു. വായനദിനത്തിൽ book review contest ഉം, Father's day യുമായി ബന്ധപ്പെട്ട് Photo contest ഉം, നടത്തി. ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് ഹ്രസ്വചിത്രം നിർമ്മിച്ചു. മണിപ്പൂർ പ്രശ്നവുമായി ബന്ധപ്പെട്ട് വിവിധ ക്രിസ്തീയ സംഘടനകളുടെ നേതൃത്വത്തിൽ നടന്ന പ്രതിഷേധ റാലിയിൽ KCYM അംഗങ്ങൾ പങ്കെടുത്തു. യുവജന ദിനത്തിൽ KCYM അംഗങ്ങളുടെ അംഗത്വ സ്വീകരണം, നവീകരണം, ജപമാല വിതരണം, സമ്മാനദാനം, കേശദാനം എന്നിവ നടത്തി.

**പട്ടാണിക്കൂപ്പ്:** വിശുദ്ധ പൗലോസ് ശ്ലീഹായുടെ തിരുനാൾ ദിനത്തിൽ വിശുദ്ധ കുർബാനയിലെ വായനകൾ, പാട്ട്, പ്രാർത്ഥന എന്നിവയ്ക്ക് കെ.സി.വൈ.എം അംഗങ്ങൾ നേതൃത്വം നൽകി. വിശുദ്ധ കുർബാനയ്ക്കു ശേഷം മണിപ്പൂർ സംസ്ഥാനത്തിനുവേണ്ടിയും, ലഹരിക്ക് അടിപ്പെട്ടവർക്കുവേണ്ടിയും ഒരു മണിക്കൂർ ആരാധന നടത്തി. രോഗീ സന്ദർശനം നടത്തുകയും അവർക്ക് ആവശ്യമായ ഭക്ഷണസാധനങ്ങൾ കൊടുക്കുകയും ചെയ്തു.

**കയ്യൂന്നി:** പരിസ്ഥിതി ദിനത്തിൽ വൃക്ഷത്തൈകൾ നട്ടു. മണിപ്പൂരിനു വേണ്ടി പ്രാർത്ഥനാവാരവും ജപമാലയും നടത്തി. അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് സെമിനാറും പോസ്റ്റർ പ്രദർശനവും നടത്തി.

**കുറുമണി:** ക്യാൻസർ രോഗികൾക്കായി കേശദാന ക്യാമ്പ് സംഘടിപ്പിച്ചു. യുവജന ദിനത്തോടനുബന്ധിച്ച് യുവജനങ്ങൾ ദിവ്യബലിയിൽ സംബന്ധിച്ചു. ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലി. യുവജനങ്ങൾക്കും കുട്ടികൾക്കും വേണ്ടി ലഹരി വിരുദ്ധ സെമിനാർ നടത്തി. അഡ്വ. ജോയി കട്ടക്കയം സാർ സെമിനാർ നയിച്ചു. മണിപ്പൂരിലെ ക്രൈസ്തവ വേട്ടക്കെതിരെ കാവുംമന്ദത്തുവച്ചു നടത്തിയ പ്രതിഷേധ മാർച്ചിൽ യുവജനങ്ങൾ പങ്കെടുത്തു.

**തരിയോട്:** തിരുഹൃദയ തിരുനാളിൽ എസ്.എച്ച് കോൺവെന്റിൽ വച്ച് നടന്ന 13 മണി ആരാധനയിൽ യൂണിറ്റ് അംഗങ്ങൾ പങ്കെടുത്തു. സെന്റ് മേരീസ് സ്കൂളിൽ വച്ച് നടന്ന വായന ദിനാചരണത്തിൽ മുഖ്യ പ്രഭാഷകനായി ഏവരുടെയും ശ്രദ്ധ ആകർഷിച്ച യൂണിറ്റ് കോഡിനേറ്റർ ടോണിയെ അഭിനന്ദിച്ചു. ലഹരി വിരുദ്ധമാസാചരണം ആരംഭിച്ചു. കലാപരിപാടി, സ്റ്റാറ്റസ് വീഡിയോ, പ്രാർത്ഥനായജ്ഞം, ഭവനസന്ദർശനം, രോഗീസന്ദർശനം, തുടങ്ങിയ വിവിധ പരിപാടികൾ നടത്തി.

**മുള്ളൻകൊല്ലി:** പരിസ്ഥിതി ദിനത്തിൽ ജെറിൻ പൊയ്കയിൽ അച്ചൻ വൃക്ഷത്തൈകൾ നട്ടു. വിശുദ്ധ കുർബാനയുടെ തിരുനാൾ ദിനത്തിൽ ഇടവകയിൽ സേവനം ചെയ്യുന്ന SABS സിസ്റ്റേഴ്സിന് ആശംസകൾ നേരുകയും കെ.സി.വൈ.എം. അംഗങ്ങൾ ഒരു മണിക്കൂർ ആരാധന നടത്തുകയും ചെയ്തു. ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് KCYM മാനന്തവാടി രൂപതയുടെ Red ribbon anti drug campaign ൽ പ്രതിജ്ഞ എടുക്കുകയും ലഹരി വിരുദ്ധ ഗാനം ആലപിക്കുകയും ചെയ്തു.

**ദ്വാരക:** വായനാ ദിനത്തിൽ യൂണിറ്റിലെ അംഗങ്ങൾക്ക് ഉപന്യാസ മത്സരവും, ലഹരി വിരുദ്ധ ദിനത്തിൽ പ്രതിജ്ഞയും ബോധവത്ക്കരണവും, വി.പൗലോസ് ശ്ലീഹായുടെ തിരുനാൾ ദിനത്തിൽ യുവജനങ്ങൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥനയും, ക്ഷീര ദിനത്തിൽ ക്ഷീര കർഷക കുടുംബത്തെ സന്ദർശിക്കുകയും ആദരിക്കുകയും ചെയ്തു.

**പുതിയിടംകുന്ന്:** Together മേഖല ക്യാമ്പിൽ ഇടവകയിൽ നിന്നും 4 അംഗങ്ങൾ പങ്കെടുത്തു. ലഹരി വിരുദ്ധ പ്രതിജ്ഞ എടുത്തു. ലഹരി വിരുദ്ധ സെമിനാറും ദൈവവിളി സെമിനാറും നടത്തി. പാവപ്പെട്ട ഒരു കുടുംബത്തിന് 1500 രൂപയുടെ ഭക്ഷണ കിറ്റ് വിതരണം ചെയ്തു. രോഗീ സഹായമായി 1000 രൂപ നൽകി. മണിപ്പൂരിനു വേണ്ടി ആരാധനയും ജപമാലയും ചൊല്ലി പ്രാർത്ഥിച്ചു. ദുക്റാനാതിരുനാളിൽ മരണം മൂലം വേർപിരിഞ്ഞു പോയ മുൻവികാരി തോമസച്ചന്റെ ആത്മ ശാന്തിക്കുവേണ്ടി KCYM അംഗങ്ങൾ പ്രാർത്ഥിച്ചു. ഗ്രാൻഡ് പാരൻസ് ഡേ യിൽ മാതാപിതാക്കളെ ആദരിച്ചു. ഭവന നിർമ്മാണ സഹായം നലകി. രോഗി സഹായം നല്കി. വിവിധ മേഖലകളുടെ നേതൃത്വത്തിൽ ദ്വാരകയിൽ വെച്ച് നടന്ന മണിപ്പൂർ പ്രതിഷേധ റാലിയിൽ അംഗങ്ങൾ പങ്കെടുത്തു.

**നരിവാലമുണ്ട:** രക്തദാന ദിനത്തിൽ യൂണിറ്റിന്റെ നേതൃത്വത്തിൽ നിലമ്പൂർ ഗവൺമെന്റ് ആശുപത്രിയിൽ യുവജനങ്ങൾ രക്തദാനം നടത്തി. വായനാ ദിനത്തിൽ ഇടവകയിലെ അൾത്താര ശുശ്രൂഷികൾക്കായി ബൈബിൾ വായനാ മൽസരവും, ലഹരിവിരുദ്ധ ദിനത്തിൽ ഇടവകയിലെ മതബോധന വിദ്യാർത്ഥികൾക്കായി ഡോക്യുമെന്ററി പ്രദർശനവും നടത്തി. ഡോക്ടേർസ് ഡേയിൽ ഇടവകയിലെ ഡോക്ടറായ സി.മേഴ്സിയെയും, ദുക്റാന തിരുനാളിൽ ഇടവകയിലെ തോമസ് നാമധാരികളെയും, സ്നേഹോപഹാരം നൽകി ആദരിച്ചു. 'ലഹരിവിരുദ്ധ യൗവനം' യുവജനദിന പ്രമേയമായി

ഉൾക്കൊണ്ടു വി.കുർബാനക്ക് ശേഷം ഫ്ളാഷ് മോബും, ഇടവക ജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ‘SIGN CHALLENGE’ നടത്തി ലഹരി വിരുദ്ധ സന്ദേശം നൽകുന്ന വീഡിയോ നിർമ്മിച്ച് സോഷ്യൽ മീഡിയയിൽ പങ്കുവെച്ചു. മണിപ്പൂർ കലാപത്തിനെതിരെ പ്രതിക്ഷേധിച്ചു കൊണ്ട് പ്രതിഷേധ റാലി നടത്തി. അൽഫോൻസാമ്മാ ദിനത്തോട നുബന്ധിച്ച് അൽഫോൻസാമ്മയുടെ ജീവചരിത്രത്തിന്റെ ഒരേട് വീഡിയോയായി നിർമിച്ചു സോഷ്യൽ മീഡിയായിൽ പങ്കുവച്ചു.

**കണിയാരം:** പരിസ്ഥിതിദിനത്തിൽ അന്നേ ദിവസം വിവാഹി തരായ പാത്തിക്കുന്നേൽ അമൽ, അഷിത ദമ്പതികൾ വൃക്ഷതൈ നട്ടു. യൂണിറ്റിന്റെ നേതൃത്വത്തിൽ വീടുപണിക്കു സഹായങ്ങൾ ചെയ്തു കൊടുത്തു. ഡോക്ടേഴ്സ് ഡേയിൽ ഇടവകയിലെ എല്ലാ ഡോക്ടേഴ്സ്നെയും ആദരിച്ചു, സമ്മാനങ്ങൾ നൽകി. സെന്റ് തോമസ് ഡേയിൽ ഇടവകയിലെ തോമസ് നാമധാരികളെ ആദരിച്ച് ആശം സകൾ നേർന്നു. യുവജന ദിനത്തിൽ മണിപ്പൂർ ജനതയ്ക്ക് ഐക്യ ദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് യുവജനങ്ങൾ ഒന്നാകെ കണ്ണുകെട്ടി പ്രതി ഷേധിച്ചു. സമിരിറ്റൻ ഭവൻ സന്ദർശിക്കുകയും പ്രിയപ്പെട്ട അപ്പച്ചന്മാ രെയും അമ്മമാരെയും കണ്ട് അവർക്ക് ആശംസകൾ നേർന്നു. വി. അൽഫോൻസാതിരുന്നാളിൽ ഇടവകയിലെ അൽഫോൻസാ നാമ ധാരികളെ ആദരിച്ചു. യുവജനങ്ങൾക്കായി ക്വിസ് കോമ്പറ്റീഷൻ സംഘടിപ്പിച്ചു. ആലുവയിൽ ക്രൂരമർദ്ദനത്തിന് ഇരയായി കൊല്ലപ്പെട്ട ചാന്ദിനിക്കു വേണ്ടി മൗനപ്രാർത്ഥന നടത്തി. ആക്രിചലഞ്ച് നടത്തി ഇടവകാ അതിർത്തിയിലുള്ള ഒരു വീടിന്റെ പണി പൂർത്തീ കരിച്ചു.

**പുതുശ്ശേരിക്കടവ്:** വി.തോമസ് മൂർ അനുസ്മരണം നടത്തി, ലഹരി വിരുദ്ധ മാസാചരണം റവ. ഫാ. പോൾ ഇടയ്കൊണ്ടാട്ട് ഉദ്ഘാ ടനം ചെയ്തു. കൊടി ഉയർത്തുകയും ശേഷം യുവജനങ്ങൾ ലഹരി വിരുദ്ധ പ്രതിജ്ഞ എടുക്കുകയും ചെയ്തു. ലഹരിക്കടിമപ്പെട്ടവരുടെ മോചനത്തിനായി ത്യാഗപൂർവ്വം വിശുദ്ധ കുർബാന, ഒരു ജപമാല, ഉപവാസ പ്രാർത്ഥനാ ദിനം, പോസ്റ്റർ രചന മത്സരം, ചിത്രരചന മത്സരം, ഉപന്യാസരചനാ മത്സരം, ലഹരി വിരുദ്ധ പോസ്റ്റർ, മുദ്രാവാക്യ രചനാ മത്സരം, മുദ്രാവാക്യ വിളി മത്സരം, കാർട്ടൂൺ രചന മത്സരം, ഡിജിറ്റൽ പോസ്റ്റർ മേക്കിങ് എന്നിങ്ങനെ പ്രവർത്ത നങ്ങൾ ചെയ്തു. സിഗ്നേച്ചർ ക്യാമ്പയിൻ നടത്തി. ഫാ. തോമസ് കച്ചറയിൽ ഉദ്ഘാടനം ചെയ്തു. മണിപ്പൂർ കലാപത്തിനെതിരെ ബത്തേരിയിൽ നടന്ന പ്രതിഷേധ റാലിയിൽ ഇടവകയിൽ നിന്നും

എട്ട് യുവജനങ്ങൾ പങ്കെടുത്തു. യുവജന ദിനാഘോഷത്തിൽ വി. കുർബ്ബാനയിൽ കാഴ്ചവയ്പ്പ് നടത്തുകയും വി.കുർബാനയ്ക്കു ശേഷം ഫാ. സണ്ണി മഠത്തിൽ സെമിനാർ നടത്തി. ലഹരി വിരുദ്ധ മാസാചരണത്തിൽ ഇടവകയിലെ യൂണിറ്റ് അടിസ്ഥാനത്തിൽ കൊളാഷ് നിർമ്മാണം, മാഗസിന് പേര് നിർദ്ദേശിക്കൽ, ക്വിസ്, കഥാരചന, കവിതാരചനാ, അടിക്കുറിപ്പ് രചനാ, മാതാവിന്റെ ചിത്രരചനാ തുടങ്ങിയ ഇത്തരം മത്സരങ്ങൾ നടത്തി. ലഹരി വിരുദ്ധ സന്ദേശ റാലി, ആന്റി ഡ്രഗ്ഗ് വാട്സ്ആപ്പ് സ്റ്റാറ്റസ് ക്യാമ്പയിൻ, മാഗസിൻ പ്രകാശനം, ST. VINCENT 'S REHAB: CENTRE സന്ദർശിച്ചു ധനസഹായം നൽകി എന്നിങ്ങനെ പ്രവർത്തനങ്ങൾ ചെയ്തു. വി.ജോൺ മരിയ വിയാനിയുടെ തിരുനാൾ ആഘോഷിക്കുകയും. വികാരി അച്ചന് ആശംസകൾ അറിയിക്കുകയും വിയാനി ഭവൻ സന്ദർശനം നടത്തുകയും ചെയ്തു. **മരക്കടവ്:** തിരുഹൃദയ തിരുനാളിൽ തിരുഹൃദയ വാഗ്ദാനങ്ങൾ പഠന ഭാഗമാക്കി ക്വിസ് മത്സരം നടത്തി, വിമല ഹൃദയ തിരുനാളിൽ പരിശുദ്ധ അമ്മയുടെ തിരുസുരൂപം വഹിച്ചുകൊണ്ട് മണിപ്പൂരിന് വേണ്ടി ജപമാല പ്രദക്ഷിണം നടത്തി, വായന ദിനത്തിൽ ക്വിസ് മത്സരം നടത്തി. മരിച്ചുപോയിട്ടുള്ള പിതാക്കന്മാർക്കുവേണ്ടി ഭവനങ്ങളിൽ തിരി തെളിച്ച് പ്രാർത്ഥിച്ചു. World Music Day ൽ ദേവാലയ ഗായകരെ ആദരിച്ചു. World Yoga Day-ൽ KCYM ഭാരവാഹികൾ മരക്കടവ് Old age home ലെ അമ്മമാർക്ക് യോഗയുടെ പ്രാധാന്യത്തെക്കുറിച്ച് ക്ലാസ്സ് എടുത്തു. ലഹരിക്കെതിരെ പോസ്റ്റർ നിർമ്മിച്ചു 25-മുതൽ 2-ാം തീയതി വരെ ലഹരി വിരുദ്ധ വാരം ആചരിച്ചു. Be +ve with christ എന്ന പേരിൽ ദൈവവിളി സെമിനാർ നടത്തി. Recorery എന്ന പേരിൽ യുവജനങ്ങൾ ഭവനങ്ങൾ സന്ദർശിക്കുകയും ലഹരിയിൽ നിന്ന് പിന്മാറിയ വ്യക്തികളും അവരുടെ കുടുംബങ്ങളുമായി സംവദിക്കുകയും ചെയ്തു. ലഹരിക്കെതിരെ കൊളാഷ് മത്സരം നടത്തി. ഇടവകയിലെ എല്ലാ ഭവനങ്ങളിലും ലഹരി വിരുദ്ധ പ്ലക്കാർഡ് നാട്ടി. ലഹരിവിരുദ്ധ സന്ദേശങ്ങൾ ഗ്രൂപ്പുകളിൽ നൽകി. **തേൾപ്പാറ:** 'നവയുഗം' പരിസ്ഥിതി വാരാഘോഷത്തിന്റെ ഭാഗമായി ഇടവകയിൽ വൃക്ഷ തൈ നട്ടു. യുവതയെ കാർന്നുതിന്നുന്ന ലഹരിക്കെതിരെ RED RIBBON ANTI- DRUG CAMPAIGN ഇടവക വികാരി ഫാ. ഷിജു ഐക്കരകാനായിൽ ഉത്ഘാടനം നടത്തി. യൂണിറ്റ് പ്രസിഡന്റ് ഡിന്റോ തോട്ടുങ്കൽ അധ്യക്ഷത വഹിച്ചു.

സെക്രട്ടറി. മെറിൻ കോട്ടയിൽ ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലി കൊടുത്തു. മണിപ്പൂരിൽ തുടരുന്ന വംശഹത്യയിൽ പ്രതിഷേധിച്ചു കൊണ്ട് ഇടവകയിൽ കറുത്ത മാസ്ക് ധരിച്ച് സമാധാന റാലി സംഘടിപ്പിച്ചു.

**വിളമ്പുകണ്ടം:** പരിസ്ഥിതി ദിനത്തിൽ വൃക്ഷത്തൈകൾ നടുകയും പള്ളിയും പരിസരവും പള്ളിയുടെ മുൻവശത്തെ റോഡും മാലിന്യ മുക്തമാക്കുകയും ചെയ്തു. പരിശുദ്ധ കുർബാനയുടെ തിരുനാളിനോട് അനുബന്ധിച്ച് ദിവ്യകാരുണ്യ ആരാധന നടത്തി. അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനത്തോട് അനുബന്ധിച്ച് ലഹരി വിരുദ്ധ പ്രതിജ്ഞ എടുക്കുകയും പോസ്റ്റർ നിർമ്മിച്ച് സന്ദേശം പങ്കുവയ്ക്കുകയും ചെയ്തു. വിശുദ്ധ പൗലോസ് ശ്ലീഹായുടെ തിരുനാളിനോട് അനുബന്ധിച്ച് ഇടവകയിലെ പൗലോസ് നാമധാരികളെ ആദരിച്ചു.

**ചുണ്ടക്കര:** വയോജനദിനത്തിൽ വൃദ്ധമാതാപിതാക്കളെ ദേവാലയത്തിലേക്ക് കൂട്ടിക്കൊണ്ടുവരുകയും കുമ്പസാരവും വിശുദ്ധ കുർബാനയും ക്രമീകരിക്കുകയും ചെയ്തു. അൽഫോൻസാമ്മയുടെ തിരുന്നാളിനോടനുബന്ധിച്ച് മറ്റു കമ്മിറ്റികളോട് ചേർന്ന് യുവജനങ്ങൾ അൽഫോൻസാമ്മയുടെ കപ്പേള വൃത്തിയാക്കുകയും അലങ്കരിക്കുകയും ചെയ്തു.

**കൽപ്ര:** ജൂലൈ 16, മണിപ്പൂർ ജനതയ്ക്കായി ഇടവക ജനങ്ങൾ തിരികൾ തെളിച്ചു മൗനപ്രാർത്ഥന നടത്തി. വിവിധ ഇനങ്ങളിലായി യൂണിറ്റിൽ ഉള്ള യുവജനങ്ങൾക്ക് മേഖലയിൽ ലഭിച്ച സർട്ടിഫിക്കറ്റും ട്രോഫിയും കുമാരി മെലിൻ ആന്റണി പുളിക്കയിലിന്റെ നേതൃത്വത്തിൽ യുവജനങ്ങൾക്ക് കൈമാറി. ജെറുസലേം മുതൽ മണിപ്പൂർ വരെ ക്രൈസ്തവ സമൂഹം അനുനിമിഷവും നേരിട്ടുകൊണ്ടിരിക്കുന്ന ക്ലേശങ്ങളും പീഡനങ്ങളെയും കുറിച്ച് ഒരു ഡോക്യുമെന്ററി തയ്യാറാക്കി. വയോജനദിനത്തിൽ ദേവാലയത്തിൽ വരാൻ സാധിക്കാത്ത പ്രായമായവരുള്ള വീടുകൾ യുവജനങ്ങൾ സന്ദർശിച്ചു.

**പാലാങ്കര:** ഓഗസ്റ്റ് 15 ന് രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു. യുവജനദിനം ചോക്കാട് ശാന്തിസദൻ ആശ്രമത്തിലെ അമ്മമാരോടപ്പം ആഘോഷിച്ചു.

**അഭിനന്ദ് ജോർജ്ജ് കൊച്ചുമലയിൽ**
ജനറൽ സെക്രട്ടറി

## കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി

**മുള്ളൻകൊല്ലി**

ജൂലൈ 23 മുള്ളൻകൊല്ലി ഇടവകയിൽ ലഹരിവിരുദ്ധ ദൂത് നടത്തി. വിശുദ്ധ കുർബാന, ബോധവൽക്കരണ ക്ലാസ്, കുട്ടികൾക്ക് ക്ലാസ്, ലഹരിവിരുദ്ധ ക്ലബ് രൂപീകരണം എന്നിവ നടന്നു. വികാരി ഫാ. ജസ്റ്റിൻ മൂന്നാനാൽ ഉദ്ഘാടനം ചെയ്തു. മദ്യവിരുദ്ധ സമിതി രൂപതാ ഡയറക്ടർ ഫാ. സണ്ണി മഠത്തിൽ കുർബാനയ്ക്കും ബോധവൽക്കരണ ക്ലാസിനും നേതൃത്വം നൽകി.

**ചുള്ളിയാന**

ജൂലൈ 30ന് ചുള്ളിയാന ഇടവകയിൽ ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ് നടത്തി. വികാരി ഫ്രാൻസിസ് നെല്ലിക്കുന്നേൽ ഉദ്ഘാടനം ചെയ്തു. ലഹരിവിരുദ്ധ ക്ലാസിനും, വിശുദ്ധ കുർബാനയ്ക്കും, കുട്ടികൾക്കുള്ള സെമിനാറിനും രൂപതാ ഡയറക്ടർ നേതൃത്വം നൽകി. കെസിബിസി മദ്യ സമിതിയുടെ യൂണിറ്റ് രൂപീകരിച്ചു.

**തോണിച്ചാൽ**

ഓഗസ്റ്റ് 6 ഞായറാഴ്ച തോണിച്ചാൽ ഇടവകയിൽ ലഹരി വിരുദ്ധ ദൂത് സംഘടിപ്പിച്ചു. വിശുദ്ധ കുർബാനയ്ക്കും, ബോധവൽക്കരണ ക്ലാസിനും, കുട്ടികൾക്കുള്ള സെമിനാറിനും മദ്യ വിരുദ്ധ സമിതി ഡയറക്ടർ നേതൃത്വം നൽകി. ഇടവക വികാരി ഫാ. ജോസഫ് കറുകപ്പള്ളി ഉദ്ഘാടനം ചെയ്തു. ലഹരി വിരുദ്ധ ക്ലബ്ബും മദ്യവിരുദ്ധ സമിതി യൂണിറ്റും രൂപീകരിച്ചു.

**ചുള്ളിയോട്**

ഓഗസ്റ്റ് 13 ഞായറാഴ്ച ചുള്ളിയോട് ഇടവകയിൽ കെ.സി വൈ.എം യൂണിറ്റിന്റെ നേതൃത്വത്തിൽ ലഹരിവിരുദ്ധ ദിനം ആചരിച്ചു. വികാരി ഫാ. ജോസ് തയ്യിൽ ഉദ്ഘാടനം ചെയ്തു. വിശുദ്ധ കുർബാനയ്ക്കും ബോധവൽക്കരണ ക്യാമ്പിനും രൂപതാ ഡയറക്ടർ നേതൃത്വം നൽകി. ലഹരി വിരുദ്ധ ക്ലബ്ബ് രൂപീകരിക്കുകയും സമിതി യൂണിറ്റ് സ്ഥാപിക്കുകയും ചെയ്തു. ലഹരിവിരുദ്ധ ദിനാചരണത്തിന് നേതൃത്വം നൽകിയ കെ.സി.വൈ.എം യൂണിറ്റിന് അഭിനന്ദനങ്ങൾ.

**കൂളിവയൽ**

ഓഗസ്റ്റ് 15ന് കൂളിവയൽ ഇടവകയിൽ ലഹരിവിരുദ്ധ ബോധ

വൽക്കരണ പരിപാടി സംഘടിപ്പിച്ചു. സെമിനാറിനും വി. ബലിക്കും മദ്യ വിരുദ്ധ സമിതി ഡയറക്ടർ നേതൃത്വം നൽകി. സ്വാതന്ത്ര്യ ദിനം ആഘോഷിച്ചു. ഇടവക വികാരി ഫാ. നിഖിൽ ചവരനാൽ ഉദ്ഘാടനം ചെയ്തു.

ജൂലൈ 22ന് തിരുഹൃദയ സന്യാസിനി സമൂഹത്തിലെ സോഷ്യൽ വർക്കർമാർക്കായി സെമിനാർ നടത്തി. രൂപത ഡയറക്ടർ ക്ലാസ്സ് നയിച്ചു കോഡിനേറ്റർ സിസ്റ്റർ ജാസ്മിൻ എസ് എച്ച് നേതൃത്വം നൽകി.

**ലഹരി വിരുദ്ധ വാരാചരണം**

കെ. സി. ബി. സി മദ്യ വിരുദ്ധസമിതിയുടെയും മാനന്തവാടി രൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെയും നേതൃത്വത്തിൽ, ഏജൻസിയുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലഹരിവിരുദ്ധ വാരാചരണം സംഘടിപ്പിച്ചു. ജൂൺ 25 മുതൽ ജൂലൈ രണ്ടു വരെയാണ് വാരാചരണം സംഘടിപ്പിച്ചത്. യു. പി, ഹൈസ്കൂൾ, എൽ. പി. വിഭാഗങ്ങൾക്ക് മികച്ച പ്രവർത്തനത്തിന് സമ്മാനങ്ങളും ക്യാഷ് അവാർഡും ഏർപ്പെടുത്തിയിരുന്നു. എല്ലാ വിദ്യാലയങ്ങളും വളരെ മികച്ച പ്രകടനങ്ങളാണ് കാഴ്ചവെച്ചത്. കുട്ടികൾക്കിടയിലും കുടുംബങ്ങളിലും സമൂഹത്തിലും കോളനികളിലും വിദ്യാലയത്തിലും ലഹരിക്കെതിരെയുള്ള ബോധവൽക്കരണ പരിപാടികൾ, പ്രചരണ പരിപാടികൾ, മത്സരങ്ങൾ, സാമൂഹ്യ ഇടപെടലുകൾ എന്നിവ സംഘടിപ്പിച്ചു. സമൂഹത്തിന്റെ ശ്രദ്ധ പിടിച്ചു പറ്റുന്ന രീതിയിലാണ് ഓരോ വിദ്യാലയവും പരിപാടികൾ സംഘടിപ്പിച്ചത്. മാനേജ്മെന്റിന്റെയും, പി.ടി.എയുടെയും, അധ്യാപകരുടെയും കൂട്ടായ പ്രവർത്തനത്തിലൂടെ ലഹരിവിരുദ്ധ സന്ദേശവും മനോഭാവവും വിദ്യാർഥികളിലും സമൂഹങ്ങളിലും വളർത്തിയെടുക്കുവാൻ സാധിച്ചു. ഇതിന് നേതൃത്വം നൽകിയ എല്ലാ സ്കൂൾ മാനേജർമാരെയും പ്രധാന അധ്യാപകരെയും പി. ടി. എ പ്രസിഡൻറ്, മദർ പി. ടി. എ പ്രസിഡൻറ്, പി. ടി. എ 1 മദർ പി. റ്റി. എ എക്സിക്യൂട്ടീവ് അംഗങ്ങൾ, ലഹരിവിരുദ്ധ ക്ലബ്ബ് അംഗങ്ങൾ, ലഹരി വിരുദ്ധ ക്ലബിന് നേതൃത്വം നൽകുന്ന അധ്യാപകർ എന്നിവർക്ക് ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു. മാനന്തവാടി രൂപതയുടെ എല്ലാ വിദ്യാലയങ്ങളിലും ലഹരിവിരുദ്ധ വാരാചരണം സംഘടിപ്പിക്കുവാൻ നേതൃത്വം നൽകിയ കോർപ്പറേറ്റ് മാനേജർ ബഹു. സിജോ ഇളംകുന്നപുഴ അച്ചനെയും നന്ദിപൂർവം ഓർക്കുകയാണ്.

**ലഹരി വിരുദ്ധ വാരാചരണത്തോടനുബന്ധിച്ച് നടത്തിയ മത്സരങ്ങളുടെ വിലയിരുത്തൽ**
**ജലച്ഛായം**
**എൽ. പി വിഭാഗം**
ഒന്നാം സ്ഥാനം ഹർഷിത എം. ആർ 4 B,
ദേവമാതാ എൽ.പി.എസ് ആടിക്കൊല്ലി
ശിവകീർത്ത് അജീഷ് 4 B
സെന്റ് ജോസഫ് ടി. ടി. ഐ മാനന്തവാടി
**രണ്ടാം സ്ഥാനം**
ഐവാൻ ദേവ് 4 A സെന്റ് ജോസഫ് യു.പി.എസ് കല്ലോടി
**യു. പി വിഭാഗം**
**ഒന്നാം സ്ഥാനം**
അൻവിയ സി. രാജേഷ് 7 D
സെന്റ് ജോസഫ് ടി. ടി. ഐ മാനന്തവാടി
**രണ്ടാം സ്ഥാനം**
ആൻലിയ ബിജു 5 B
സെന്റ് തോമസ് എച്ച് എസ് നടവയൽ
**മൂന്നാം സ്ഥാനം**
ബെന്നറ്റ് ബെന്നി 7 B സെന്റ് മേരിസ് യു. പി സ്കൂൾ കബനിഗിരി
**ഹൈസ്കൂൾ വിഭാഗം**
**ഒന്നാം സ്ഥാനം**
ഫെബിൻ ബി ജോർജ് 10 C
ഫാ. ജി. കെ. എം. എച്ച്. എസ് കണിയാരം
**രണ്ടാം സ്ഥാനം**
പ്രണവ് 9 C
ഐ. ജെ. എം. എച്ച്. എസ് കൊട്ടിയൂർ
**മൂന്നാം സ്ഥാനം**
എൽന എലിസബത്ത് സെന്റ് തോമസ് എച്ച്. എസ് നടവയൽ
**പോസ്റ്റർ നിർമ്മാണം**
**എൽ. പി. വിഭാഗം**
ഒന്നാം സ്ഥാനം
ഐവാൻ ദേവ് 4 A സെന്റ് ജോസഫ് യു.പി.എസ് കല്ലോടി
**രണ്ടാം സ്ഥാനം**
അൽഫിയ റോസ് അൻസാജ് 4 B ദേവമാതാ എൽ. പി ആടിക്കൊല്ലി

**മൂന്നാം സ്ഥാനം**
റിൻഷ ഫാത്തിമ 3 A അസംപ്ഷൻ യു.പി ബത്തേരി
**യു. പി വിഭാഗം**
ദേവ് കൃഷ്ണ ലനീഷ് സെന്റ് സെബാസ്റ്റ്യൻ യു.പി സ്കൂൾ പടിച്ചിറ.
**രണ്ടാം സ്ഥാനം**
അഗ്നെയ അനിൽ 6 A സെന്റ് തോമസ് എച്ച് എസ് നടവയൽ
**മൂന്നാം സ്ഥാനം**
ഹംന നിഹാല 7 C
അസംപ്ഷൻ യു പി സ്കൂൾ ബത്തേരി
**ഹൈസ്കൂൾ വിഭാഗം**
**ഒന്നാം സ്ഥാനം**
അക്ഷ അന്ന ബിനു 10 C നിർമ്മല എച്ച്. എസ് കബിനിഗിരി
**രണ്ടാം സ്ഥാനം**
നജൻ കദീജ 8 D
സെന്റ് കാതറിൻസ് എച്ച് എസ് പയ്യമ്പള്ളി
**മൂന്നാം സ്ഥാനം**
അവന്തിക റ്റി ആർ 9 B സെന്റ് തോമസ് എച്ച്. എസ് നടവയൽ
**കൊളാഷ് നിർമ്മാണം**
**എൽ. പി വിഭാഗം**
**ഒന്നാം സ്ഥാനം**
സെന്റ് തോമസ് എൽ. പി. എസ് നടവയൽ
**രണ്ടാം സ്ഥാനം**
സെന്റ് ജോസഫ് യു. പി എസ് കല്ലോടി
**മൂന്നാം സ്ഥാനം**
ദേവമാത എൽ. പി. എസ്
**ആടിക്കൊല്ലി**
**യു. പി വിഭാഗം**
**ഒന്നാം സ്ഥാനം**
സെന്റ് ജോസഫ് യു. പി കല്ലോടി
**രണ്ടാം സ്ഥാനം**
സെന്റ് ജോസഫ് ടി. ടി. ഐ മാനന്തവാടി

**മൂന്നാം സ്ഥാനം**
അസംപ്ഷൻ എ. യു. പി. എസ് ബത്തേരി
**ലഹരി വിരുദ്ധ വാരാചരണം**
**മികച്ച പ്രകടനം കാഴ്ചവെച്ച് ക്യാഷ് അവാർഡിനും മെമന്റോയ്ക്കും അർഹമായ വിദ്യാലയങ്ങൾ**
**എൽ. പി വിഭാഗം**
**ഒന്നാം സ്ഥാനം**
സെന്റ് ജോർജ് എൽ. പി സ്കൂൾ കൊളവയൽ
**രണ്ടാം സ്ഥാനം**
സെന്റ് സെബാസ്റ്റ്യൻസ് എൽ. പി. സ്കൂൾ വാഴവറ്റ
**മൂന്നാം സ്ഥാനം**
സെന്റ് തോമസ് എൽ. പി. സ്കൂൾ നടവയൽ
**യു. പി വിഭാഗം**
**ഒന്നാം സ്ഥാനം**
സെന്റ് ജോസഫ് യു. പി സ്കൂൾ കല്ലോടി
**രണ്ടാം സ്ഥാനം**
അസംപ്ഷൻ യു. പി സ്കൂൾ ബത്തേരി
**മൂന്നാം സ്ഥാനം**
സെന്റ് തോമസ് യു. പി സ്കൂൾ മുള്ളൻകൊല്ലി
**ഹൈസ്കൂൾ വിഭാഗം**
**ഒന്നാം സ്ഥാനം**
നിർമല എച്ച്. എസ് കമ്പനിഗിരി
**രണ്ടാം സ്ഥാനം**
സി. കെ. എച്ച്. എസ് മണിമൂളി
**മൂന്നാം സ്ഥാനം**
ഫാ. ജി. കെ. എം. എച്ച്. എസ് കണിയാരം

മത്സരത്തിൽ പങ്കെടുക്കുകയും മികച്ച പ്രകടനം കാഴ്ചവയ്ക്കുകയും ചെയ്ത എല്ലാ വിദ്യാർത്ഥികളെയും വിദ്യാലയങ്ങളെയും ഒരിക്കൽ കൂടി അഭിനന്ദിക്കുന്നു.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപത പ്രസിഡന്റ്

**വിവാഹ ഒരുക്ക കോഴ്സുകൾ**

ആഗസ്റ്റ് 11 മുതൽ 14 വരെയുള്ള തീയതികളിൽ നടത്തിയ വിവാഹ ഒരുക്ക കോഴ്സിൽ 46 പേർ പങ്കെടുത്തു. സെപ്റ്റംബർ മാസത്തെ വിവാഹ ഒരുക്ക കോഴ്സ് 26, 27, 28, 29 തീയതികളിലും ഒക്ടോബർ മാസത്തെ വിവാഹ ഒരുക്ക കോഴ്സ് 14, 15, 16,17 എന്നീ തീയതികളിലും നടത്തപ്പെടുന്നു.

**മാതൃവേദി**

മണിപ്പൂർ സംഘർഷത്തിനെതിരെ ബത്തേരി എക്യുമെനിക്കൽ ഫോറത്തിന്റെയും മാനന്തവാടി രൂപതയുടെയും ആഭിമുഖ്യത്തിൽ നടന്ന സംയുക്ത പ്രതിഷേധ റാലിയിൽ മാനന്തവാടി രൂപത മാതൃവേദി അംഗങ്ങൾ പങ്കെടുത്തു. ഇടവകകളിൽ തോമസ് നാമധാരികളെ ആദരിച്ചു. മണിപ്പൂരിൽ സമാധാനം സംജാതമാകുന്നതിന് വേണ്ടി ജൂലൈ 2-ാം തീയതി പ്രാർത്ഥനാദിനമായി ആചരിക്കുകയും എല്ലാ ഇടവകകളിലും ഒരു മണിക്കൂർ പ്രാർത്ഥന നടത്തുകയും ചെയ്തു. രൂപതാ ടീം അംഗങ്ങൾ പോരൂർ സ്നേഹാലയം സന്ദർശിച്ച് ഉച്ചഭക്ഷണവും മധുരപലഹാരങ്ങളും നൽകി. ഗ്രാന്റ് പാരെന്റ്സ് ഡേയിൽ ദേവാലയത്തിൽ വരാൻ കഴിയാത്തവർക്ക് ഭവനങ്ങളിൽ വി. കുർബാന സ്വീകരിക്കുവാനുള്ള സൗകര്യങ്ങൾ ഒരുക്കി. വി. അൽഫോൻസാമ്മയുടെ തിരുനാൾ ദിനത്തിൽ രൂപതാ മാതൃവേദി ടീം അംഗങ്ങൾ ദ്വാരകയിലെ അൽഫോൻസാ ദേവാലയം സന്ദർശിച്ച് ജപമാല, നൊവേന എന്നിവ ചൊല്ലി പ്രാർത്ഥിച്ചു. ജൂലൈ 29-ാം തീയതി മണിപ്പൂരിൽ സംഘർഷം അവസാനിക്കുന്നതിനുവേണ്ടി അമ്മമാർ ഉപവാസ ദിനമായി ആചരിച്ചു. മണിപ്പൂരിൽ സ്ത്രീകൾക്കും ന്യൂനപക്ഷങ്ങൾക്കും എതിരെ നടക്കുന്ന അതിക്രമങ്ങൾ കണ്ടില്ലെന്ന് നടിക്കുന്ന കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ നടപടികൾക്കെതിരായി മാനന്തവാടി രൂപത മാതൃവേദി പ്രതിഷേധം അറിയിച്ചു. മണിപ്പൂരിൽ ദുരിതം അനുഭവിക്കുന്ന സഹോദരങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുകയും ആത്മനാ അവരോടൊപ്പം ചേരുകയും ചെയ്യുന്നു എന്ന് മാനന്തവാടി രൂപതാ മാതൃവേദി അംഗങ്ങൾ പ്രസ്താവനയിൽ അറിയിച്ചു.

**മരിയൻ സിംഗിൾസ്**

രൂപതാ മീറ്റിംഗ് നടത്തി. 18 അംഗങ്ങൾ പങ്കെടുത്തു. അടുത്ത മീറ്റിംഗ് സെപ്റ്റംബർ 25.

**മേഖലാ വാർത്തകൾ**

**തരിയോട്**

മണിപ്പൂർ സംഘർഷത്തിനെതിരെ ബത്തേരിയിൽ വച്ച് നടന്ന പ്രതിഷേധ റാലിയിൽ മേഖല ടീം അംഗങ്ങൾ പങ്കെടുത്തു. മേഖലാ തലത്തിൽ നവോമി സംഗമം നടത്തി. മണിപ്പൂർ സംഘർഷത്തിനെതിരെ തരിയോട് മേഖലയിൽ നടത്തിയ പ്രതിഷേധ റാലിയിൽ മേഖലയിലെ അമ്മമാർ പങ്കെടുത്തു. മേഖലാ ടീം പന്തിപ്പൊയിൽ ഇടവക സന്ദർശിച്ച് മാതൃവേദി പ്രവർത്തനങ്ങൾ സജീവമാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി.

**ദ്വാരക**

മണിപ്പൂരിനു വേണ്ടി കരുണ കൊന്ത ചൊല്ലി പ്രാർത്ഥിച്ചു. സെന്റ് തോമസ് ദിനം യൂണിറ്റുകളിൽ സമുചിതമായി ആചരിച്ചു.മേഖലയുടെ നേതൃത്വത്തിൽ ഏഴര പള്ളികളെക്കുറിച്ച് ഒരു 'ലഘുവിവരണം' തയ്യാറാക്കൽ മത്സരം സംഘടിപ്പിച്ചു.മേഖലയുടെ നേതൃത്വത്തിൽ നേതൃസംഗമവും സെമിനാറും സംഘടിപ്പിച്ചു. ഗ്രാന്റ് പാരന്റ്സ് ദിനം, യോവാക്കിം - അന്ന ദിനം എന്നിവയോടനുബന്ധിച്ച് യൂണിറ്റുകളിൽ വൃദ്ധമാതാപിതാക്കളെ സന്ദർശിക്കൽ, വൃദ്ധ സദനം സന്ദർശിക്കൽ, ആദരിക്കൽ എന്നിവ നടത്തി. യൂണിറ്റുകളിൽ അൽഫോൻസ ക്വിസ് സംഘടിപ്പിച്ചു.

**ചുങ്കക്കുന്ന്**

ചുങ്കക്കുന്ന് മേഖല വാർഷികം സമ്മേളനം കൊട്ടിയൂർ ശാഖയിൽ നടത്തി. ആധുനികകാലത്ത് സ്ത്രീകൾ നേരിടുന്ന പ്രതിസന്ധികളും, മദ്യം, മയക്കുമരുന്ന് മുതലായവയുടെ ദുരുപയോഗത്തിൽ നിന്നും യുവതലമുറയെ എങ്ങനെ രക്ഷിക്കാം എന്ന വിഷയത്തെ ആസ്പദമാക്കി ബഹുമാനപ്പെട്ട കേളകം എസ്. ഐ. ജാൻസി മാത്യു ക്ലാസ് എടുത്തു. വൃദ്ധ മാതാ-പിതാക്കളെ സന്ദർശിച്ചു.

**ശാഖാ വാർത്തകൾ**

**പനംഞ്ചിറ**

ദുക്റാന തിരുനാൾ ആചരിച്ചു. തടവറയിൽ കഴിയുന്ന സഹോദരങ്ങൾക്കു വേണ്ടി ജപമാല ചൊല്ലി പ്രാർത്ഥിച്ചു. മണിപ്പൂരിൽ വേദനയനുഭവിക്കുന്നവർക്കു വേണ്ടി കരുണ കൊന്ത ചൊല്ലി പ്രാർത്ഥിച്ചു. രോഗീ സന്ദർശനം നടത്തി.

**അമരക്കുനി**

വയോജന ദിനം ആചരിച്ചു. വൃദ്ധ മാതാപിതാക്കളെ ഷാളുകൾ അണിയിച്ചു. രോഗീ സന്ദർശനം നടത്തി. മണിപ്പൂരിനു വേണ്ടി കൊന്ത ചൊല്ലി പ്രാർത്ഥിച്ചു.

**കബനിഗിരി**

അഖണ്ഡ ജപമാല നടത്തി. ദുക്റാന തിരുനാൾ, വി. അന്ന – യോവാക്കിം തിരുനാൾ, വി. അൽഫോൻസാമ്മയുടെ തിരുനാൾ എന്നിവ ആചരിച്ചു. സമാധാന റാലിയിൽ പങ്കെടുത്തു. ചികിത്സാ സഹായം നൽകി.മണിപ്പൂർ ജനതക്കുവേണ്ടി ഉപവാസമെടുത്തു പ്രാർത്ഥിച്ചു. മേഖലാ എക്സിക്യൂട്ടീവ് മീറ്റിംഗിൽ പങ്കെടുത്തു. സെമിനാരി വിദ്യാർത്ഥികളുടെ പഠനത്തിനായി 5000/–രൂപ സംഭാവന നൽകി.

**തവിഞ്ഞാൽ**

എക്സിക്യൂട്ടീവ് കൂടി. ദേവാലയ നിർമ്മാണ പൂർത്തീകരണത്തിനായി പ്രാർത്ഥിച്ചു.ഭവന സന്ദർശനം, രോഗി സന്ദർശനം എന്നിവ നടത്തി. മേഖല യൂണിറ്റ് ഭാരവാഹി സംഗമത്തിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു. മണിപ്പൂരിന് വേണ്ടി ഉപവാസ പ്രാർത്ഥന ദിനമായി ആചരിച്ചു.

**പോരൂർ**

ദുക്റാന തിരുനാൾ, കർമ്മല മാതാവിന്റെ തിരുനാൾ, വി. അന്ന –ജോവാക്കിം തിരുനാൾ, വി. അൽഫോൻസാമ്മയുടെ തിരുനാൾ എന്നിവ ആചരിച്ചു. എക്സിക്യൂട്ടീവ് അംഗങ്ങൾ ഗവൺമെന്റ് ഹോസ്പിറ്റൽ സന്ദർശിച്ച് ഉച്ചഭക്ഷണം നൽകി. എക്സിക്യൂട്ടീവ് കൂടി. ഭവന സന്ദർശനം നടത്തി.

**പുതുശ്ശേരിക്കടവ്**

മണിപ്പൂർ സംഘർഷത്തിനെതിരെയുള്ള പ്രതിഷേധ റാലിയിൽ പങ്കെടുത്തു. ദുക്റാന തിരുനാൾ ആചരിച്ചു. ലഹരിവിരുദ്ധ ക്യാമ്പയിനിൽ ഒപ്പുവച്ചു. മണിപ്പൂർ കലാപങ്ങൾ ശാന്തമാകുന്നതിനു വേണ്ടി പ്രാർത്ഥിച്ചു. ലഹരിവിരുദ്ധ സെമിനാറിൽ പങ്കെടുത്തു. മേഖല നവോമി സംഗമത്തിൽ പങ്കെടുത്തു. ലഹരി വിരുദ്ധ കൊളാഷ്, ക്വിസ് മത്സരം, അൽഫോൻസാ ക്വിസ്സ് എന്നിവ നടത്തി.

**പുതിയിടംകുന്ന്**

പള്ളിയും പരിസരവും വൃത്തിയാക്കി. ഭവന സന്ദർശനം, രോഗീ സന്ദർശനം എന്നിവ നടത്തി. ഭവന നിർമ്മാണത്തിന് സാമ്പത്തിക സഹായം നല്കി. രോഗീ സഹായം നൽകി. വചനവും

സുകൃതജപവും അയച്ച് ഇടവകയ്ക്കും രാജ്യത്തിനും വേണ്ടി പ്രാർത്ഥിക്കുന്നു.

**പയ്യമ്പള്ളി**

ശാഖ എക്സിക്യൂട്ടീവ് കൂടി. ദുക്റാന തിരുനാൾ, വി. അൽഫോൻസാമ്മയുടെ തിരുനാൾ, ഗ്രാന്റ് പാരൻസ് ഡേ എന്നിവ ആചരിച്ചു. മണിപ്പൂരിനു വേണ്ടി ഉപവാസ പ്രാർത്ഥന നടത്തി. 'വചന നിറവ്' മത്സരത്തിൽ സജീവമായി പങ്കെടുത്തു.

**പാലാങ്കര**

ദുക്റാനാ തിരുനാൾ ആചരിച്ചു. വിദ്യാഭ്യാസ സഹായമായി 5000-രൂപ നൽകി. ജനറൽബോഡി യോഗത്തിൽ ഡോ. റിൻസി ക്ലാസ്സെടുത്തു. മണിപ്പുരിലെ പീഡനം അനുഭവിക്കുന്ന ജനതക്കുവേണ്ടി നടത്തിയ പ്രേക്ഷോഭ റാലിയിൽ പങ്കെടുത്തു.

**ദീപ്തിഗിരി**

സെമിനാർ നടത്തി. ദുക്റാനാ തിരുനാൾ ആചരിച്ചു. മേഖലാതലത്തിൽ നടന്ന Online പ്രസംഗ മത്സരത്തിൽ പങ്കെടുത്തു. പള്ളിയും പരിസരവും വൃത്തിയാക്കി. രോഗീ സന്ദർശനം നടത്തി. വി. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് മേഖലാതലത്തിൽ നടന്ന പ്രസംഗ മത്സരത്തിൽ പങ്കെടുത്തു.

**മരകാവ്**

മണിപ്പൂർ കലാപത്തിനെതിരെയുള്ള പ്രതിഷേധ കൂട്ടായ്മയിൽ പങ്കെടുത്തു. കടമാൻ തോട് പദ്ധതിക്കെതിരെ പ്രതിഷേധിച്ചു. രോഗീസന്ദർശനം നടത്തി. മാനന്തവാടി ഹോസ്പിറ്റലിൽ ഭക്ഷണം നൽകുന്നതിന് സഹായിക്കാൻ പോയി. വി. അൽഫോൻസാമ്മ ഓൺലൈൻ പ്രസംഗ മത്സരം നടത്തി. പേരന്റ്സ് ഡേയിൽ മുതിർന്ന ദമ്പതികളെ ആദരിച്ചു. സെമിനാരി വിദ്യാർത്ഥികൾക്കായി ഫണ്ട് ശേഖരണം നടത്തി. എലീശ്വാ സന്ദർശനം നടത്തി.

**കുഞ്ഞോം**

തോമാശ്ലീഹാ അനുസ്മരണം പ്രസംഗം മത്സരം നടത്തി. തടവറയിൽ കഴിയുന്നവർക്ക് വേണ്ടി ചെയിൻ റോസറി നടത്തി. ലോഗോസ് പരീക്ഷയ്ക്ക് പേര് രജിസ്റ്റർ ചെയ്തു. വിശുദ്ധ അൽഫോൻസാ അനുസ്മരണപ്രസംഗമത്സരത്തിൽ പങ്കെടുത്തു. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. പള്ളിയും പരിസരവും വൃത്തിയാക്കി.

**ചുള്ളിയാന**

മണിപ്പൂരിനു വേണ്ടി കരുണയുടെ ജപമാല സമർപ്പണം നടത്തി. ദ്വാരക മേഖലയുടെ നേതൃത്തിൽ നടത്തപ്പെട്ട 'തോമാശ്ലീഹായും ഏഴരപ്പള്ളികളും' എന്ന വിഷയത്തിൽ നടത്തിയ ലഘു

വിവരണം തയ്യാറാക്കൽ മത്സരത്തിൽ പങ്കെടുത്തു. മേഖല നേതൃ സംഗമത്തിൽ പങ്കെടുത്തു. ഇടവകയിലെ മാതാപിതാക്കൾക്ക് സെമിനാർ നടത്തി. അൽഫോൻസ ക്വിസ് സംഘടിപ്പിച്ചു.

**തരിയോട്**

30000 - രൂപയുടെ കുറി ആരംഭിച്ചു. രോഗീസന്ദർശനം നടത്തി. മേഖലാ നവോമി സംഗമത്തിൽ പങ്കെടുത്തു. മണിപ്പൂർ കലാപം അവസാനിക്കുന്നതിനായി പ്രാർത്ഥനാ ആചരിച്ചു. മണിപ്പൂർ ജനതയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചു തരിയോട് ഫോറോനാ നടത്തിയ റാലിയിൽ പങ്കെടുത്തു.

**പ്രശാന്തഗിരി**

ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് കൊളാഷ് മത്സരം നടത്തി. എക്സിക്യൂട്ടീവ് യോഗം കൂടി. ഭവന സന്ദർശനം നടത്തി. മേഖല സംഗമം, ഉപന്യാസം മത്സരം എന്നിവയിൽ പങ്കെടുത്തു. രൂപതാ ഭവന നിർമ്മാണത്തിന് ധനസഹായം നൽകി.

**സീതാമൗണ്ട്**

മണിപ്പൂർ ഐക്യദാർഢ്യ റാലിയിലും പൊതുസമ്മേളനത്തിലും പങ്കെടുത്തു. വി. അന്ന -ജോവാക്കിം തിരുനാൾ, വി. അൽഫോൻസാമ്മയുടെ തിരുനാൾ എന്നിവ ആചരിച്ചു. മണിപ്പൂർ കലാപത്തിൽ ദുരിതമനുഭവിക്കുന്നവർക്കു വേണ്ടി കരുണ കൊന്ത ചൊല്ലി പ്രാർത്ഥിച്ചു. മേഖല നടത്തിയ ചെയിൻ റോസറിയിൽ പങ്കെടുത്തു.

**കരിമ്പിൽ**

ദുക്റാനാ തിരുനാൾ, വി. അന്നാ, യൊവാക്കീം തിരുനാൾ, വി. മരിയഗൊരേത്തിയുടെ തിരുനാൾ, വി. അൽഫോൻസാമ്മയുടെ തിരുനാൾ എന്നിവ ആചരിച്ചു. രോഗി സന്ദർശനം നടത്തി. മണിപ്പൂരിന് വേണ്ടി ഉപവാസ പ്രാർത്ഥന നടത്തി. Executive മീറ്റിംഗ് കൂടി. പള്ളിയും പരിസരവും വൃത്തിയാക്കി.

**കയ്യുന്നി**

ദുക്റാന തിരുനാൾ, കർമ്മലമാതാ തിരുനാൾ, അന്നാ - യോവാക്കിം തിരുനാൾ, വി. അൽഫോൻസാമ്മയുടെ തിരുനാൾ, അന്താരാഷ്ട്ര നീതി ദിനം, ഗ്രാന്റ് പാരസ് ദിനം, സൗഹൃദ ദിനം എന്നിവ ആചരിച്ചു. പച്ചക്കറി നിർമ്മാണം, പരിസര ശുചീകരണം എന്നിവയ്ക്ക് നേതൃത്യം നൽകി.

**വാളേരി**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. വചന കവചം, സാന്താ മോനിക്ക്, ചെയിൻ റോസറി, എന്നിവ നടത്തി. പ്രായമായ മാതാപിതാക്കളെ

സന്ദർശിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി. ചിട്ടിയുടെ നറുക്കെടുപ്പ് നടത്തി. മണിപ്പൂരിനു വേണ്ടി ഉപവാസം നടത്തി.

**യവനാർകുളം**

ദുക്റാനാ തിരുനാൾ, വി. അന്നാ, യൊവാക്കീം തിരുനാൾ, വി. അൽഫോൻസാമ്മയുടെ തിരുനാൾ എന്നിവ ആചരിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി. മണിപ്പൂരിനു വേണ്ടി ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

**ഇരുളം**

മണിപ്പൂരിന് വേണ്ടി ജപമാല ചൊല്ലി പ്രാർത്ഥിച്ചു. സെമിനാർ നടത്തി. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. മേഖല മീറ്റിങ്ങിൽ പങ്കെടുത്തു. രോഗി സന്ദർശനം നടത്തി. ഏലിശാ സംഗമം നടത്തി. വയോധികരെ ആദരിച്ചു. 2000 – രൂപ ചികിത്സാ സഹായം നൽകി.

**മണിമൂളി**

എക്സിക്യൂട്ടീവ് കൂടി. ആയുർവേദ ഹോസ്പിറ്റലുമായി സഹകരിച്ച് സൗജന്യ ആയുർവേദ ക്യാമ്പ് നടത്തി. മാതാപിതാക്കൾക്കായി സെമിനാർ നടത്തി. വി. യോവാക്കിം, അന്ന തിരുനാൾ ദിനത്തിൽ 60 വയസ്സിന് മുകളിൽ പ്രായമുള്ള ദമ്പതിമാരുടെ സംഗമം, സ്നേഹവിരുന്ന് എന്നിവ നടത്തി. രോഗി സന്ദർശനം നടത്തി. രോഗി സഹായമായി 3000 – രൂപ നല്കി.

**വലിയക്കൊല്ലി**

ദുക്റാനാ തിരുനാൾ, വി. അന്നാ, യൊവാക്കീം തിരുനാൾ, വി. അൽഫോൻസാമ്മയുടെ തിരുനാൾ എന്നിവ ആചരിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി. മണിപ്പൂരിന് വേണ്ടി ജപമാല ചൊല്ലി പ്രാർത്ഥിച്ചു. രോഗി സന്ദർശനം നടത്തി. മേഖല സംഗമത്തിൽ പങ്കെടുത്തു.

**മരക്കടവ്**

ദുക്റാനാ തിരുനാൾ, വി. അന്നാ – യൊവാക്കീം തിരുനാൾ, വി. അൽഫോൻസാമ്മയുടെ തിരുനാൾ എന്നിവ ആചരിച്ചു. ചികിത്സ സഹായമായി 1000 – രൂപ നൽകി. മേഖല മീറ്റിങ്ങിൽ പങ്കെടുത്തു. വിശുദ്ധ അൽഫോൻസാമ്മയെ കുറിച്ച് ഓൺലൈൻ പ്രസംഗം മത്സരം നടത്തി. മേഖല നടത്തിയ ചെയിൻ റോസറിയിൽ പങ്കെടുത്തു. സെമിനാരി ഫണ്ട് 2000 – രൂപ നൽകി.

**മാർട്ടിൻ നഗർ**

സെമിനാരി വിദ്യാർത്ഥികളുടെ പഠനസഹായത്തിനായി സംഭാവന സ്വരൂപിച്ച് മേഖലയിൽ ഏൽപ്പിച്ചു. വൃദ്ധ മാതാപിതാ

ക്കൾ, കിടപ്പു രോഗികൾ എന്നിവരെ സന്ദർശിച്ചു. ഒരു നിർദ്ധന കുടുംബത്തിന് ഭക്ഷണ കിറ്റ് നൽകി.

**പുതിയിടം**

ദുക്റാനാ തിരുനാൾ, വി. അന്നാ- യൊവാക്കീം തിരുനാൾ, വി. അൽഫോൻസാമ്മയുടെ തിരുനാൾ എന്നിവ ആചരിച്ചു. വൃദ്ധ മാതാപിതാക്കളെ സന്ദർശിച്ചു. മേഖലാ സംഗമത്തിൽ പങ്കെടുത്തു. രൂപതാ ഭവന നിർമ്മാണത്തിനായി ഫണ്ട് പിരിച്ചു നൽകി. പള്ളിയും പരിസരവും വൃത്തിയാക്കി.

**കരിമാനി**

ദുക്റാനാ തിരുനാൾ, വി. അൽഫോൻസാമ്മയുടെ തിരുനാൾ എന്നിവ ആചരിച്ചു. രോഗീ സന്ദർശനം, ഭവന സന്ദർശനം എന്നിവ നടത്തി. മേഖല സെമിനാറിൽ പങ്കെടുത്തു.

**മക്കിയാട്**

വി.അൽഫോൻസാമ്മയുടെ തിരുനാൾ, വയോജന ദിനം എന്നിവ ആചരിച്ചു. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. മണിപ്പൂരിന് വേണ്ടി പ്രാർത്ഥിച്ചു.

**കുറുമ്പാല**

ദുക്റാനാ തിരുനാൾ, വി. അൽഫോൻസാമ്മയുടെ തിരുനാൾ എന്നിവ ആചരിച്ചു. മണിപ്പൂരിന് വേണ്ടി ഉപവസിച്ച് പ്രാർത്ഥിച്ചു. മേഖല നവോമി മീറ്റിംഗിൽ പങ്കെടുത്തു. ആടിനെ വളർത്താൻ കൊടുത്തു.

**തോമാട്ടുചാൽ**

ദുക്റാനാ തിരുനാൾ, വി. അന്നാ- യൊവാക്കീം തിരുനാൾ, വി. അൽഫോൻസാമ്മയുടെ തിരുനാൾ എന്നിവ ആചരിച്ചു. വൈദിക വിദ്യാർത്ഥി സഹായം നല്കി. രോഗീ സന്ദർശനം നടത്തി.

**കളത്തുവയൽ**

ദുക്റാനാ തിരുനാൾ, വി. അന്നാ- യൊവാക്കീം തിരുനാൾ, വി. അൽഫോൻസാമ്മയുടെ തിരുനാൾ എന്നിവ ആചരിച്ചു. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. ലഹരി വിരുദ്ധ സെമിനാർ നടത്തി.

**കേളകം**

അഗതി മന്ദിരത്തിൽ പൊതിച്ചോർ വിതരണം ചെയ്തു. രോഗീ സന്ദർശനം നടത്തി. ഉപവാസ തുക വഴി പാവപ്പെട്ട കുടുംബങ്ങളെ സഹായിക്കുന്നു.

**പൂക്കോട്ടുംപാടം**

വചന വിചിന്തനം നടത്തി. 65 വയസ്സിനു മുകളിൽ പ്രായമായവരുടെ സംഗമം നടത്തി. രോഗീ സന്ദർശനം, ഭവന സന്ദർശനം,

നവോമി സന്ദർശനം എന്നിവ നടത്തി. വൈദിക വിദ്യാർത്ഥി സഹായമായി 3000 -രൂപ നല്കി.

**താളിപ്പാടം**

ലഹരി വിരുദ്ധ ദിനാചരണം നടത്തി. കാരപ്പുറം PHC യുടെ സഹായത്തോടെ മെഡിക്കൽ ക്യാമ്പ് നടത്തി. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. മണിപ്പൂരിന് വേണ്ടി പ്രാർത്ഥിച്ചു.

**ചുങ്കക്കുന്ന്**

ജനറൽ ബോഡി, ശാഖ തെരഞ്ഞെടുപ്പ് എന്നിവ നടത്തി. സെമിനാർ നടത്തി. മേഖല വാർഷികത്തിൽ പങ്കെടുത്തു. മഴക്കാല രോഗങ്ങളും പ്രതിവിധികളും എന്ന വിഷയത്തെ ആസ്പദമാക്കി ഡോ. ഡോണിയ ക്ലാസെടുത്തു. പള്ളിയും പരിസരവും വൃത്തിയാക്കി. പാരൻസ് ഡേയിൽ 70 ന് മുകളിലുള്ള മാതാപിതാക്കളുടെ ഭവനങ്ങൾ സന്ദർശിച്ചു.

**കൊട്ടിയൂർ**

മേഖലാ വാർഷികത്തിൽ പങ്കെടുത്തു. മണിപ്പൂരിന് വേണ്ടി കരുണകൊന്ത ചൊല്ലി പ്രാർത്ഥിച്ചു. വാ മൂടി കെട്ടി തിരി തെളിച്ച് ഐക്യദാർഢ്യം പ്രഖ്യാപിച്ചു.

**നടവയൽ**

മണിപ്പൂർ ജനതയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് ബത്തേരിയിൽ വച്ച് നടന്ന പ്രതിഷേധ റാലിയിൽ പങ്കെടുത്തു. മണിപ്പൂർ ജനതയ്ക്കുവേണ്ടി 7500 - രൂപ സംഭാവന നൽകി. കർക്കിടക കഞ്ഞി കിറ്റ് നിർമിച്ച് കൊടുത്ത് ഫണ്ട് കണ്ടെത്തി. എക്സിക്യൂട്ടീവ് യോഗം കൂടി.

**വഞ്ഞോട്**

വി. അൽഫോൻസാമ്മയുടെ തിരുനാൾ, ഗ്രാൻറ് പാരൻസ് ഡേ എന്നിവ ആചരിച്ചു. എക്സിക്യൂട്ടീവ് യോഗം കൂടി. പള്ളി പരിസരത്തെ കാട് വൃത്തിയാക്കി ചെടികൾ നട്ടു.

**കുറുമണി**

ദുക്റാനാ തിരുനാൾ, വി. അന്നാ- യൊവാക്കീം തിരുനാൾ, കർമ്മല മാതാവിന്റെ തിരുനാൾ, വി. അൽഫോൻസാമ്മയുടെ തിരുനാൾ എന്നിവ ആചരിച്ചു. കിടപ്പ് രോഗികളെ സന്ദർശിച്ചു.

**വടപുറം**

ദുക്റാനാ തിരുനാൾ, വി. അന്നാ- യൊവാക്കീം തിരുനാൾ, കർമ്മല മാതാവിന്റെ തിരുനാൾ, വി. അൽഫോൻസാമ്മയുടെ തിരുനാൾ എന്നിവ ആചരിച്ചു. ഒരു കുടുംബത്തിന് വീടുപണിക്ക്

5000 രൂപ സംഭാവന നല്കി. രോഗി സന്ദർശനം നടത്തി. പള്ളിയുടെ പരിസരത്ത് ചെടികൾ പിടിപ്പിച്ചു. മരിയൻ ക്വിസ് നടത്തി.

**തലഞ്ഞി**

ദുക്റാനാ തിരുനാൾ, വി. അന്നാ- യൊവാക്കീം തിരുനാൾ, വി. അൽഫോൻസാമ്മയുടെ തിരുനാൾ എന്നിവ ആചരിച്ചു. അഖണ്ഡ ജപമാലയിൽ പങ്കെടുത്തു. വി. അൽഫോൻസാമ്മയെകുറിച്ചുള്ള ജീവചരിത്ര ക്വിസ് നടത്തി.

**ദ്വാരക**

ലഹരി വിരുദ്ധ ദിനത്തിൽ ട്രൈബൽ കോളനിയിൽ ബോധവൽക്കരണ ക്ലാസ് നടത്തി. ഓസാനാം ഭവൻ സന്ദർശിച്ചു. മാനന്തവാടി മെഡിക്കൽ കോളേജിൽ ഭക്ഷണം പാകം ചെയ്തു കൊടുത്തു. മണിപ്പൂരിനു വേണ്ടി മധ്യസ്ഥ പ്രാർത്ഥന, പ്രതിഷേധ റാലി, ആരാധന, ചെയിൻ റോസറി എന്നിവ നടത്തി

സ്നേഹാശംസകളോടെ,<br>**ഫാ. ജോജോ കുടക്കച്ചിറ**<br>**ഫാ. എമ്മാനുവേൽ വടക്കേൽ**

# സീയോൻ വാർത്തകൾ

ആദ്യശനി കൺവെൻഷനുവേണ്ടി ശുശ്രൂഷകർ ഓഗസ്റ്റ് 4 വെള്ളിയാഴ്ച്ച, രാവിലെ 10 മുതൽ രാത്രി 9 വരെ പ്രാർത്ഥിച്ചൊരുങ്ങി, സിയോൻ ഹാളിൽ ആവശ്യമായ ഒരുക്കങ്ങൾ ചെയ്തു. 40 ശുശ്രൂഷകർ പങ്കെടുത്തു.

ബഹു. ഫാ. ജിന്റോ തട്ടുപറമ്പിൽ വി. ബലിയർപ്പിച്ചു. ഉച്ച കഴിഞ്ഞ് 1.30 മുതൽ 3.00 വരെ സിയോൻ പൊതുസമ്മേളനം നടന്നു. ഓഗസ്റ്റ് 5ന് ശനിയാഴ്ച രാവിലെ 9.00 മുതൽ ഉച്ചകഴിഞ്ഞ് 2.30 വരെ കൺവെൻഷൻ ശുശ്രൂഷകൾ സാഘോഷം നടന്നു. ഡയറക്ടർ ബഹു. ഫാ. ജിന്റോ തട്ടുപറമ്പിൽ കൺവെൻഷന് നേതൃത്വം നൽകി. ബിജു പുളിക്കൽ, സി. അന്ന FCC, എന്നിവർ ഗാനശുശ്രുഷക്കും ബ്രദർ ജോസഫ് സ്തുതി ആരാധനക്കും, ബഹു. സിസ്റ്റർ സ്മിത CMC, സിസ്റ്റർ അനറ്റ് SKD, സിസ്റ്റർ നവ്യ SH എന്നിവർ മറ്റു ശുശ്രുഷകൾക്കും നേതൃത്വം നൽകി.

ഓഗസ്റ്റ് 6 ഞായറാഴ്ച്ച കുറ്റിമൂല ഇടവകയിൽ വേദപാഠ കുട്ടികൾക്കായി ഏകദിന ക്ലാസും ആരാധനയും നടത്തി.

ഓഗസ്റ്റ് 12ന് ശനിയാഴ്ച്ച രാവിലെ 9.30 മുതൽ 1.00 മണിവരെ സ്പിരിച്വൽ ഷെയറിംഗ് നടത്തി.

ഓഗസ്റ്റ് 17 മുതൽ 20 വരെ ആന്തരീക സൗഖ്യ ധ്യാനം നടത്തപ്പെട്ടു.

ഓഗസ്റ്റ് 25ന് വെള്ളിയാഴ്ച വൈകിട്ട് 6 മുതൽ 12 വരെ സിയോൻ ചാപ്പലിൽ ജാഗരണ പ്രർത്ഥന നടത്തി.

മീഡിയ കമ്മീഷൻ യൂട്യൂബ് ചാനലിലൂടെ എല്ലാ ഞായറാഴ്ചകളിലും വചന വിചിന്തനം നടത്തി.

**ഫാ. ജിന്റോ തട്ടുപറമ്പിൽ**
ഡയറക്ടർ, സിയോൻ സി.ആർ.സി

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

**പ്രിയപ്പെട്ട വിൻസെൻഷ്യൻ സഹോദരരെ,**

എല്ലാവർക്കും സുഖമെന്നു കരുതുന്നു. ജീവിതത്തിന്റെ ഓരോ നിമിഷവും ദൈവത്തിന്റെ ഇടപെടലുകൾ നടക്കുന്നുവെന്ന് നമുക്കെല്ലാ വർക്കും അറിയാം. നാമറിയാതെ നമുക്കു വേണ്ടതെല്ലാം നല്കുന്ന ദൈവത്തിന് നന്ദി പ്രകാശിപ്പിക്കുവാൻ നാം പലപ്പോഴും മറന്നു പോകുന്നു. ഇന്ന് ആശങ്കകളുടെ ഒരു ലോകത്താണ് നാം ജീവിക്കുന്നത്. ആശങ്കകളും ആകാംക്ഷയും മൂലം നമ്മിൽ പലരും അകാലവാർദ്ധക്യം പേറുകയാണ്. എന്താണ് ഈ ആശങ്കകളുടെ അടിസ്ഥാനമെന്ന് നാമാരെങ്കിലും എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ. നാം നമ്മിൽത്തന്നെ ആശ്രയിക്കുന്നതല്ലേ ഈ ആശങ്കകളുടെ അടിസ്ഥാനം. നമ്മെ സൃഷ്ടിച്ച് പരിപാലിക്കുന്ന ദൈവത്തെ നാം പലപ്പോഴും പരിഗണിക്കാറില്ല. ദൈവാശ്രയബോധം നമുക്ക് നഷ്ടമാകുന്നു. ഇത് നമ്മുടെ എല്ലാ പ്രവർത്തനമേഖലകളേയും സ്വാധീനിക്കുന്നുണ്ട്. നമ്മുടെ സംഘടനാ പ്രവർത്തനങ്ങളിൽ ഉണ്ടാകുന്ന നിർജ്ജീവാവസ്ഥയും ഈ ദൈവാ ശ്രയബോധമില്ലായ്മയുടെ അനന്തര ഫലമാണ്. നാളെയെക്കുറിച്ച് നിങ്ങൾ ആകുലരാകരുത് (മത്തായി 6.34). സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി ഇന്ന് ഇത്രയേറെ വളർന്നുവെങ്കിൽ അതിനു പിന്നിൽ ദൈവത്തിന്റെ പ്രത്യേക കരുതലും സംരക്ഷണവുമുള്ളതുകൊണ്ടു മാത്രമാണ്.

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ സ്ഥാപക നായ വാഴ്ത്തപ്പെട്ട ഫെഡറിക് ഓസാനാമിന്റെ തിരുനാൾ സെപ്തംബർ 9 ന് നാം ആഘോഷിക്കുകയാണല്ലോ.1813ൽ ജീൻ ആന്റണിമേരി ദമ്പതികളുടെ മകനായി മിലാനിൽ ജനിച്ച ഫെഡറിക് നമുക്ക് പാവങ്ങളിലേക്ക് പോകാം എന്ന സന്ദേശം ഉയർത്തിയാണ് നമ്മുടെ സംഘടന സ്ഥാപിച്ചത്. ഇന്നും നാം ഈ മുദ്രാവാക്യം മുറുകെ പിടിച്ചാണ് മുന്നേറുന്നത്. 1997ഓഗസ്റ്റ് 22ന് തിരുസഭ ഇദ്ദേഹത്തെ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്ക് ഉയർത്തി. വാഴ്ത്ത പ്പെട്ട ഫെഡറിക് ഓസാനാമിനെ വിശുദ്ധരുടെ ഗണത്തിലേക്ക് ഉയർത്തുവാൻ നമുക്ക് ഈ അവസരത്തിൽ തീഷ്ണമായി

പ്രാർത്ഥിക്കാം. ഓസാനാമിന്റെ തിരുനാൾദിനം ഭക്തിപൂർവം ആചരിക്കുവാൻ എല്ലാവരും പ്രത്യേകം ശ്രദ്ധിക്കുമല്ലോ. നമ്മുടെ സ്വർഗീയ മധ്യസ്ഥനായ സെന്റ് വിൻസെന്റ് ഡി പോളിന്റെ തിരുനാൾ സെപ്റ്റംബർ 27ന് നാം ആഘോഷിക്കുകയാണല്ലോ. എല്ലാ കോൺഫ്രൻസുകളും അതിനായി മുൻകൂട്ടി ഒരുങ്ങണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ദൈവായങ്ങളിൽ ദിവ്യബലിയോടനുബന്ധിച്ച് പ്രത്യേക പ്രാർത്ഥനകൾ, ഭവനസന്ദർശനം, രോഗീ സന്ദർശനങ്ങൾ എന്നിവ ഈ തിരുനാൾദിനത്തിൽ നടത്തുവാനും എല്ലാ അംഗങ്ങളും ശ്രദ്ധിക്കുമല്ലോ.

**എ.സി. നേതൃസംഗമം**

തരിയോട് എ.സി. തല നേതൃസംഗമം കാവുമന്ദം ലൂർദ്ദ്മാതാ ദൈവാലയ ഹാളിൽ നടന്നു. എ.സി. പ്രസിഡൻറ് ബ്രദർ ബെന്നി മാങ്കോട്ടിന്റെ അധ്യക്ഷതയിൽ ചേർന്ന സംഗമം എ. സി. ആത്മീയ ഉപദേഷ്ടാവ് റവ.ഫാദർ ബാബു കക്കാട്ടിക്കാലായിൽ ഉദ്ഘാടനം ചെയ്തു. സി. സി. പ്രസിഡന്റ് ബ്രദർ ബാബു നമ്പുടാകം മുഖ്യസന്ദേശം നല്കി. സി. സി. വൈസ്പ്രസിഡന്റുമാരായ ബ്രദർ ജോണി പാറ്റാനി, സിസ്റ്റർ റോസമ്മ അയ്യംകുഴയ്ക്കൽ, ബ്രദർ തങ്കച്ചൻ മേപ്പാടത്ത് തുടങ്ങിയവർ പ്രസംഗിച്ചു. ബ്രദർ ഫ്രാൻസീസ് എടപ്പാട്ട് റിപ്പോർട്ട് അവതരിപ്പിച്ചു. ബ്രദർ ജോർജ്ജ് കുന്നത്ത് നന്ദി രേഖപ്പെടുത്തി.

**ഓസാനംഭവൻ**

ദൈവകൃപയാൽ ഓസാനംഭവന്റെ പ്രവർത്തനങ്ങൾ ഭംഗിയായി മുന്നേറുന്നു. കഴിഞ്ഞ ദിവസങ്ങളിൽ നമ്മുടെ അന്തേവാസികൾക്ക് പകർച്ചപ്പനി പിടിപെട്ടെങ്കിലും, ദൈവാനുഗ്രഹത്താൽ എല്ലാവരും സുഖം പ്രാപിച്ചു. കോൺഫ്രൻസുകളുടെ ഓസാനംഭവൻ സന്ദർശനം കൂടുതൽ കാര്യക്ഷമമാക്കുന്ന കാര്യം എല്ലാ എ.സി, കോൺഫ്രൻസ് പ്രസിഡൻറുമാരും പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

എല്ലാവർക്കും ദൈവാനുഗ്രഹം നേർന്നുകൊണ്ട്,

സ്നേഹപൂർവം,

**റവ. ഫാ. ജോജോ കുടക്കച്ചിറ**
(സി. സി. ആത്മീയ ഉപദേഷ്ടാവ്)

**ബ്രദർ ബാബു നമ്പുടാകം**
(സി. സി. പ്രസിഡന്റ്)

# സാമൂഹ്യ സേവനരംഗം (WSSS)

**സാമ്പസന്ദർശനം നടത്തി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ മുള്ളൻകൊല്ലി നീർത്തട പ്രദേശത്ത് നടപ്പിലാക്കി വരുന്ന നീരുറവ സംരക്ഷണ പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനുമായി നബാർഡ് റീജിണൽ ഓഫീസിലെ ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീ. സജീവ് പദ്ധതി പ്രദേശത്ത് സന്ദർശനം നടത്തി. പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച നീരുറവ ബോക്സുകൾ, പൊതു കിണർ റീചാർജ്, സ്വകാര്യ കിണർ റീചാർജ്, ജൈവവള നിർമ്മാണ യൂണിറ്റുകൾ, നഴ്സറികൾ തുടങ്ങിയവ അദ്ദേഹം പരിശോധിച്ചു. കൂടാതെ നീർത്തട കമ്മിറ്റി ഭാരവാഹികളുമായി സംസാരിക്കുകയും രേഖകൾ പരിശോധിക്കുകയും ചെയ്തു. ഡെപ്യൂട്ടി ജനറൽ മാനേജരോടൊപ്പം നബാർഡ് വയനാട് ജില്ലാ മാനേജർ ജിഷ വടക്കുംപറമ്പിൽ സന്ദർശനത്തിൽ പങ്കാളി ആയി. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, തിരുനെല്ലി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. പിവി ബാലകൃഷ്ണൻ, വാർഡ് മെമ്പർമാരായ ശ്രീ. സിജിത്, ശ്രീ. ബേബി മാസ്റ്റർ, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ് പി.എ, കോ-ഓർഡിനേറ്റർ ദീപു ജോസഫ്, നീർത്തട കമ്മിറ്റി ചെയർമാൻ സുനിൽ കുമാർ, സെക്രട്ടറി രാജേഷ് കൃഷ്ണ, നീർത്തട കമ്മറ്റി അംഗങ്ങൾ എന്നിവർ സന്ദർശനത്തിന് നേതൃത്വം നൽകി.

**നേഴ്സറി ഉദ്ഘാടനം ചെയ്തു**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ മുള്ളൻകൊല്ലി നീർത്തട പ്രദേശത്ത് നടപ്പിലാക്കി വരുന്ന നീരുറവ സംരക്ഷണ പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച നേഴ്സറിയുടെ ഉദ്ഘാടനം തിരുനെല്ലി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. പി.വി ബാലകൃഷ്ണൻ നിർവ്വഹിച്ചു. നബാർഡ് റീജിയണൽ ഓഫീസിലെ ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീ. സജീവ്, നബാർഡ് വയനാട്

ജില്ലാ മാനേജർ ജിഷ വടക്കുംപറമ്പിൽ, വാർഡ് മെമ്പർമാരായ ശ്രീ. സിജിത്, ശ്രീ. ബേബി മാസ്റ്റർ, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ്. പി. എ, കോ-ഓർഡിനേറ്റർ ദീപു ജോസഫ്, നീർത്തട കമ്മറ്റി ചെയർമാൻ സുനിൽകുമാർ, സെക്രട്ടറി രാജേഷ് കൃഷ്ണ, നീർത്തട കമ്മറ്റി അംഗങ്ങൾ, നഴ്സറി ഏറ്റെടുത്ത് നടപ്പിലാക്കുന്ന ശലഭം തുല്യ ബാധ്യത സംഘത്തിലെ അംഗങ്ങൾ എന്നിവർ ഉദ്ഘാടന പരിപാടിയിൽ പങ്കെടുത്തു.

**ഫാഷൻ ഡിസൈനിംഗ് ആൻഡ് ഗാർമെന്റ് ടെക്നോളജി (FDGT)**

ഏറെ തൊഴിൽ സാധ്യതകളുള്ള FDGT (2 years) കോഴ്സിലേക്ക് 2023-2025 വർഷത്തേക്കുള്ള അഡ്മിഷൻ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ ആരംഭിച്ചിരിക്കുന്നു. കേരള ടെക്നിക്കൽ എഡ്യുക്കേഷന്റെ പി.എസ്.സി അംഗീകാരത്തോട് കൂടിയ കോഴ്സാണിത്. SSLC യോഗ്യത ഉള്ള ദ്വിവർഷ കോഴ്സിലേക്ക് അഡ്മിഷൻ എടുക്കാൻ ആഗ്രഹിക്കുന്നവർ 9645430856, 9482674486, 9048229177 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

**സോഷ്യൽ വെൽഫയർ സൊസൈറ്റി (SWS)**

**സോഷ്യൽ വെൽഫയർ സൊസൈറ്റി മീറ്റിംഗ് നടത്തി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ സാമൂഹ്യ സേവന വിഭാഗമായ സോഷ്യൽ വെൽഫയർ സൊസൈറ്റികളായ ഒണ്ടയങ്ങാടി, ദ്വാരക, ജൂഡ്സ് മൗണ്ട്, തവിഞ്ഞാൽ, തലപ്പുഴ, ആലാറ്റിൽ, കല്ലോടി, കണിയാരം, നടവയൽ, പടമല, യവനാർകുളം, സീതാമൗണ്ട്, മരകാവ്, പട്ടാണികൂപ്പ്, പാടിച്ചിറ, ഒഴുക്കന്മൂല, കുറുമണി, പുതിയിടം, പോരൂർ എന്നീ യൂണിറ്റുകളിൽ മീറ്റിംഗ് നടത്തി. WSSS എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ, ഫാ. സജി പുതുകുളങ്ങര, കോർഡിനേറ്റർമാരായ ആലീസ് സിസിൽ, ഷീന ആന്റണി, റ്റുബിൻ, ജിനി, MSW വിദ്യാർത്ഥികളായ അൻഷിദ, സയന, മേഘ, അനശ്വര എന്നിവർ നേതൃത്വം നൽകി.

**സോപ്പ് ട്രെയിനിംങ്**

ഇല്ലത്തുമൂല, തവിഞ്ഞാൽ, എടമുണ്ട, മാനന്തവാടി, മഞ്ഞൂറ എന്നീ സ്ഥലങ്ങളിൽ 150 പേർക്ക് സോപ്പ് ആൻഡ് ഡിറ്റർജെന്റ് പരിശീലനം നൽകി. ഫാ. ജിനോജ് പാലത്തടത്തിൽ, കോർഡിനേറ്റർ ഷീന ആന്റണി എന്നിവർ നേതൃത്വം നൽകി.

**സ്വാശ്രയ സംഘം രൂപീകരിച്ചു**

യവനാർകുളം, എരുമത്തെരുവ്, ഒണ്ടയങ്ങാടി, പാണ്ടിക്കടവ്, തവിഞ്ഞാൽ, മക്കിമല, തലപ്പുഴ എന്നീ സ്ഥലങ്ങളിൽ സ്വാശ്രയ സംഘങ്ങൾ രൂപീകരിച്ചു.

**JLG രൂപീകരണം**

എടമുണ്ട, കണിയാരം, എരുമത്തെരുവ്, പാണ്ടിക്കടവ് എന്നീ സ്ഥലങ്ങളിൽ JLG രൂപീകരിച്ചു.

**ലീഡേഴ്സ് മീറ്റ്**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ജൂബിലി ആഘോഷത്തിന്റെ ഭാഗമായി SWS ഭാരവാഹികളുടെ ആലോചനായോഗം നടത്തി. ആഘോഷ പരിപാടികൾ സുഗമമായി നടത്തുന്നതിന് രൂപീകരിച്ച കമ്മറ്റിയിലേക്ക് 20 അംഗങ്ങളെ തെരഞ്ഞെടുത്തു. WSSS ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ പി. എ ജോസ്, കോഡിനേറ്റർമാരായ ആലീസ് സിസിൽ, ഷീന ആന്റണി എന്നിവർ നേതൃത്വം നൽകി.

**സുരക്ഷാ ക്യാമ്പയിൻ സംഘടിപ്പിച്ചു**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ തവിഞ്ഞാൽ, തൊണ്ടർനാട്, കുറുക്കന്മൂല, ഒണ്ടയങ്ങാടി, എരുമത്തെരുവ് എന്നീ സ്ഥലങ്ങളിൽ സുരക്ഷാ ക്യാമ്പയിനിലൂടെ പ്രധാനമന്ത്രി സുരക്ഷാ ബീമാ യോജന, പ്രധാനമന്ത്രി ജീവൻ ജ്യോതി ബീമാ യോജന എന്നീ പദ്ധതികളിൽ അംഗങ്ങളെ പങ്കാളികളാക്കി. റിസർവ്വ് ബാങ്ക് തിരുവനന്തപുരം അസിസ്റ്റന്റ് മാനേജർ ശ്രീ. ചന്ദ്രശേഖരൻ, ലീഡ് ബാങ്ക് മാനേജർ ശ്രീ. ബിബിൻ, ഫിനാൻഷ്യൽ ലിറ്ററസി കൗൺസിലർ ശ്രീ. സുബ്രഹ്മണ്യൻ എന്നിവർ പങ്കെടുത്തു.

**ആട് വിതരണം**

തവിഞ്ഞാൽ സോഷ്യൽ വെൽഫയർ സൊസൈറ്റിയിൽ 3 ആടുകളെ വിതരണം ചെയ്തു. കോഡിനേറ്റർ ഷീന ആന്റണി നേതൃത്വം നൽകി.

**ഫാ. ജിനോജ് പാലത്തടത്തിൽ**
ഡയറക്ടർ, WSSS

# സെന്റ് ജോസഫ് മിഷൻ ഹോസ്പിറ്റൽ

**ദേശീയ ആരോഗ്യ മിഷന്റെ മികച്ച മാതൃശിശു സൗഹൃദ ആശുപത്രിക്കായുള്ള അംഗീകാരം സ്വന്തമാക്കി.**

ദേശീയ ആരോഗ്യ മിഷന്റെ മികച്ച മാതൃശിശു സൗഹൃദ ആശുപത്രികൾക്കുള്ള അംഗീകാരം മാനന്തവാടി സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റൽ കരസ്ഥമാക്കി. ഓഗസ്റ്റ് രണ്ടാം തീയതി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വെച്ച് നടന്ന ചടങ്ങിൽ കേരള ആരോഗ്യ വകുപ്പ് മന്ത്രി ശ്രീമതി വീണ ജോർജിൽ നിന്നും ഹോസ്പിറ്റൽ ഡയറക്ടർ ഫാ. മനോജ് കവലക്കാടൻ പുരസ്കാരം ഏറ്റുവാങ്ങി.

**സൗജന്യ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു**

കുട്ട കമ്മ്യൂണിറ്റി ഹാളിൽ ജൂലൈ 11, 12 ദിവസങ്ങളിലും ദാസനക്കരയിൽ ഓഗസ്റ്റ് 13നും സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി. 500 ഓളം രോഗികൾക്ക് സൗജന്യ ചികിത്സ നൽകി.

**പുതുതായി ചാർജ് എടുത്തു**

ഡോ. പ്രവീൺ KP (MBBS, DA, DNB Anesthesia) Accident and Emergenc- Critical Care ആയും ഡോ. സഫീന അൻസാരി സുഹറ (MBBS, MD) Junior Consultant in Peditarics ആയും, ഡോ. ശ്രീവിദ്യ S.R (MBBS, MS, ENT) Consultant ENT, Head and neck surgeon ആയും, ഡോ. കെ ഭാസ്കർ (MBBS, MS, DO) Senior Consultant in Ophthalmology ആയും ചാർജെടുത്തു.

**ഫാ. മനോജ് കവലക്കാടൻ**
ഡയറക്ടർ SJMH

# ജീവസ് & കെ. എൽ. എം
(Department for Labour and Welfare - Diocese of Mananthavady)

**ജീവസ്സ് & കെ. എൽ. എം പ്രവർത്തനങ്ങളും സാമൂഹ്യ സുരക്ഷാ പദ്ധതികളും**

വ്യക്തികളിലേക്കും കുടുംബങ്ങളിലേക്കും എത്തിക്കുന്നതിനായുള്ള ആശയ രൂപീകരണവും സാഹചര്യ സജ്ജീകരണങ്ങളും വൈദികരും വിവിധ സർക്കാർ ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് രൂപപ്പെടുത്തി വരുന്നു. കരട് രൂപരേഖ ഇടവക വൈദിക കൂട്ടായ്മകളിൽ അവതരിപ്പിച്ച് അഭിപ്രായ സ്വരൂപണം നടത്തി കർമ്മ പദ്ധതി തയ്യാറാക്കാമെന്നാണ് വിചാരിക്കുന്നത്. എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

**സ്കൂൾ സർട്ടിഫിക്കറ്റിൽ ജാതി ചേർക്കുമ്പോൾ ശ്രദ്ധിക്കാൻ**

സീറോ മലബാർ സിറിയൻ കാത്തലിക് കേരളത്തിൽ സംവരണ ആനുകൂല്യങ്ങൾ ലഭിക്കാത്ത സംവരണേതര വിഭാഗങ്ങളുടെ പട്ടികയിൽ സിറിയൻ കാത്തലിക് ബ്രായ്ക്കറ്റിൽ സീറോ മലബാർ എന്നാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ ഇനി മുതൽ ഇത് സീറോ മലബാർ സിറിയൻ കാത്തലിക് എന്നായിരിക്കുമെന്ന് 2023 ജൂലൈ 8 ന് സ. ഉ (കൈ) നമ്പർ 109/2023 പൊ.ഭ.മ എന്ന ഉത്തരവിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. അതിനാൽ സ്കൂൾ രേഖകളിലും ജാതി സർട്ടിഫിക്കറ്റുകളിലും സീറോ മലബാർ സിറിയൻ കാത്തലിക് എന്നാണ് ചേർക്കേണ്ടത്. കുട്ടികളുടെ എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റ് ഇത് പ്രകാരമായിരിക്കാൻ രക്ഷിതാക്കൾ ആവശ്യമായ തിരുത്തലുകൾ സ്കൂൾ രേഖകളിൽ നടത്താൻ ശ്രദ്ധിക്കുമല്ലോ.

**റിസോർസ് ടീം രൂപീകരിച്ചു.**

ജീവസ് & കെ.എൽഎം പ്രവർത്തനങ്ങൾക്ക് സഹായിക്കുന്നതിനായി ഇരുപത്തിയഞ്ച് അംഗങ്ങൾ ഉൾക്കൊള്ളുന്ന റിസോർസ് ടീം രൂപീകരിച്ചു. വിവിധ സർക്കാർ സർവ്വീസുകളിൽ നിന്ന് വിരമിച്ചവരും ഇപ്പോൾ ജോലി ചെയ്യുന്നവരുമാണ് ടീമിലുള്ളത്.

ടീമിന്റെ ആദ്യയോഗം ജൂലൈ 23 ന് WSSSൽ നടന്നു. ജീവസ്സ് & കെ.എൽ.എം ഡയറക്ടർ സെബാസ്റ്റ്യൻ പാലംപറമ്പിൽ അദ്ധ്യക്ഷത വഹിച്ച യോഗം WSSS ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ ഉദ്ഘാടനം ചെയ്തു. പി.എ ജോസ്, ബിജു പോൾ, മിനി ഉണ്ണികൃഷ്ണൻ എന്നിവർ നേതൃത്വം നൽകി.

**ലേബർ ഫസിലിറ്റേഷൻ സെന്ററുകൾ**

ക്ഷേമനിധികളിലും മറ്റ് സാമൂഹ്യ സുരക്ഷാ പദ്ധതികളിലും ചേരുന്നതിനാവശ്യമായ സഹായങ്ങൾ ചെയ്തു നൽകുന്നതിനായി ലേബർ ഫസിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നു വരുന്നു.

**മസ്റ്ററിംഗ്**

2022 ഡിസംബർ 31 വരെ പെൻഷൻ അനുവദിക്കപ്പെട്ട കേരള ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കളിൽ നാളിതുവരെ മസ്റ്ററിംഗ് നടത്താത്തവർ 2023 ആഗസ്റ്റ് 31 വരെയുള്ള കാലയളവിനുള്ളിൽ അക്ഷയകേന്ദ്രങ്ങൾ വഴി ബയോമെട്രിക് മസ്റ്ററിംഗ് നടത്തേണ്ടതാണ്.

**ആനുകൂല്യങ്ങൾ ലഭ്യമായത്**

വിവിധ ക്ഷേമനിധികളിൽ ചേർന്ന അംഗങ്ങളുടെ മക്കൾക്ക് 10, +1, +2 എന്നീ വിഭാഗങ്ങളിൽ 11 പേർക്ക് സ്കോളർഷിപ്പും 13 പേർക്ക് ക്യാഷ് അവാർഡും ലഭിച്ചു. വിവാഹ ധനസഹായമായി 8 പേർക്ക് (മക്കൾക്ക്) 3000 വീതവും പ്രസവധനസഹായമായി 15000 രൂപയും (ഒരു വ്യക്തിക്ക്) ലഭിച്ചു.

**പുതുക്കൽ**

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം എടുത്തവരുടെ 2 വർഷം കൂടുമ്പോൾ നടത്തിവരുന്ന അംഗത്വം പുതുക്കൽ പൂർത്തിയായി

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വം കൂടുന്നതിനുള്ള 15 പേരുടെ അപേക്ഷാഫോം ക്ഷേമനിധി ഓഫീസിൽ സമർപ്പിച്ചു.

**സ്വാവലംബൻ**

കേന്ദ്ര സർക്കാരിന്റെ പെൻഷൻ പദ്ധതിയായ സ്വാവലംബൻ പദ്ധതിയിൽ ചേർന്നവർക്ക് 60 വയസ്സ് പൂർത്തിയായി കഴിഞ്ഞാൽ

തുക തിരികെ ലഭിക്കുന്നതിന് താഴെ പറയുന്ന രേഖകൾ ഹാജരാക്കണം. ഒറിജിനൽ പാൻകാർഡ്, ആധാർകോപ്പി, ബാങ്ക് പാസ് ബുക്ക് കോപ്പി, പാൻകാർഡ് കോപ്പി, 2 ഫോട്ടോ നോമിനിയുടെ ആധാർകോപ്പി (ജനനതിയ്യതി തെളിയിക്കുന്ന രേഖയായി പാൻ കാർഡ്, സ്കൂൾ സർട്ടിഫിക്കറ്റ്, ഡ്രൈവിംഗ് ലൈസൻസ്, പാസ് പോർട്ട് ഇവയിൽ ഏതെങ്കിലും ഹാജരാക്കണം).

**സെബാസ്റ്റ്യൻ പാലംപറമ്പിൽ**
രൂപതാ ഡയറക്ടർ

# നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി

സാമൂഹികവും,സാംസ്കാരികവും,സാമ്പത്തികവുമായ അന്ധകാരത്തിൽനിന്നും ആളുകളുടെ ജീവിതത്തെ പ്രകാശത്തിലേക്ക് നയിക്കുവാനുതകുന്ന തരത്തിൽ സാമൂഹികക്ഷേമപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാനും അതുവഴി അനേകം ആളുകളുടെ ജീവിതത്തിന് പ്രത്യാശപകരുവാനും നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിക്ക് അതിന്റെ വ്യത്യസ്തയും തനിമയുമുള്ള പ്രവർത്തനങ്ങളിലൂടെ സാധിക്കുന്നു.

**1. NABARD Joint Liabiltiy Group Formation - Application**

നബാർഡിന്റെ സഹായത്തോടെ NDS നടപ്പിലാക്കാൻ പോകുന്ന 200 JLG ഗ്രൂപ്പുകളുടെ രൂപീകരണത്തിനുള്ള അപേക്ഷ, NDS സ്റ്റാഫ് ശ്രീ ജൂഡ് മാർട്ടിൻ കോയമ്പത്തൂർ നബാഡ് ഓഫീസിൽ പോയി നേരിട്ട് DDM ശ്രീ തിരുമലൈ റാവു സാറിന്റെ ഓഫീസിൽ സമർപ്പിച്ചു. അതോടൊപ്പം നിലവിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്ന LEDP പ്രോജക്റ്റിന്റെ മൂന്നുമാസത്തെ റിപ്പോർട്ടും, MEDP പ്രോജക്റ്റിന്റെ കംപ്ലീഷൻ റിപ്പോർട്ടും സമർപ്പിക്കുകയും ചെയ്തു

**2. ഇന്റേണൽ ഓഡിറ്റിംഗ്**

മേഖലയുടെ നേതൃത്വത്തിൽ യൂണിറ്റുകളിൽ നടത്തപ്പെടുന്ന ഇന്റേണൽ ഓഡിറ്റിംഗ് 26.07.2023ന് ധർമ്മഗിരി യൂണിറ്റിലും, 27.07. 2023 ന് വിമിലഗിരി യൂണിറ്റിലും നടത്തപ്പെട്ടു. ഓഡിറ്റിങ്ങിന് മേഖലയുമായി സഹകരിച്ച യൂണിറ്റിന്റെ കോഡിനേറ്റർമാർക്ക് അഭിനന്ദനങ്ങൾ അർപ്പിക്കുന്നു

**3. ബോധവത്ക്കരണ സെമിനാർ**

വർദ്ധിച്ചുവരുന്ന ജീവിതശൈലി രോഗങ്ങളെക്കുറിച്ചുള്ള ഒരു ബോധവൽക്കരണ സെമിനാർ NDS ധർമ്മഗിരി യൂണിറ്റിൽ വച്ച് 30.07.2023 ഞായറാഴ്ച്ച രവിലെ 9.00 മണിമുതൽ, പുഷ്പഗിരി ഹോസ്പിറ്റലിലെ ഡോക്ടർ സിസ്റ്റർ ക്രിസ്റ്റീനയുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. യൂണിറ്റിലെ മുഴുവൻ അംഗങ്ങളും ആ ക്ലാസിൽ പങ്കെടുക്കുകയും ഡോക്ടർ പറഞ്ഞ കാര്യങ്ങൾ മനസ്സിലാക്കുകയും ചെയ്തു.

ഇത്തരം ഒരു സെമിനാർ സംഘടിപ്പിച്ച ധർമഗിരി യൂണിറ്റിനും, നേതൃത്വം നല്കിയ സിസ്റ്ററിനും അഭിനന്ദനങ്ങൾ.

**4. ആടുകളുടെ ഇൻഷൂറൻസ്**

നബാർഡ് LEDP പ്രോജക്റ്റിന്റെ ഭാഗമായി ബജാജ് ഇൻഷുറൻസ് കമ്പനിയുടെ സഹായത്തോടെ ആടുകളെ ഇൻഷുറൻസ് ചെയ്യുന്ന ജോലികൾ പുരോഗമിച്ചു വരുന്നു. ഇതിന്റെ ഭാഗമായി ധർമ്മഗിരി യൂണിറ്റിലെ 4 അംഗങ്ങളുടെ എട്ട് ആടുകളെ ഓഗസ്റ്റ് രണ്ടാം തീയതി ഇൻഷുറൻസ് ചെയ്തു. അതുപോലെ കല്പറ യൂണിറ്റിലെ 24 അംഗങ്ങളുടെ 49 ആടുകളെ ഓഗസ്റ്റ് 3, 4 തീയതികളിലായി ഇൻഷുറൻസ് ചെയ്യുകയും അതിന്റെ ഡോക്യുമെന്റുകൾ ബാങ്കിൽ സമർപ്പിക്കുകയും ചെയ്തു.

**5. പുതിയ അയൽക്കൂട്ടങ്ങളുടെ രൂപീകരണം**

വിമലഗിരി യൂണിറ്റിന്റെ നേതൃത്വത്തിൽ 2 പുതിയ അയൽക്കൂട്ടങ്ങളും കയ്യൂന്നി യൂണിറ്റിന്റെ നേതൃത്വത്തിൽ ഒരു അയൽക്കൂട്ടവും പുതിയതായി രൂപീകരിച്ച് അയൽക്കൂട്ടത്തിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇതിന് നേതൃത്വം കൊടുത്ത വിമലഗിരി കയ്യൂന്നി യൂണിറ്റുകളിലെ ഭാരവാഹികൾക്ക് മേഖലയുടെ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

## 6. Project on Tea Processing and Value-added products

കേന്ദ്ര ഗവൺമെന്റിന്റെ MSME (Ministry of Micro, Small & Medium Enterprises) പദ്ധതിപ്രകാരം നീലഗിരിയിലെ ചെറുകിട തേയില കർഷകർക്കുവേണ്ടിയുള്ള പ്രോജക്ടിന് അപേക്ഷ സമർപ്പിച്ചു. ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന PERT Management Services Pvt. Ltd. എന്ന ടെക്നിക്കൽ ഏജൻസിയുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട കൂടികാഴ്ച്ചകളും വിവരശേഖരണവും നടന്നുവരുന്നു.

**7. മേഖല ഇവാലുവേഷൻ മീറ്റിംഗ്**

ഓഗസ്റ്റ് മാസം 12-ാം തീയതി ശനിയാഴ്ച രാവിലെ 10.30 മുതൽ ഈ മാസത്തെ ഇവാലുവേഷൻ മീറ്റിംഗ് മേഖല ഓഫീസിൽ വച്ച് നടത്തപ്പെടുകയുണ്ടായി. മീറ്റിങ്ങിന് NDS ഡയറക്ടർ ഫാദർ ബിനോയി കാശാംകുറ്റിയിൽ നേതൃത്വം കൊടുത്തു. അസിസ്റ്റൻറ് ഡയറക്ടർ ഫാദർ അനൂപ് കൊല്ലംകുന്നേൽ, NDS ചീഫ് ട്രെയിനർ

ജൂഡ് മാർട്ടിൻ എന്നിവർ സംസാരിച്ചു. ഓരോ യൂണിറ്റിൽ നിന്നും കടന്നുവന്ന പ്രതിനിധികൾ യൂണിറ്റിന്റെ കഴിഞ്ഞ രണ്ടുമാസത്തെ പ്രവർത്തന റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. NDS ന്റെ നേതൃത്വത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളെകുറിച്ചും, പ്രവർത്തനങ്ങളെകുറിച്ചും ഡയറക്ടറച്ചൻ മീറ്റിംഗിൽ വിശദീകരിച്ചു. ഈ മാസം ചെയ്യാനുള്ള കാര്യങ്ങളെക്കുറിച്ച് ആലോചിച്ച് തീരുമാനങ്ങൾ എടുത്തതിനുശേഷം നന്ദിയോട് കൂടി മീറ്റിംഗ് അവസാനിപ്പിച്ചു.

## 8. NDS Accounts Auditing

2022-23 സാമ്പത്തിക വർഷത്തെ NDS ന്റെ മുഴുവൻ കണക്കുകളും ഓഡിറ്റിംഗ് ചെയ്യുന്നതിന്റെ ഭാഗമായി ബില്ലുകളും വൗച്ചറുകളും കൃത്യമായി തരംതിരിച്ച് വയ്ക്കുകയും അത് ഓഡിറ്റിങ്ങിനുവേണ്ടി ഓഫീസിൽ സമർപ്പിക്കുകയും ചെയ്തു.

## 9. BSW & MSW Students Block Placement

കേരളത്തിലും തമിഴ്നാട്ടിലുമായി BSW & MSW കോഴ്സുകൾ ചെയ്തുകൊണ്ടിരിക്കുന്ന 5 ആൺകുട്ടികളും 2 പെൺകുട്ടികളും ഒരു മാസത്തെ തങ്ങളുടെ Block Placement and Field Work Training നുവേണ്ടി നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിയിൽ വരികയും, പരിശീലനം നേടുകയും ചെയ്തു വരുന്നു. ഒരു സാമൂഹ്യ പ്രവർത്തക/ പ്രവർത്തകൻ എപ്രകാരമായിരിക്കണമെന്നും, സമൂഹത്തിൽ അവർക്ക് എന്തൊക്കെ കാര്യങ്ങൾ ചെയ്യാനാവുമെന്നും NDS നടപ്പിലാക്കികൊണ്ടിരിക്കുന്ന വിവിധ പദ്ധതികളിലൂടെ അവർ പഠിക്കുകയും പരിശീലനം നേടുകയും ചെയ്യുന്നു. ഇതിന്റെ ഭാഗമായി NDS ന്റെ വിവിധയൂണിറ്റുകൾ സന്ദർശിച്ച് കാര്യങ്ങളെകുറിച്ച് നേരിട്ട് ചോദിച്ചറിഞ്ഞ് റിപ്പോർട്ടുകൾ തയ്യാറാക്കുന്നു. NDS ഡയറക്ടർ ഫാ. ബിനോയി കാംശാംകുറ്റിയിൽ, അസി. ഡയറക്ടർ ഫാ. അനൂപ് കൊല്ലംകുന്നേൽ, ചീഫ് ട്രെയിനർ ജൂഡ് മാർട്ടിൻ എന്നിവർ പ്രധാനമായും പരിശീലന പരിപാടികൾക്കും ക്ലാസ്സുകൾക്കും നേതൃത്വം നല്കി വരുന്നു.

## 10. NABARD ലേക്ക് സമർപ്പിച്ചിരിക്കുന്ന മറ്റ് പ്രോജക്ടുകൾ

നീലഗിരി ഡെലവപ്പ്മെന്റ് സൊസൈറ്റിയുടെ ഭരണസമിതിയുടെ അംഗീകരത്തോടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതും, നബാർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്നതുമായ

ഏതാനും ചില പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

- NABARD MEDP on Soap, Detergent and Dish wash making for Women SHG members of Nilgiris Development Socitey, Gudalur. തിരഞ്ഞെടുക്കപ്പെടുന്ന 30 സ്ത്രീകൾക്ക് സോപ്പും മറ്റ് അനുബന്ധ ഉത്പന്നങ്ങളും നിർമ്മിക്കുന്നതിനും വിപണനം ചെയ്യുന്നതിനുമുള്ള 10 ദിവസത്തെ പരിശീലന പരിപാടിയാണിത്.
- CAT- (Capactiy Building and Adoption of Technology) കർണാടക ജില്ലയിലെ കൂർഗ് പ്രദേശത്തുള്ള Coffee Research Sub Station ൽ തിരഞ്ഞെടുക്കപ്പെട്ട 25 കാപ്പി കർഷകർക്കു താമസിച്ചുള്ള 3 ദിവസത്തെ പരിശീലന പരിപാടി നടത്തി.
- **NABARD OFDD:** Certificate course in Home Nursing and Geriatric care - തിരഞ്ഞെടുക്കപ്പെടുന്ന 30 സ്ത്രീകൾക്ക് 60 ദിസവത്തെ Theory & Practical ക്ലാസ്സുകൾ അടങ്ങിയ പരിശീലന പരിപാടിയും തുടർന്ന് ജോലി നേടുവാനും സഹായിക്കുന്നു.
- **NABARD Watershed Programme:** നബാർഡിന്റെ സഹായത്തോടെ പാട്ടവയൽ വില്ലേജിലെ മൂന്നനാട് പഞ്ചായത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണിത്. ഇതിന്റെ പ്രാരംഭഘട്ട പണികൾ പൂർത്തിയാക്കുകയും ആവശ്യമായ വിവരശേഖരണം നടത്തുകയും ചെയ്തു.

**ഫാ. ബിനോയ് കാശാംകുറ്റിയിൽ**
ഡയറക്ടർ, NDS

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

ജൈവ കൃഷി വ്യാപനം, പാരിസ്ഥിതിക സന്തുലനം, ചെറുകിട കർഷകരുടെ ഉന്നമനം അവരുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിലൂടെ ലഭ്യമാകുക എന്നിവ ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ജൈവ കൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി മികവുറ്റ രീതിയിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. പദ്ധതിയിൽ നിലവിൽ 18664 കർഷകരാണ് 1099 ഗ്രൂപ്പുകളിലായി (48 ICS- Internal cotnrols ystem) അംഗങ്ങളായുള്ളത്. ഒരു ഗ്രൂപ്പിൽ 5 മുതൽ 25 വരെ കർഷകരും, ഒരു ICSൽ 25 മുതൽ 500 വരെ കർഷകരുമാണ് ഉണ്ടാവുക.

**പദ്ധതിയിൽ അംഗത്വം**

ബയോവിൻ നടപ്പിലാക്കുന്ന ജൈവസുസ്ഥിര മാനദണ്ഡപ്രകാരം കൃഷിരീതികൾ അനുവർത്തിക്കുന്നതിനും, ഉത്പന്നങ്ങൾക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുന്നതിനും ഒരേക്കർ എങ്കിലും കൃഷിയിടമുള്ള ആർക്കും സാധ്യമാണ്. പ്രസ്തുത രീതിയിൽ പ്രവർത്തിക്കുന്ന മറ്റ് സംഘടനകളിൽ അംഗത്വം ഇല്ലാത്ത, ബയോവിന്നിൽ ചേർന്ന് പ്രവർത്തിക്കുവാൻ താൽപര്യപ്പെടുന്ന കർഷകർക്ക് നിങ്ങളുടെ പഞ്ചായത്തിലെ ഫീൽഡ് കോർഡിനേറ്ററുമായി (FCH) ബന്ധപ്പെടാവുന്നതാണ്.

**കർഷക ഗ്രൂപ്പ് മീറ്റിങ്ങുകൾ**

ജൈവ ഉൽപ്പന്നങ്ങളുടെ വിളവെടുപ്പ്, സംഭരണം, കൃഷിയിലെ നൂതന മാറ്റങ്ങളും കീടരോഗ നിയന്ത്രണ രീതികളും, ഫെയർ ട്രേഡ് സംവിധാനം, റയിൻഫോറെസ്റ്റ് അലയൻസ് സർട്ടിഫിക്കേഷൻ എന്നിവ ആസ്പദമാക്കി നടത്തുന്ന കർഷക ഗ്രൂപ്പ് മീറ്റിങ്ങുകൾ വിവിധ കർഷക ഗ്രൂപ്പുകളിലായി നടക്കുകയും അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ ഓഫീസർ പങ്കെടുക്കുകയും കർഷരുടെ പ്രശ്നങ്ങൾ ചോദിച്ചറിയുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും, കർഷകരിൽ നിന്നും ആവശ്യമായ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു.

**ഇന്റേർണൽ ഇൻസ്പെക്ഷൻ നടന്നു വരുന്നു.**

കൃഷിയിടങ്ങൾ സന്ദർശിക്കുകയും ബയോവിൻ നടപ്പിലാക്കുന്ന സുസ്ഥിര ജൈവ മാനദണ്ഡ പ്രകാരമാണോ കൃഷിയിടങ്ങളിൽ

കർഷകർ കൃഷിരീതി അനുവർത്തിക്കുന്നത് എന്നറിയുന്നതിനുമായി നടത്തുന്ന ഇന്റേർണൽ ഇൻസ്പെക്ഷൻ മുഴുവൻ പഞ്ചായത്തുകളിലും നടന്നുവരുന്നു. ഫീൽഡ് കോർഡിനേറ്റർമാരുടെ നിയന്ത്രണത്തിൽ, തെരെഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഇന്റേർണൽ ഇൻസ്പെക്ടർമാരാണ് പരിശോധന നടത്തിവരുന്നത്. ഇതുവരെ 11000ത്തോളം കൃഷിയിടങ്ങളിൽ ഇന്റേർണൽ ഇൻസ്പെക്ഷൻ പൂർത്തീകരിച്ചു.

**NPOP ഓഡിറ്റ് പൂർത്തീകരിച്ചു**

14 ICS കളിൽ സർട്ടിഫിക്കേഷൻ ഏജൻസിയായ സിക്കിം സ്റ്റേറ്റ് ഓർഗാനിക് സർട്ടിഫിക്കേഷൻ ഏജൻസി (SSOCA) യിൽ നിന്നുള്ള ഓഡിറ്റ്, കോർഡിനേറ്റർ ശ്രീ ജോബി വർഗീസിന്റെ നേതൃത്വത്തിൽ പൂർത്തീകരിച്ചു. ഓഡിറ്റർമാരായ ശ്രീ. പ്രകാശ് റായ്, ശ്രീ. അനൂപ് ശർമ്മ എന്നിവർ ഓഡിറ്റിന് നേതൃത്വം നൽകി.

**NOP ഓഡിറ്റ് പൂർത്തീകരിച്ചു**

2 ICSകളിൽ അമേരിക്കൻ രാജ്യങ്ങളിലേക്ക് ഉത്പന്നങ്ങൾ കയറ്റി അയയ്ക്കുന്നതിനാവശ്യമായ NOP സർട്ടിഫിക്കേഷൻ ഓഡിറ്റ് പൂർത്തീകരിച്ചു. സർട്ടിഫിക്കേഷൻ ഏജൻസിയായ എക്കോസെർട്ടിൽ നിന്നുള്ള ഓഡിറ്റർമാരായ ശ്രീ. രവീന്ദ്രൻ ഗോവിന്ദൻ, ശ്രീ. രുദ്രേഷ് ഭട്ട് എന്നിവർ ഓഡിറ്റിന് നേതൃത്വം നൽകി.

**സംഭരണം**

ജൂൺ മാസം പദ്ധതിയിൽ അംഗങ്ങളായ കർഷകരിൽ നിന്നും 109000 കിലോ കാപ്പി കിലോയ്ക്ക് 142 രൂപ നിരക്കിലും കുരുമുളക് 8000 കിലോ 590 രൂപ നിരക്കിലും സംഭരിച്ചു.

**ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ (സംസ്കരണം)**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങൾ മൂല്ല്യ വർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ കാപ്പി, മഞ്ഞൾ, കുരുമുളക്, ഇഞ്ചി തുടങ്ങിയവ സംസ്കരിക്കുകയും, മൂല്യവർദ്ധിത ഉത്പന്നങ്ങൾ ബയോവിൻ വഴി വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

ബയോവിൻ അഗ്രോ റിസേർച്ച്<br>
**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**<br>
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

## റേഡിയോ മാറ്റൊലി 90.4 mhz

### GOPA (Grant of Permission Agreement)

കമ്മ്യൂണിറ്റി റേഡിയോയുടെ സുഗമമായ പ്രവർത്തനത്തിന് കേന്ദ്ര വാർത്തവിതരണ പ്രക്ഷേപണ മന്ത്രാലയം നൽകുന്ന ലൈസൻസ് GOPA (Grant of Permission Agreement) റേഡിയോ മാറ്റൊലിക്ക് ലഭിച്ചു. 2028 ജൂണ് വരെ അടുത്ത അഞ്ച് വർഷത്തേക്കാണ് ലൈസൻസ് പുതുക്കി ലഭിച്ചിരിക്കുന്നത്.

**കമ്മ്യൂണിറ്റി റേഡിയോ അസോസിയേഷൻ സമ്മേളനം**

ജൂലായ് 23, 24 തിയ്യതികളിൽ ഡൽഹിയിൽ വെച്ച് നടന്ന കമ്മ്യൂണിറ്റി റേഡിയോ അസോസിയേഷൻ സമ്മേളനത്തിൽ സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി പങ്കെടുത്തു.

**പുരസ്കാര നിറവിൽ**

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം പ്രഖ്യാപിച്ച കമ്മ്യൂണിറ്റി റേഡിയോയ്ക്കുള്ള പുരസ്കാരം ജൂലായ് 23 ന് കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ വകുപ്പ് മന്ത്രി അനുരാഗ് ഠാക്കൂറിൽ നിന്ന് സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി ഏറ്റുവാങ്ങി.

**പങ്കാളിത്തം**

ജൂലായ് 26 ന് ബയോവിനിൽ വെച്ച് നടന്ന മീറ്റിംഗിൽ സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി പങ്കെടുത്തു.

ജൂലായ് 27 ന് 2023-24 സാമ്പത്തിക വർഷത്തെ ലീഡ് ബാങ്കിന്റെ ജില്ലാതല അവലോകന യോഗത്തിൽ സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി പങ്കെടുത്തു.

**തത്സമയ ഫോൺ ഇൻ പരിപാടി**

ജൂലായ് 26 ന് മഴക്കാലത്തെ ആരോഗ്യസംരക്ഷണം എന്ന വിഷയത്തിൽ തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. മാനന്തവാടി പ്രാണ ആയുർവേദിക്കിലെ ചീഫ് ഫിസിഷ്യൻ ഡോ. ലിഷിത സുജിത് ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നൽകി.

കുട്ടികളുടെ ആരോഗ്യ സംരക്ഷണം അറിയേണ്ടതെല്ലാം എന്ന വിഷയത്തിൽ ആഗസ്റ്റ് 5 ന് തത്സമയ ഫോൺ ഇൻ പരി പാടി സംഘടിപ്പിച്ചു. മാനന്തവാടി സെന്റ് ജോസഫ്സ് ഹോസ്പിറ്റ

ലിലെ പീഡിയാട്രീഷ്യൻ സി. ജെസ്സിൻ സി.എം.സി ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നൽകി.

ആഗസ്റ്റ് 15 ന് സ്വാതന്ത്ര്യദിന പ്രത്യേക പരിപാടി സംഘടിപ്പിച്ചു. റിട്ട. എസ്. പി പ്രിൻസ് അബ്രഹാം ശ്രോതാക്കളുമായി സംവദിച്ചു.

**ജയ്ഹിന്ദ്**

സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായി ജയ്ഹിന്ദ് 15 ദിവസത്തെ പ്രത്യേക പരിപാടിയും സ്വാതന്ത്ര്യദിന ക്വിസ് മത്സരവും നടത്തി.

**സമ്മാനദാനം നടത്തി**

ആസാദി കാ അമൃത് മഹോത്സവത്തിന്റെ ഭാഗമായി നടത്തിയ ജയ്ഹിന്ദ് സ്വാതന്ത്ര്യദിന ക്വിസ് മത്സരത്തിൽ വിജയികൾക്കുള്ള സമ്മാനവിതരണം ആഗസ്റ്റ് 18 ന് നടത്തി.

**സന്ദർശനം**

കാനറാ ബാങ്ക് കണ്ണൂർ റീജിയണൽ എ.ജി.എം ലത കുറുപ്പ്, ജില്ലാ ലീഡ് ബാങ്ക് മാനേജർ ബിപിൻ മോഹൻ എന്നിവർ ആഗസ്റ്റ് 18 ന് റേഡിയോ മാറ്റൊലി സന്ദർശിച്ചു.

**പഠനസന്ദർശനം**

ജൂലായ് 29 ന് കടമേരി RACHSS ലെ പ്ലസ് ടൂ ഹ്യുമാനിറ്റീസ് ഗ്രൂപ്പ് വിദ്യാർത്ഥികൾ പഠനത്തിന്റെ ഭാഗമായി മാറ്റൊലി സന്ദർശിച്ചു.

പേരോട് എം. ഐ. എം. എച്ച്. എസ്. എസ് ലെ വിദ്യാർത്ഥികൾ ആഗസറ്റ് 14 ന് പഠനത്തിന്റെ ഭാഗമായി മാറ്റൊലി സന്ദർശിച്ചു.

**കർക്കിടകം**

രാമായണ മാസാചരണത്തിന്റെ ഭാഗമായി കർക്കിടകം എന്ന പേരിൽ ഒരു മാസത്തെ രാമായണ പാരായണം പ്രക്ഷേപണം ചെയ്തു.

**ഫാ. ജോസ് കാവുങ്കൽ**
അസ്സി. ഡയറക്ടർ




**മണിപ്പുരിൽ മണി മുഴങ്ങാത്തത് ആർക്കുവേണ്ടി?**

സ്വതന്ത്രത്തിൻ വെള്ളിവെളിച്ചം ഭാരത മണ്ണിൽ പുലരേണം, ഭീകരവാദം തുലയണം, മതേതരത്വം പുലരണം.

മതേതരത്വം പാവനമാണ് അതിൽ ഭീകരവാദം തിരുകി കയറ്റരുത്. ജനാധിപത്യം അക്ഷയമാണ്; അതിൽ മായം ചേർക്കരുത്. വിദ്യാഭ്യാസം മോചനമാണ് അതിൽ പാർട്ടിയുടെ ചരിത്രം തിരുകരുത്. മാനവസ്നേഹം വിശാലമാണ് അതിൽ കൊടിയുടെ ചായം പൂശരുത് എന്നാണ് കത്തോലിക്കാ കോൺഗ്രസ് മാനന്തവാടി രൂപതാ സമിതിക്ക് പറയാനുള്ളത്. മണിപ്പൂർ കലാപം ഇത്രയും ഭീകരമായി മാറിയതിന്റെ മുഴുവൻ ഉത്തരവാദിത്വവും കേന്ദ്രസർക്കാരിനും മണിപ്പൂർ സർക്കാരിനും ആണ്. ഭരണകൂടങ്ങളുടെ ആസൂത്രിത ഭീകര പ്രവർത്തനമാണ് മണിപ്പൂരിൽ നടക്കുന്നത്. കൊടുംക്രൂരതയാണ് ഇവിടെ സർക്കാരിന്റെ പിൻബലത്തോടെ കലാപകാരികളിൽ ഒരു വിഭാഗം കാട്ടിക്കൂട്ടുന്നത്. ഭാരതീയ പാരമ്പര്യത്തിൽ ഊറ്റം കൊള്ളുന്ന ഭരണവർഗ്ഗം മണിപ്പൂരിൽ അക്രമികൾ സ്ത്രീകളെ കൂട്ട മാനഭംഗത്തിന് വിധേയമാക്കിയതും, നഗ്നരായി തെരുവിലൂടെ നടത്തിയതും, ദാരുണമായി കൊല ചെയ്യുന്നതും നമ്മൾ കാണുകയാണ്.

സമാധാനം പുനസ്ഥാപിക്കുന്നതിൽ ഗുരുതര വീഴ്ച വരുത്തിയ മണിപ്പൂർ സർക്കാരിനെ പിരിച്ചുവിടുവാൻ രാഷ്ട്രപതി തയ്യാറാകണം.

വിഷയത്തിൽ പാർലമെന്റിൽ പ്രധാനമന്ത്രി പ്രസ്താവന രണ്ടു മിനിറ്റിൽ മാത്രം ഒതുക്കി നിർത്താതെ അവിടെ ശിഥിലമായ കുടുംബങ്ങളെ ഒന്നിപ്പിക്കുവാനുള്ള കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്യുക. അശരണരായ യുവജനങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുക ഭവനങ്ങൾ നഷ്ടപ്പെട്ടവർക്ക് വീടുകൾ നിർമ്മിച്ചു നൽകുക വിധവകളായ അമ്മമാരുടെയും യുവതികളുടെയും സാമ്പത്തിക ഉത്തരവാദിത്വം മണിപ്പൂർ സർക്കാരും കേന്ദ്ര ഗവൺമെന്റും ഏറ്റെടുക്കണം. പ്രധാനമന്ത്രിയുടെ മൗനം ന്യൂനപക്ഷങ്ങളോട് അദ്ദേഹത്തിനുള്ള അസഹിഷ്ണുതയാണ് വെളിപ്പെടുത്തുന്നത്. മൂന്നുമാസമായി മണിപ്പൂരിലെ ക്രൈസ്തവർ കൊടിയ പീഡനത്തിന്

ഇരകളായി ദുരിതത്തിലാണ്. നൂറുകണക്കിന് സ്ത്രീകൾ അപമാനിക്കപ്പെട്ടു. ആയിരക്കണക്കിന് ഭവനങ്ങൾക്ക് ജീവനോപാധികൾ നഷ്ടമായി. നൂറുകണക്കിന് ആരാധനാലയങ്ങൾ നശിപ്പിക്കപ്പെട്ടു. ഇതെല്ലാം പട്ടാളത്തിന്റെയും പോലീസിന്റെയും കൺമുമ്പിൽ ആണെന്നത് വേദനാജനകവും അപലപനീയവും ആണെന്ന് മാനന്തവാടി രൂപതാ സമിതി പ്രഖ്യാപിക്കുകയാണ്. ഭാരതാംബ തന്റെ 77-ാം ജന്മദിനം ആഘോഷിച്ചപ്പോൾ ഭാരതാംബയുടെ പേര് പറയുവാൻ പോലും ഞങ്ങളുടെ നാവുകൾക്ക് ബലവും, മുഷ്ടികൾക്ക് കനവും കുറയുന്ന ഈ കാലഘട്ടത്തിൽ ഭാരതത്തിന്റെ രത്നമായ മണിപ്പൂരിനെ ഭാരതത്തിന്റെ കരിക്കട്ടയാക്കി മാറ്ററുത് എന്നുള്ള അഭ്യർത്ഥനയുമായി രൂപതാ സമിതി ഒന്നടങ്കം പ്രഖ്യാപിക്കുകയാണ് നീതി വേണം മണിപ്പൂരിലെ ജനതയ്ക്ക് സംരക്ഷണം വേണം മണിപ്പൂരിലെ ക്രൈസ്തവർക്ക്

സമാധാനം വേണം മണിപ്പൂരിലെ കുടുംബങ്ങൾക്ക്, സുരക്ഷിതത്വം പ്രഖ്യാപിക്കണം മണിപ്പൂരിലെ യുവതികൾക്കും അമ്മമാർക്കും, ശാന്തി വേണം രാജ്യത്ത്, സമധാനം വേണം ജനങ്ങൾക്ക്.

**ജപ്തി നടപടികൾ അവസാനിപ്പിക്കണം: കത്തോലിക്കാ കോൺഗ്രസ്**

**കൽപ്പറ്റ:** കാർഷിക മേഖല അതിരൂക്ഷമായ പ്രതിസന്ധി നേരിടുമ്പോൾ കർഷകർക്ക് നേരെ ജപ്തി നടപടികളുമായി വരുന്ന ബാങ്കുകൾ, നടപടികൾ നിറുത്തിവെച്ച് കർഷകരോട് മനുഷ്യത്വപരമായ സമീപനം കൈക്കൊള്ളണമെന്ന് കത്തോലിക്കാ കോൺഗ്രസ് ബത്തേരി ഫെറോന നേതൃത്വയോഗം ആവശ്യപ്പെട്ടു. കർഷകരുടെ എല്ലാ വായ്പ്പകർക്കും മോറോട്ടോറിയം പ്രഖ്യാപിക്കുവാൻ സർക്കാർ തയ്യാറാകണം.

കാലാവസ്ഥ വ്യതിയാനവും കാർഷിക വിളകൾക്ക് സംഭവിച്ച നാശവും വിലക്കുറവും വന്യമൃഗശല്യവും രാസവളങ്ങളുടെയും ജൈവവളങ്ങളുടെയും കുതിച്ച് കയറിയവിലയും ഉത്പാദന ചെലവിന്റെ ഭീമമായ വർദ്ധനയുമെല്ലാം കർഷകന്റെ നടുവെടിച്ചിരിക്കുകയാണ്. ഈ സമയത്ത് തന്നെയാണ് ബാങ്കുകൾ മനുഷ്യപ്പറ്റില്ലാതെ ജപ്തി നടപടികളുമായി മുന്നോട്ട് വന്നിരിക്കുന്നത്. ഇത് ഒരു കാരണവശാലും അംഗീകരിക്കില്ല. ജപ്തി നടപടികളുമായി വന്നാൽ പൊതുജന പങ്കാളിത്തത്തോടെ തടയും. മിനിമം ബാലൻസ് ഫൈൻ, എസ്.എം.എസ് ചാർജ് ട്രാൻസാക്ഷൻ ഫീ, എന്നീ ഇനങ്ങളിൽ 35000

കോടി രൂപ പാവപ്പെട്ടവരിൽ നിന്ന് അടിച്ചെടുത്തതിൽ നിന്ന് കർഷകരുടെ പലിശ എഴുതിതള്ളാനുള്ള മനസ് കാണിക്കണം.

കർഷകാശ്വാസ പദ്ധതികളും കടാശ്വാസ നടപടികളും സ്വീകരിക്കാൻ സർക്കാർ തയ്യാറാകണം.പലിശ സബ്സിഡി പോലും അനുവദിക്കാത്തത് അത്യന്തം പ്രതിഷേധാർഹമാണ്.

കടൽമാട് സെന്റ് മേരീസ് പള്ളിയിൽ ചേർന്ന യോഗം റവ. ഫാ. ഡോ. സജി കാട്ടാംകോട്ടിൽ ഉദ്ഘാടനം ചെയ്തു. ഫൊറോന പ്രസിഡണ്ട് ജോൺസൺ തൊഴുത്തുങ്കൽ അധ്യക്ഷത വഹിച്ചു.രാജു മണക്കുന്നേൽ, ചാൾസ് വടശ്ശേരിൽ, സാജു പുലിക്കോട്ടിൽ, ജോഷി കാരക്കുന്നേൽ, കെ.ജെ മാത്യു, ഷാജി തറപ്പേൽ, ജോസ് പനച്ചിക്കൽ എന്നിവർ പ്രസംഗിച്ചു.

കാത്തോലിക്കാ കോൺഗ്രസ്സ് മാനന്തവാടി രൂപത സമിതി അംഗവും വിമൻ സെൽ കോർഡിനേറ്റർ കൂടിയായ ശ്രീമതി ബീന കരിമാൻകുന്നേൽ വയനാട് ജില്ല ഡിസിസി സെക്രട്ടറിയായി ചുമതലയേറ്റു.

**തരിയോട് മേഖല**

മണിപ്പൂരിൽ പീഡയനുഭവിക്കുന്ന ക്രൈസ്തവ ജനതയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് തരിയോട് ഫൊറോനയിലെ വിവിധ ഇടവകകൾ, ഭക്ത സംഘടനകൾ, AKCC എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ കാവുമന്ദത്ത് പ്രതിഷേധ റാലിയും പൊതുസമ്മേളനവും നടത്തി. കാവുംമന്ദം HS നിന്നാരംഭിച്ച റാലിയിൽ ആയിരങ്ങൾ പങ്കെടുത്തു. AKCC തരിയോട് മേഖല പ്രസിഡണ്ട് മാത്യു ചേമ്പാല സ്വാഗതം പറഞ്ഞു. പൊതുസമ്മേളനം മാനന്തവാടി രൂപതാ വികാരി ജനറാൾ ഫാ.പോൾ മുണ്ടോളിക്കൽ ഉദ്ഘാടനം ചെയ്തു. തരിയോട് ഫൊറോന വികാരി ഫാ. തോമസ് പ്ലാശനാൽ അധ്യക്ഷത വഹിച്ചു. തൃശിലേരി പള്ളി വികാരി ഫാ. ബാബു മാപ്ലശേരി മുഖ്യ പ്രഭാഷണം നടത്തി. കാവുംമന്ദം ഇടവക വികാരി ഫാ. ബാബു കക്കട്ടിക്കാലായിൽ, AKCC രൂപത ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പുരക്കൽ എന്നിവർ പ്രസംഗിച്ചു. കാവുംമന്ദം പള്ളി ട്രസ്റ്റി ബെന്നി മോളോപറമ്പിൽ നന്ദി പറഞ്ഞു.

മണിപ്പൂർ സംസ്ഥാനത്ത് ദുരിതമനുഭവിക്കുന്ന ആളുകൾക്കുള്ള ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് മാനന്തവാടി രൂപത നടവയൽ മേഖലയുടെ ആഭിമുഖ്യത്തിൽ വമ്പിച്ച പ്രതിഷേധ റാലിയും പൊതുസമ്മേളനവും, ഭരണഘടനാ സംരക്ഷണ ദിനാചരണവും പന

മരം ടൗണിൽ ഓഗസ്റ്റ് 20 ഞായർ രണ്ട് മണിക്ക് സംഘടിപ്പിച്ചു. നടവയൽ മേഖലയിലെ എല്ലാ കത്തോലിക്കാ മത വിശ്വാസികളെയും, യുവജനങ്ങളെയും, അമ്മമാരെയും, മതാധ്യാപകരെയും, വിദ്യാർത്ഥികളെയും ഓഗസ്റ്റ് 20 ന് ഞായർ രണ്ട് മണിക്ക് നടക്കുന്ന പ്രതിഷേധ റാലിയിലേക്കും പൊതുസമ്മേളനത്തിലേക്കും ഭരണഘടനാ സംരക്ഷണ ദിനാചരണത്തിലേക്കും എത്തിച്ചു. ആയിരങ്ങൾ പങ്കെടുക്കുന്ന പ്രസ്തുത യോഗത്തിൽ നടവയൽ ഫൊറോന പള്ളി വികാരി റവ. ഫാ. ഗർവ്വാസീസ് മറ്റം അധ്യക്ഷത വഹിച്ച് സംസാരിക്കുകയും, മാനന്തവാടി രൂപതയിലെ അൽമായ നേതാവും വാഗ്മിയുമായ ശ്രീ.ജോസ് പള്ളത്ത് അവർകൾ വിഷയാവതരണം നടത്തി സംസാരിക്കുകയും, മാനന്തവാടി നിയോജകമണ്ഡലം എം.എൽ.എ, ശ്രീ. ഒ. ആർ. കേളു പ്രതിഷേധ റാലി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയും, കൽപ്പറ്റ നിയോജകമണ്ഡലം എം.എൽ.എ അഡ്വ. ശ്രീ. ടി.സിദ്ദിഖ് അവറുകൾ ഐക്യദാർഢ്യ പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകുകയും ചെയ്തു. റവ. ഫാ. ജോസ് കപ്പിയാരുമല, റവ. ഫാ. അനൂപ് കോച്ചേരി, റവ. ഫാ. തോമസ് ജോസഫ് തേരകം, സിസ്റ്റർ ആൻസി പോൾ, കുമാരി ഐറിൻ, ഫൊറോന കൗൺസിൽ സെക്രട്ടറി ശ്രീ എം. സി. സെബാസ്റ്റ്യൻ, പ്രോഗ്രാം കൺവീനർ ശ്രീ. സെബാസ്റ്റ്യൻ പുരക്കൽ, ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീമതി ബിന്ദു പ്രകാശ് മുതലായവരും, മത സംസ്കാരിക രാഷ്ട്രീയ നേതാക്കന്മാർ വേദിയെ സമ്പന്നമാക്കുകയും ചെയ്തു. കത്തോലിക്കാ കോൺഗ്രസ് നടവയൽ മേഖലാ സമിതിയുടെ സ്തുത്യർഹമായ സേവനം ഐക്യദാർഢ്യ റാലിയുടെ വിജയത്തിന് ഉണ്ടായി.

**സെബാസ്റ്റ്യൻ പുരക്കൽ**
രൂപതാ ജനറൽ സെക്രട്ടറി

## Mary Matha Arts & Science College

**June - August 2023**

- First year UG classes commenced on 1st August 2023.
- First year PG classes commenced on 7th August 2023.
- Celebrated 77th Independence Day on 15th August 2023.
- IQAC: Organized ‘Incubating Innovations in Higher Education’, a faculty interaction programme, with Mr. Babu Mathew, Director (Data & AI/ML, Innovation) WorldLink US on 7th August 2023.

  Organized an International Seminar for the faculties on ‘Towards Excellent Career Abroad’ on 7th August 2023 with Ms. Ute Rullich and Ms. Julie Housette as the resource persons.
- NCC: Commemorated Kargil Vijay Diwas on 26th July 2023.

  Celebrated Independence day and organized Swachh Bharat Abhiyan on 15thAugust 2023.
- NSS:National Service Scheme Units 33 and 46 of Mary Matha Arts & Science College organized a Swatchhta Programe in the college campus and College bus waiting shed on 5th August 2023.

  As part of the Meri Mati Mera Desh Campaign, NSS volunteers from Unit No. 33 and 46 of Mary Matha Arts & Science College, Mananthavady, in collaboration with Thirunelli Grama Panchayath, Planted 75 saplings at the Santhi Kavadam Gas Crematorium on 10th August 2023.
  Celebrated Independence Day on 15th August 2023 and engaged in a campus clean-up. The college premises and the nearby College Bus stop was cleaned.

- Department of Mathematics: As part of Pi Approximation Day, Department of Mathematics Organized Pi Hunt Competition on 27th July 2023
- Department of English: In association with IQAC, Celebrated World Nature Conservation Day on 31st July 2023 and screened the Oscar Winning Documentary ‘The Elephant Whisperers’.
- Department of Hindi: In association with IQAC, organized Premchand Dinacharan and Film screening – “Poos Ki Raat’ on 31st July 2023.
- Department of Computer Science: Students from the Department of Computer Science visited Tezza Special School, as an extension programme. The school has a nurturing environment which caters to approximately 200 students, who are differently abled. A Programme – ‘ Tech Buddies: Gaming and Tech fun for Special Hearts’ was organised on 5th August 2023.

  Organized an entrepreneurship development programme – ‘Seminar on Machine Learning applications and Examples from custom Engagement ‘ on 7th August 2023. Mr. Babu Mathew, Director (Data & AI/ML, Innovation) WorldLink US as the resource person.
- Career Guidance and Placement Cell: Organized an International Seminar ‘Towards Excellent Career Abroad: Global Career Development Series – Postgraduate Opportunities in Germany’ on 7th August 2023. Ms. Ute Rullich and Ms. Julie Housette form Germany were the Resource persons.
- Department of Zoology: In association with IQAC, Department of Zoology celebrated world Lion Day on 10th August 2023.
- Bhoomitrasena Club:Organized a musical programme –“Melodia’ on 11th August 2023.
- Dr. Ramya Krishnan M: Nominated as a committee mem-

ber of the Curriculum Revision of M. Com ( Five year Integrated) programme.

- Mr. Sabu O J: Attended ANO/CTO conference at 5K Battalion, Kalpetta on 7th July 2023.
- Dr. Maria Martin Joseph:Participated in One Day National Seminar on Implementing 'NEP 2020: Paradigm Shift to New Era in Education' organized jointly by the Synodal Committee for Education and St. Thomas College, Palai on 26th July 2023.

  Participated in the 7 Day National Level Faculty Development Programme on 'ChatGPT & AI Tools for Education, In-line with OBE' organized by St Thomas College (Autonomous), Irinjalakuda in association with The Kerala State Higher Education Council from 19th to 26th July 2023.

**Dr. Maria Martin Joseph**
Principal

## കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

മാനന്തവാടി രൂപത കോർപ്പറേറ്റ് ഏജൻസിക്ക് കീഴിലുള്ള 44 വിദ്യാലയങ്ങളും വിവിധ മേഖലകളിൽ പ്രവർത്തനമികവുകൾ തെളിയിച്ചു മുന്നേറുന്നു. ജില്ലാ സംസ്ഥാനതലങ്ങളിലെ വ്യത്യസ്ത മത്സരങ്ങളിൽ ഈ അധ്യയനവർഷത്തിന്റെ ആദ്യനാളുകളിൽത്തന്നെ പ്രശംസനീയമായ നേട്ടങ്ങൾ കൈവരിക്കുവാൻ സാധിച്ചുവെന്നുള്ളത് അഭിമാനകരമാണ്.

**വിദ്യാലയ വാർത്തകൾ**

**എൽ. പി വിഭാഗം**

**I. ദേവമാതാ എ. എൽ. പി സ്കൂൾ ആടിക്കൊല്ലി**

8 വിദ്യാർത്ഥികൾ എൽ. എസ്. എസ് സ്കോളർഷിപ്പ് കരസ്ഥമാക്കി. ചാന്ദ്രദിനത്തിൽ മാനവരാശിയുടെ ചരിത്രനേട്ടങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവാന്മാരാക്കി. പത്തിലക്കൂട്ട്-രുചിക്കൂട്ട് പരിപാടി സംഘടിപ്പിച്ചു.

**II. സെന്റ് തോമസ് എൽ. പി സ്കൂൾ അരിഞ്ചേർമല**

കഴിഞ്ഞ വർഷത്തെ നല്ലപാഠം പ്രവർത്തനങ്ങൾക്കുള്ള പുരസ്കാരം ഏറ്റുവാങ്ങി. ദിനാചരണങ്ങൾ വ്യത്യസ്തമായ പരിപാടികളോടെ നടത്തപ്പെട്ടു. എൽ. എസ്. എസ് ജേതാവിനെയും വിമുക്തഭടനെയും സ്വാതന്ത്ര്യദിനാഘോഷ ചടങ്ങിൽവെച്ച് ആദരിച്ചു.

**III. സെന്റ് പോൾസ് എൽ. പി സ്കൂൾ പുതിയിടംകുന്ന്**

ചാന്ദ്രദിനം വിപുലമായ രീതിയിൽ ആചരിച്ചു. വിദ്യാർത്ഥികൾക്കായി നാടൻപാട്ട് പരിശീലനക്കളരി സംഘടിപ്പിച്ചു. സ്കൂൾതല പ്രവർത്തിപരിചയമേള നടത്തപ്പെട്ടു.

**IV. നിർമല എൽ. പി സ്കൂൾ ആലാറ്റിൽ**

ഗോത്രവിഭാഗം വിദ്യാർത്ഥികളുടെ വീടുകളിൽ സന്ദർശനം നടത്തുകയും അവർക്ക് കുടിവെള്ളം ലഭ്യമല്ലെന്നുള്ള കണ്ടെത്തലിനെ തുടർന്ന് ബന്ധപ്പെട്ട അധികാരികൾക്ക് നിവേദനം നൽകുകയും ചെയ്തു. നിർധനരായ വിദ്യാർത്ഥികൾക്ക് കബ്ബ്, ബുൾബുൾ

നല്ലപാഠം എന്നിവയുടെ നേതൃത്വത്തിൽ ഓണക്കോടികൾ സമ്മാനിച്ചു. വിദ്യാർത്ഥികളുടെ വീടുകളിൽനിന്നും ശേഖരിച്ച വിഭവങ്ങൾ ഉൾപ്പെടുത്തി ഓണക്കിറ്റ് തയ്യാറാക്കി വിതരണം ചെയ്തു. വിവിധ ദിനാചരണങ്ങൾ സമുചിതമായി നടത്തപ്പെട്ടു.

**V. എ. എൽ. പി സ്കൂൾ കണിയാരം**

വിദ്യാലയത്തിലെ അധ്യാപകരും വിദ്യാർത്ഥികളും ഒരുമിച്ചു ചേർന്ന് മണിപ്പൂരിൽ ദുരിതമനുഭവിക്കുന്നവർക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചു.

**VI. സെന്റ് തോമസ് എൽ. പി സ്കൂൾ നടവയൽ**

അലിഫ് ടാലന്റ് ടെസ്റ്റിൽ അഭിമാനാർഹമായ വിജയം നേടാൻ കഴിഞ്ഞു. ക്ലാസ്സ്റൂം സൗന്ദര്യവത്കരണത്തിന്റെ ഭാഗമായി വരയ്ക്കുകയും പെയിന്റ് അടിക്കുകയും ചെയ്തു. വിവിധദിനാചരണങ്ങൾ നടത്തപ്പെട്ടു. വായന വസന്തം എന്ന പേരിൽ ലൈബ്രറി നവീകരിച്ചു. ആറ് വിദ്യാർത്ഥികൾ എൽ.എസ്.എസ് സ്കോളർഷിപ്പിന് അർഹരായി. ദീപികയുടെ നേതൃത്വത്തിൽ കളർ ഇന്ത്യ മത്സരം നടത്തി.

**VII. സെന്റ് സെബാസ്ററ്യൻസ് എൽ. പി സ്കൂൾ പോരൂർ**

ദിനാചരണങ്ങൾ സമുചിതമായി സംഘടിപ്പിക്കപ്പെട്ടു. പത്തിലകളുടെ പ്രദർശനം നടത്തി.

**VIII. പ്രൊവിഡൻസ് എൽ. പി സ്കൂൾ വെള്ളൂന്നി**

പഠനോപകരണ ശില്പശാല സംഘടിപ്പിച്ചു. സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് നടത്തി.

**IX. സെന്റ് ജോർജ് എൽ. പി സ്കൂൾ കൊളവയൽ**

വിദ്യാരംഗം കലാസാഹിത്യവേദിയുടെയും വിവിധ ക്ലബ്ബ്കളുടെയും ഉദ്ഘാടനം നിർവഹിച്ചു. സ്കൂൾ ലീഡർ തിരഞ്ഞെടുപ്പ് നടത്തി. വിവിധ ദിനാഘോഷങ്ങൾ വ്യത്യസ്ത പരിപാടികളോടെ നടത്തപ്പെട്ടു. പഠനോപകരണ നിർമാണ ശില്പശാല നടത്തപ്പെട്ടു.വിദ്യാലയത്തിലെ അധ്യാപകരും വിദ്യാർത്ഥികളും ഒരുമിച്ചുചേർന്ന് മണിപ്പൂരിൽ ദുരിതമനുഭവിക്കുന്നവർക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചു. കർക്കിടകത്തിലെ പത്തില തോരൻ വിദ്യാർത്ഥികൾക്ക് തയ്യാറാക്കി കൊടുത്തു.

**X. സെന്റ് മാർട്ടിൻസ് എൽ. പി സ്കൂൾ ഒണ്ടയങ്ങാടി**

വിവിധ ദിനാഘോഷങ്ങൾ വ്യത്യസ്ത പരിപാടികളോടെ നടത്തപ്പെട്ടു. കർക്കിടകത്തിലെ പത്തില തോരൻ വിദ്യാർത്ഥികൾക്ക്

തയ്യാറാക്കി കൊടുത്തു. സ്കൂൾ പാർലമെന്റ് ഇലക്ഷൻ സംഘടിപ്പിച്ചു .

**XI. സെന്റ് സെബാസ്റ്റ്യൻസ് എൽ. പി സ്കൂൾ വാഴവറ്റ**

വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളുടെയും വീടുകൾ സന്ദർശിച്ചു. പത്തില പ്രദർശനം നടത്തുകയും ഇലക്കറികളുടെ പ്രാധാന്യം വിശദീകരിക്കുകയും ഹരിത ക്ലബ്ബിന്റെ നേതൃത്വത്തിൽ പച്ചക്കറിത്തോട്ടം വിപുലപ്പെടുത്തുകയും ചെയ്തു.

**XII. സെന്റ് ജോർജ് എൽ. പി സ്കൂൾ അമ്പായത്തോട്**

ദേശീയ നീതിവേദി നൽകിയ പഠനോപകരണങ്ങൾ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തു. 'വാങ്മയം 2023' പ്രതിഭാപരീക്ഷ നടത്തുകയും വിജയിയെ തിരഞ്ഞെടുക്കുകയും ചെയ്തു. വ്യത്യസ്തമായ പരിപാടികളോടെ ദിനാചരണങ്ങൾ നടത്തപ്പെട്ടു.

**XIII. സെന്റ് സെബാസ്ററ്യൻസ് എൽ. പി സ്കൂൾ ഏലപ്പീടിക**

ബഷീർദിനം, ചാന്ദ്രദിനം എന്നിവ വ്യത്യസ്തങ്ങളായ പരിപാടികളോടെ നടത്തപ്പെട്ടു.

**XIV. സി. കെ. എ. എൽ. പി സ്കൂൾ മണിമൂളി**

വിവിധ ദിനാചരണങ്ങൾ വിപുലമായി നടത്തി.

**യു. പി വിഭാഗം**

**I .സെന്റ് തോമസ് യു. പി സ്കൂൾ തവിഞ്ഞാൽ**

സ്കൂൾ പാർലമെന്റ് ഇലക്ഷനും സത്യപ്രതിജ്ഞ ചടങ്ങും സംഘടിപ്പിച്ചു. വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങളാൽ ചന്ദ്രദിനം ആഘോഷിച്ചു. സചിത്ര പുസ്തകം പഠനോപകരണ നിർമാണ ശില്പശാല സംഘടിപ്പിച്ചു. സ്കൂൾതല മേളകൾ നടത്തുകയും വിജയികളെ കണ്ടെത്തുകയും ചെയ്യു. പൊതുജനങ്ങൾക്കും രക്ഷിതാക്കൾക്കുമായി സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. വാങ്മയം പരീക്ഷ വിജയികൾക്ക് സമ്മാനങ്ങൾ നൽകി.

**II. സെന്റ് ആന്റണീസ് യു. പി സ്കൂൾ കോട്ടത്തറ**

സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് നടത്തി. കുട്ടകളുടെ ഭാവി പഠനത്തിന് സഹായകരമാവുകയെന്ന ലക്ഷ്യത്തോടെ ജർമൻ ഭാഷയുടെ അടിസ്ഥാനക്ലാസ്സുകൾ ആരംഭിച്ചു.

**III. സെന്റ് തോമസ് എ. യു. പി സ്കൂൾ ഇടിവണ്ണ**

ചാന്ദ്രദിനം സമുചിതമായി ആചരിച്ചു.

**IV. സെന്റ് മേരീസ് എ. യു. പി സ്കൂൾ കബനിഗിരി**

ദിനാചരണങ്ങൾ സമുചിതമായി നടത്തപ്പെട്ടു. ബത്തേരി ഉപജില്ലാതല സംസ്കൃതരാമായണ പ്രശ്നോത്തരി മത്സരത്തിൽ A ഗ്രേഡ് കരസ്ഥമാക്കി. സ്വാതന്ത്ര്യദിന പരിപാടികളുടെ ഭാഗമായി മത്സരങ്ങൾ നടത്തി.

**V. അസംപ്ഷൻ എ. യു. പി സ്കൂൾ ബത്തേരി**

വയനാട് ജില്ലയ്ക്ക് അഭിമാനമായി അഞ്ച് Gifted കുട്ടികളടക്കം 12 വിദ്യാർത്ഥികൾ യു. എസ്. എസ് സ്കോളർഷിപ്പും 7 വിദ്യാർത്ഥികൾ എൽ. എസ്.എസ് സ്കോളർഷിപ്പും കരസ്ഥമാക്കി. ബത്തേരി മുനിസിപ്പിലാറ്റിയുടെ പ്രതിഭാനിർണയ പരീക്ഷയിൽ വിദ്യാർത്ഥികൾ വിജയം നേടി. ദിനാചരണങ്ങളുടെ ഭാഗമായി വിവിധ പ്രവർത്തനങ്ങൾ നടന്നുവരുന്നു. രക്തദാന സന്ദേശം പ്രചരിപ്പിക്കുകയെന്ന ലക്ഷ്യവുമായി ബ്ലഡ് ഡോണേഴ്സ് ആർമി രൂപീകരിച്ചു. രാമായണമാസത്തോടനുബന്ധിച്ചു സംസ്കൃത വിദ്യാർത്ഥികൾക്കായി മത്സരങ്ങൾ സംഘടിപ്പിച്ചു. ദീപിക ഇന്ത്യ പെയിന്റിങ് മത്സരത്തിൽ അഞ്ഞൂറോളം വിദ്യാർത്ഥികൾ പങ്കെടുത്തു. സ്കൂൾ പാർലമെന്റ് ഇലക്ഷൻ നടത്തി. മലയാളമനോരമ നല്ലപാഠം പ്രവർത്തനങ്ങൾക്ക് ജില്ലാതലത്തിൽ ഒന്നാം സ്ഥാനവും സംസ്ഥാന തലത്തിൽ മൂന്നാം സ്ഥാനവും ലഭിച്ചു.

**VI. സെന്റ് തോമസ് എ. യു. പി സ്കൂൾ മുള്ളൻകൊല്ലി**

സ്കൂൾ പാർലമെന്റ് ഇലക്ഷൻ സംഘടിപ്പിച്ചു. 2023-24 വർഷത്തെ അക്കാദമിക മാസ്റ്റർ പ്രകാശനം ചെയ്തു. ബത്തേരി ഉപജില്ലാ അലിഫ് ടാലന്റ് ടെസ്റ്റിൽ വിജയം നേടി. മണിപ്പൂർ ജനതയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് അധ്യാപകരും അനധ്യാപകരും ചേർന്ന് പ്രതിഷേധം സംഘടിപ്പിച്ചു . രക്ഷിതാക്കൾക്കായി സചിത്ര പുസ്തക നിർമാണ ശില്പശാല സംഘടിപ്പിച്ചു. വിദ്യാലയത്തിലെ അഞ്ചു വിദ്യാർത്ഥികൾ എൽ.എസ്. എസ് സ്കോളർഷിപ്പും മൂന്ന് വിദ്യാർത്ഥികൾ യു. എസ് സ്കോളർഷിപ്പും കരസ്ഥമാക്കി .

**VII. അമ്പായത്തോട് യു. പി സ്കൂൾ**

ഹെൽത്ത് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ലഹരിവിമുക്ത ക്യാമ്പയിൻ സംഘടിപ്പിച്ചു. വ്യത്യസ്ത ദിനാചരണങ്ങൾ വിപുലമായി ആചരിച്ചു. വിദ്യാരംഗം കലാസാഹിത്യവേദി സ്കൂൾതല മത്സരങ്ങൾ സംഘടിപ്പിച്ചു.

**VIII. സെന്റ് ആന്റണീസ് യു. പി സ്കൂൾ പഴൂർ**

വിദ്യാർത്ഥികളുടെ സാഹിത്യ അഭിരുചി വളർത്തുന്നതിനായി അക്ഷര പൂക്കൂട പദ്ധതിക്ക് തുടക്കമായി. JRC ടീം രൂപീകരിച്ചു. പാടശേഖരം സന്ദർശിച്ചുകൊണ്ട് പരമ്പരാഗത നെൽവിത്തുകൾ സൂക്ഷിക്കുന്ന കർഷകരുമായി ചർച്ച നടത്തി. ഗോത്രവിഭാഗം കോളനികളിൽ മഴക്കാലരോഗ ബോധവൽക്കരണം നടത്തി. ഏഴ് വിദ്യാർത്ഥികൾ എൽ. എസ്. എസ് സ്കോളർഷിപ്പിന് അർഹരായി. ഒരു വിദ്യാർത്ഥി യു. എസ്. എസ് നേടി. Gifted വിഭാഗത്തിന് അർഹനായി.

**IX. സെന്റ് ജോസഫ്സ് യു. പി സ്കൂൾ കല്ലോടി**

വ്യത്യസ്തങ്ങളായ പരിപാടികളോടെ ദിനാചരണങ്ങൾ സംഘടിപ്പിക്കപ്പെട്ടു. രക്ഷിതാക്കൾക്കായി പഠനോപകരണ നിർമാണ ശില്പശാല സംഘടിപ്പിച്ചു. മുഴുവൻ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി കഥാരചന സംഘടിപ്പിച്ചു. സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിച്ചു. പൊതുവിദ്യാഭ്യാസവകുപ്പിന്റെ പ്രതിഭാ നിർണയ പരീക്ഷ നടത്തി. എൽ. എസ്. എസ് സ്കോളർഷിപ്പിന് 2 വിദ്യാർത്ഥികളും യു. എസ്. എസ് സ്കോളർഷിപ്പിന് മൂന്ന് വിദ്യാർത്ഥികളും അർഹരായി.

**X. സെന്റ് മേരീസ് എ. യു. പി സ്കൂൾ തരിയോട്**

അധ്യാപകരും വിദ്യാർത്ഥികളും ഒരുമിച്ചുചേർന്ന് മണിപ്പൂരിൽ ദുരിതമനുഭവിക്കുന്നവർക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചു. പുസ്തകം പോലെ ജീവിതം, ഒരു പുസ്തകം പരിപാടികൾക്ക് തുടക്കമായി. സ്കൂൾതല ശാസ്ത്രോത്സവം നടത്തി. കമ്മ്യൂണിക്കേറ്റിവ് ഇംഗ്ലീഷ് പ്രോഗ്രാം ആരംഭിച്ചു. 6 വിദ്യാർത്ഥികൾ യു. എസ്. എസ് സ്കോളർഷിപ്പും 2 വിദ്യാർത്ഥികൾ എൽ. എസ് .എസ് സ്കോളർഷിപ്പും കരസ്ഥമാക്കി .

**XI. സെന്റ് സെബാസ്റ്റ്യൻസ് യു. പി സ്കൂൾ പാടിച്ചിറ**

വിവിധ ദിനാചരണങ്ങൾ വ്യത്യസ്ത പരിപാടികളോടെ നടത്തപ്പെട്ടു. ഇംഗ്ലീഷ് ക്ലബ്ബിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്കായി വിവിധ ചാർട്ടുകൾ നിർമിച്ചു. ജില്ലാതല ജ്യോതിശാസ്ത്ര ക്വിസ്സ് മത്സരത്തിലും ഉപജില്ലാതല കൊളാഷ് നിർമാണ മത്സരത്തിലും വിജയം നേടി. വാങ്മയം ഭാഷ സാഹിത്യ വിജ്ഞാന പരീക്ഷ നടത്തപ്പെട്ടു. എൽ. എസ്. എസ് സ്കോളർഷിപ്പിന് 1 വിദ്യാർ

ത്ഥിയും യു. എസ്. എസ് സ്കോളർഷിപ്പിന് മൂന്ന് വിദ്യാർത്ഥികളും അർഹരായി.

**XII. എ. യു. പി സ്കൂൾ ദ്വാരക**

വിവിധ ദിനാഘോഷങ്ങൾ വ്യത്യസ്ത പരിപാടികളോടെ നടത്തപ്പെട്ടു. ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനായി വാട്ടർ പ്യൂരിഫയർ സ്ഥാപിച്ചു. കഴിഞ്ഞ വർഷത്തെ നല്ലപാഠം പ്രവർത്തനങ്ങൾക്കുള്ള പുരസ്കാരം ഏറ്റുവാങ്ങി .

**XIII. സെന്റ് ജോസഫ്സ് ടി. ടി. ഐ മാനന്തവാടി**

വിവിധ ദിനാചരണങ്ങൾ സംഘടിച്ചു. സ്കൂൾ പാർലമെന്റ് ഇലക്ഷൻ നടത്തി. എസ്. ജെ ടി.ടി.ഐ 91.5 റേഡിയോ പ്രവർത്തനമാരംഭിച്ചു.വിവിധ മേളകൾ നടത്തപ്പെട്ടു.

**ഹൈസ്കൂൾ വിഭാഗം**

**I. ഫാ. ജി. കെ. എം ഹൈസ്കൂൾ കണിയാരം**

വിവിധ ദിനാചരണങ്ങൾ വ്യത്യസ്ത പരിപാടികളോടെ നടത്തപ്പെട്ടു. വിവിധ മേളകൾ സംഘടിപ്പിച്ചു.സുബ്രതോ കപ്പ് ഫുട്ബോൾ ടൂർണമെന്റിൽ വിദ്യാലയം ഒന്നാം സ്ഥാനം കരസ്ഥമാക്കി.

**II സെന്റ് തോമസ് ഹൈസ്കൂൾ നടവയൽ**

വിവിധ മേളകൾ നടത്തപ്പെട്ടു. ദിനാചരണങ്ങൾ വിവിധ പരിപാടികളോടെ നടത്തപ്പെട്ടു. ആരോഗ്യവകുപ്പുമായി ചേർന്ന് നടത്തിയ കൊളാഷ് മത്സരത്തിൽ വിദ്യാർത്ഥികൾ വിജയം കൈവരിച്ചു. ഏഴ് വിദ്യാർത്ഥികൾ യു. എസ്. എസ് സ്കോളർഷിപ്പ് നേടുകയും അതിൽ മൂന്ന് വിദ്യാർത്ഥികൾ Gifted സ്റ്റുഡന്റ്സ് ആയി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. സംസ്ഥാന ജൂനിയർ ഫുട്ബോൾ ചാമ്പ്യൻഷിപ്പ്, ദേശീയ കളരിപ്പയറ്റ് എന്നിവയിൽ അഭിമാനാർഹമായ നേട്ടങ്ങൾ ലഭിച്ചു.

**III. സെന്റ് കാതറൈൻസ് ഹൈസ്കൂൾ പയ്യമ്പള്ളി**

ദിനാചരണങ്ങൾ വ്യത്യസ്ത പരിപാടികളോടെ നടത്തപ്പെട്ടു . വിദ്യാലയതലത്തിലുള്ള വിവിധ മേളകൾ നടത്തി.

**IV. സെന്റ് ജോസഫ്സ് ഹൈസ്കൂൾ കല്ലോടി**

വിവിധ ദിനാചരണങ്ങൾ സംഘടിപ്പിച്ചു. സ്കൂൾതലമേളകൾ സംഘടിപ്പിച്ചു. വയനാട് ജില്ലാ ജൂഡോ ചാമ്പ്യൻഷിപ്പിൽ വിജയങ്ങൾ കരസ്ഥമാക്കി.

**V. ഐ. ജെ. എം ഹയർസെക്കണ്ടറി സ്കൂൾ കൊട്ടിയൂർ**

ലിറ്റിൽ കൈറ്റ്സ് ക്യാമ്പ് നടത്തപ്പെട്ടു. ആരോഗ്യവകുപ്പുമായി ചേർന്നുകൊണ്ട് വിദ്യാർത്ഥികൾക്ക് ലഹരിവിരുദ്ധ ബോധവത്കരണ ക്ലാസ് നൽകി. വിദ്യാർഥികളിലെ പൊതുവിജ്ഞാനം വളർത്തുന്നതിനായി എക്സലൻസി പ്രോഗ്രാം ആരംഭിച്ചു. വാങ്മയം ഭാഷ സാഹിത്യ വിജ്ഞാന പരീക്ഷ നടത്തപ്പെട്ടു. വിദ്യാരംഗം കലാസാഹിത്യമത്സരങ്ങൾ നടത്തി. സ്കൗട്ട് ആൻഡ് ഗൈഡ്സ് സ്കാർഫ് ഡേ ആചരിച്ചു. സ്നേഹഹസ്തം പരിപാടിയുടെ ഭാഗമായി വിദ്യാർഥികളിൽനിന്നും വിവിധ വസ്തുക്കൾ ശേഖരിച്ചു . എസ്. പി. സി യുടെ പ്രവർത്തനങ്ങളുടെ ഭാഗമായി പാഥേയം എന്ന പേരിൽ പൊതിച്ചോറ് നൽകി. വിവിധ മേളകൾ നടത്തി. വിദ്യാരംഗം കലാസാഹിത്യവേദിയുടെ മത്സരങ്ങളിൽ വിദ്യാർത്ഥികൾ പങ്കെടുത്തു. ഇന്റർ സ്കൂൾ സ്വാതന്ത്ര്യസമര ക്വിസ്സിൽ മൂന്നാം സ്ഥാനം നേടി.

**VI. നിർമ്മല ഹൈസ്കൂൾ കബനിഗിരി**

ലഹരിവിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾ 1000 സന്ദേശക്കത്തുകൾ തയ്യാറാക്കി അയക്കുകയും വെളിച്ചം എന്ന പേരിൽ അയൽക്കൂട്ടങ്ങളിൽ ലഹരിവിരുദ്ധസന്ദേശം നൽകുകയും ചെയ്തു. സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിച്ചു. ക്ലാസ് പി. ടി. എ വിളിച്ചുചേർത്തു. വിവിധ ദിനാചരണങ്ങൾ വിപുലമായി നടത്തി. ലിറ്റിൽ കൈറ്റ്സ് പ്രീലിമിനറി ക്യാമ്പ് നടത്തി.

**VII. സി. കെ. എച്ച്. എസ് മണിമൂളി**

വിദ്യാലയത്തിന്റെ സുരക്ഷാ മുൻനിർത്തി CCTV സ്ഥാപിച്ചു. വിദ്യാർത്ഥികൾക്കായി വ്യക്തിത്വവികസന ക്ലാസ് സംഘടിപ്പിച്ചു. നിർധനരായ വ്യക്തികൾക്കായി വസ്ത്രശേഖരണം നടത്തി.

**VIII. അസംപ്ഷൻ ഹൈസ്കൂൾ ബത്തേരി**

വിവിധ മേളകൾ നടത്തപ്പെട്ടു. വിവിധ ദിനാചരണങ്ങൾ വിപുലമായി നടത്തി.

**ഹയർസെക്കണ്ടറി വിഭാഗം**

**I. സെന്റ് ജോസഫ്സ് ഹയർസെക്കണ്ടറി സ്കൂൾ കല്ലോടി**

ഒന്നും രണ്ടും വർഷ വിദ്യാർത്ഥികൾക്കായി പോക്സോ നിയമങ്ങളെക്കുറിച്ചുള്ള ബോധവത്കരണം നടത്തി. കരിയർ ഗൈഡൻസിന്റെയും ഫയർ ആൻഡ് സേഫ്റ്റിയുടെയും ക്ലാസുകൾ നടത്തി.

**II. സെന്റ് കാതറൈൻസ് ഹയർസെക്കണ്ടറി സ്കൂൾ പയ്യമ്പള്ളി**

അക്ഷര തെളിമ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം വിദ്യാലയത്തിൽവെച്ചു നടത്തപ്പെട്ടു.

**III. സെന്റ് തോമസ് ഹയർസെക്കണ്ടറി സ്കൂൾ നടവയൽ**

ചാരിറ്റി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ കിഡ്നി മാറ്റിവെയ്ക്കൽ ശസ്ത്രക്രിയയ്ക്കുള്ള ധനസഹായം നൽകി. സ്കൂൾ കലോത്സവം നടത്തി. വിവിധ ദിനാചരണങ്ങൾ ആഘോഷപൂർവം നടത്തപ്പെട്ടു. വിദ്യാർത്ഥികൾക്കായി ലഹരിവിരുദ്ധ അവബോധന സെമിനാർ നടത്തി.

**IV. ഫാ. ജി. കെ. എം ഹയർസെക്കണ്ടറി സ്കൂൾ കണിയാരം**

പി. ടി. എ ഭാരവാഹികളെ തിരഞ്ഞെടുത്തു. പോക്സോ നിയമങ്ങളെക്കുറിച്ച് ബോധവത്കരണക്ലാസ്സ് നടത്തി. വിവിധ ക്ലബ്ബ്കളുടെ പ്രവർത്തനത്തിന്റെ ഭാഗമായി പൊതിച്ചോർ വിതരണം ചെയ്തു.

2022-23 അധ്യയനവർഷത്തെ എൽ. എസ്. എസ്, യു. എസ്. എസ് സ്കോളർഷിപ്പ് പരീക്ഷയിൽ മികവാർന്ന വിജയങ്ങൾ കൈവരിച്ച വിദ്യാർത്ഥികൾക്കും വിദ്യാലയങ്ങൾക്കും അഭിനന്ദനങ്ങൾ. അക്കാദമിക അക്കാദമികേതര മേഖലകളിൽ വിദ്യാലയങ്ങളുടെ യശസ്സുയർത്താൻ എല്ലാ വിദ്യാർത്ഥികൾക്കും അതിനായി അവരെ പ്രാപ്തരാക്കാൻ അധ്യാപകർക്കും കഴിയട്ടെ.

സ്നേഹപൂർവ്വം,

**ഫാ. സിജോ ഇളംകുന്നപ്പുഴ**
കോർപ്പറേറ്റ് മാനേജർ

# Bishop's Programme



**September 2023**

01 Friday:.................FEDAR Meeting

04 Mon- 05 Tue:.......Kunnoth: Class

06 Wednesday:........Dwaraka: H M Conference

07 Thursday:............Dwaraka: Presbyteral Council

09 Saturday:.............WSSS: Jubilee Inauguration

10 Sunday:................Morning: Cathedral: Sapthathi Inauguration
Afternoon -15 Fri: Priests' Retreat

13 Wednesday:.........Ondayangady: Blessing of School

16 Saturday:.............Mary Matha Governing Body

17 Sun -22 Fri:........ Priests' Retreat

# Auxiliary Bishop's Programme

*1 September 2023 - 12 October 2023:........Abroad*